# പഞ്ചായത്ത്‌രാജ്

പുസ്തകം 49 ◆ ലക്കം 8

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

നവംബർ 2009

## ഗ്രീൻകേരള എക്സ്പ്രസ്സ്



REAL AS NEVER BEFORE

**ഇന്ത്യൻ ടെലിവിഷൻ ചരിത്രത്തിലെ ആദ്യത്തെ സോഷ്യൽ റിയാലിറ്റി ഷോ**

സുസ്ഥിര വികസന മാതൃകകൾ തേടി. . . .

'നമ്മുടെ പഞ്ചായത്ത്
ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'



- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

**നമ്മുടെ ലക്ഷ്യം**
**മാലിന്യമുക്ത കേരളം**



പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

# ഉള്ളടക്കം





5 എഡിറ്ററുടെ പേജ്


6 ഗ്രീൻ കേരള എക്സ്പ്രസ്സ്
ഇന്ത്യൻ ടെലിവിഷൻ ചരിത്രത്തിലെ ആദ്യ സോഷ്യൽ റിയാലിറ്റി ഷോ
ജി. സാജൻ

8 റിയാലിറ്റി ഷോ
സാമൂഹിക വിലയിരുത്തലിന്
പ്രൊഫ. പി.കെ. രവീന്ദ്രൻ

10 നമസ്ക്കാരം പറഞ്ഞാൽ മതി
ഡോ. എഴുമറ്റൂർ രാജരാജവർമ്മ

12 നാട്ടുമൊഴിയും സ്ഥലനാമങ്ങളും
ഡോ. വിളക്കുടി രാജേന്ദ്രൻ

16 തൊഴിലും വീടും ജനകീയ ക്യാമ്പയിൻ: ജനഹൃദയങ്ങളിലേയ്ക്ക്
പ്രൊഫ. എൻ. രമാകാന്തൻ


20 ജൈവ വൈവിധ്യ സംരക്ഷണം
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്
എൻ. സുരാജ്





24 ജലവിഭവ ഭൂപടങ്ങളും ജലസംരക്ഷണവും
വി. സുഭാഷ്ചന്ദ്രബോസ്





26 മദ്യവും മയക്കുമരുന്നുകളും
മാനവ സമൂഹത്തിന്റെ ദുരന്തം

28 അധികാര വികേന്ദ്രീകരണ ചർച്ചാ വേദിയിൽ നിന്ന്
ഡോ.ജോയ് ഇളമൺ

30 കേരള പഞ്ചായത്ത് രാജ് നിയമം 2009ലെ ഭേദഗതികൾ
പ്രശാന്ത് കുമാർ

33 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി: മണ്ണഞ്ചേരി മാതൃക
ബി.എം. ബിയാസ്

34 മതിലുകൾ
(കവിത) ശശി മാവിൻമൂട്

34 നവംബർ
നീ വരാതിരുന്നെങ്കിൽ........
(മിനികഥ) സുനിൽ കെ.ജി അട്ടപ്പാടി





35 നീർത്തട പ്രവർത്തനങ്ങളിൽ മാതൃകയായി മടിക്കൈ ഗ്രാമപഞ്ചായത്ത്
എം. രാജൻ

38 ഞാൻ കണ്ട ഡൽഹി
റോയ് ചാക്കോ ഇളമണ്ണൂർ

40 അമൃതം: കുടുംബശ്രീയുടെ പൂരകപോഷകാഹാരം
ജെസി നാരായണൻ

41 തൃത്താല ബ്ലോക്ക് പഞ്ചായത്തിന്റെ മരവും വീടും
എം.കെ. പ്രദീപ്

42 വാർത്തകൾ വിശേഷങ്ങൾ

# കത്തുകൾ




### വിശദമായി അറിയുവാൻ സഹായിച്ചു

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടത്തുന്ന തൊഴിലും വീടും ജനകീയ ക്യാമ്പയിൻ പരിപാടിയുടെ ഓരോ ഘടകങ്ങളെയും കുറിച്ച് വിശദമായി അറിയുവാൻ ഒക്ടോബർ ലക്കം പഞ്ചായത്ത് രാജ് മാസിക സഹായിച്ചു. ഇ.എം.എസ് ഭവന പദ്ധതി സംബന്ധിച്ച സംശയനിവാരണവും നന്നായി. അതുപോലെ പഞ്ചായത്തുകൾ നടത്തുന്ന വിവിധ പദ്ധതികളെക്കുറിച്ച് ഓരോ ലക്കത്തിലും സംശയനിവാരണം നടത്തിയാൽ നന്നായിരുന്നു. കഴിഞ്ഞ രണ്ട് ലക്കങ്ങളായി പ്രസിദ്ധീകരിച്ച എച്ച്1 എൻ1 പനിയെക്കുറിച്ചുള്ള ലേഖനവും പന്നിപനിയെക്കുറിച്ചുള്ള ഭീതി മാറ്റാൻ സഹായകമായി എന്ന വിവരവും അറിയിക്കുന്നു.

*രവീന്ദ്രൻ പി.*
*കാർത്തിക, സീതത്തോട്*

### കൂടുതൽ മെച്ചപ്പെട്ട അക്കൗണ്ടിംഗ് സമ്പ്രദായം

ത്രിതല പഞ്ചായത്തുകളിൽ നിലവിലുള്ള അക്കൗണ്ടിംഗ് രീതി മാറുമെന്നും അക്രൂവൽ അടിസ്ഥാനത്തിലുള്ള കൂടുതൽ മെച്ചപ്പെട്ട അക്കൗണ്ടിംഗ് സമ്പ്രദായം നിലവിൽ വരുമെന്നും ഉദയഭാനു കണ്ടേത്തിന്റെ ലേഖനത്തിൽ നിന്നും മനസ്സിലാകുന്നു. അതിനാൽ ഇതു സംബന്ധിച്ച കൂടുതൽ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുമെന്ന് കരുതട്ടെ. കുടുംബശ്രീ മുന്നേറ്റത്തെപ്പറ്റിയുള്ള ലേഖനപരമ്പര മറ്റ് കുടുംബശ്രീ പ്രവർത്തകർക്ക് ഉന്മേഷവും ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും സഹായകരമാണ്. സെപ്റ്റംബർ ലക്കം മാസികയിലെ 'ഗ്രാമങ്ങളും പ്രാദേശിക ചരിത്ര ലേഖനം' എന്ന രചനയും നന്നായിരുന്നു.

*അഭിലാഷ്*
*കളത്തിൽപറമ്പ്, ദേശമംഗലം*

## കേന്ദ്രമന്ത്രി സി.പി. ജോഷിയും സംഘവും കേരളം സന്ദർശിച്ചു

കേന്ദ്ര പഞ്ചായത്തീരാജ് - ഗ്രാമവികസന വകുപ്പ് മന്ത്രി ഡോ. സി.പി. ജോഷിയും സംഘവും കേരളം സന്ദർശിച്ചു. ഒക്ടോബർ 26 ന് തിരുവനന്തപുരത്ത് കേന്ദ്രാവിഷ്കൃത പദ്ധതി അവലോകന യോഗത്തിൽ സംസാരിക്കവെ കേരളത്തിൽ നടക്കുന്ന വികേന്ദ്രീകൃതാസൂത്രണ പ്രവർത്തനങ്ങളെയും കുടുംബശ്രീ പ്രസ്ഥാനത്തെയും അദ്ദേഹം പ്രകീർത്തിച്ചു. കേരളത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന കേന്ദ്ര പദ്ധതികൾ നടപ്പാക്കുന്നതിൽ അദ്ദേഹം സംതൃപ്തി പ്രകടിപ്പിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി കേന്ദ്രാവിഷ്കൃത പരിപാടികൾ കേരളത്തിൽ നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന പ്രായോഗിക വൈഷമ്യങ്ങൾ കേന്ദ്ര മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. കേരള സാഹചര്യങ്ങൾക്കനുസരിച്ച് ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്രം അനുമതി നൽകണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. കേന്ദ്രമന്ത്രിയോടൊപ്പം കേന്ദ്ര ഗ്രാമവികസന മന്ത്രാലയം സെക്രട്ടറി ഡോ. റീത്ത ശർമ്മ IAS, പഞ്ചായത്തീരാജ് മന്ത്രാലയം അഡീഷണൽ സെക്രട്ടറി സുധീർകൃഷ്ണ IAS, കേന്ദ്ര ഭൂവിഭവ വകുപ്പ് അഡീഷണൽ സെക്രട്ടറി ഡോ. ചിന്മയ് ബസു IAS, ഗ്രാമവികസന മന്ത്രാലയം ജോയിന്റ് സെക്രട്ടറി ഡോ. ധർമ്മേന്ദ്ര സിംഗ് ഗാംഗ്വാർ IAS, കേന്ദ്രമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി രാജീവ് സിംഗ് താക്കൂർ IAS, കുടിവെള്ള വിതരണ വകുപ്പ് ഡയറക്ടർ ഭരത്ലാൽ എന്നിവരും സംഘത്തിലുണ്ടായിരുന്നു. അന്നേ ദിവസം ഉച്ചയ്ക്ക് ശേഷം കേന്ദ്രമന്ത്രിയും സംഘവും തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ ഗ്രാമപഞ്ചായത്ത് സന്ദർശിച്ച് വികേന്ദ്രീകൃതാസൂത്രണ പ്രവർത്തനങ്ങൾ നേരിൽകണ്ട് മനസ്സിലാക്കി. പഞ്ചായത്ത് ജനപ്രതിനിധികളോടും ഉദ്യോഗസ്ഥരോടും ആശയ വിനിമയം നടത്തിയ അദ്ദേഹം പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളും കുടുംബശ്രീ യൂണിറ്റുകളും ഇന്ദിരാ ആവാസ് യോജന വീടുകളും സന്ദർശിച്ചു.




*തിരുവനന്തപുരത്ത് നടന്ന പഞ്ചായത്തീരാജ് - കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അവലോകന യോഗത്തിൽ കേന്ദ്ര മന്ത്രി ഡോ. സി.പി. ജോഷി സംസാരിക്കുന്നു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി സമീപം.*



*കേന്ദ്ര മന്ത്രി ഡോ. സി.പി. ജോഷി തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ ഗ്രാമപഞ്ചായത്ത് സന്ദർശിച്ചപ്പോൾ.*

എഡിറ്ററുടെ പേജ്


**പഞ്ചായത്ത് രാജ്**

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

നവംബർ 2009

പുസ്തകം 49

ലക്കം 8

വാർഷിക വരിസംഖ്യ: 120 രൂപ

www.lsg.kerala.gov.in



**ഉപദേശക സമിതി**

ചെയർമാൻ

**പാലോളി മുഹമ്മദ്കുട്ടി**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ

**എസ്.എം. വിജയാനന്ദ്**, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്

**എം. നന്ദകുമാർ** ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**കെ. നാരായണൻ**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**സി.എസ്. ബിജു**
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

**ജി. ഹരികൃഷ്ണൻ**
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ

**കെ. ആർ. മുരളീധരൻ** ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ



എഡിറ്റർ

**കെ. ആർ. മുരളീധരൻ** ഐ.എ.എസ്.
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
**ജി. ഹരികൃഷ്ണൻ**
e-mail: pub.off@gmail.com
Ph: 0471-2321053



കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്



ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.



**മേൽവിലാസം**

എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.


# മലയാളഭാഷ: ആത്മപരിശോധന വേണം

കേരള പിറവി ദിനവും മലയാള ഭാഷാവാരാഘോഷവുമായി ബന്ധപ്പെട്ട ശില്പശാലകളും ചർച്ചകളുമായി വീണ്ടും ഒരു നവംബർ മാസം കൂടി കടന്നുപോവുകയാണ്. ഭാഷാടിസ്ഥാനത്തിൽ കേരളസംസ്ഥാനം രൂപവൽകൃതമായതു മുതൽ ഭരണഭാഷ മലയാളമാക്കുന്നത് സംബന്ധിച്ച ചർച്ചകൾ ആരംഭിച്ചിരുന്നു. 1957 ൽ ഇ.എം.എസ് മന്ത്രിസഭ ഭരണഭാഷ സംബന്ധിച്ച് ശുപാർശ നൽകാൻ നിയമിച്ച കോമാട്ടിൽ അച്യുതമേനോൻ അദ്ധ്യക്ഷനായ കമ്മിറ്റി ഏഴുവർഷത്തിനകം ഭരണഭാഷ മലയാളമാക്കി മാറ്റണമെന്ന് ശുപാർശ ചെയ്തു. ജനങ്ങളുമായി ഏറ്റവുമധികം സമ്പർക്കമുള്ള വകുപ്പുകൾ എന്ന നിലയിൽ തദ്ദേശസ്വയംഭരണം, റവന്യൂ, തൊഴിൽ തുടങ്ങിയ 17 വകുപ്പുകളിൽ ഭരണ സംബന്ധമായ എല്ലാ എഴുത്തുകുത്തുകളും ഉടൻ മലയാളത്തിലാക്കി മാറ്റാൻ കമ്മിറ്റി ശുപാർശ ചെയ്തു. പൊതുമരാമത്ത്, വിദ്യുച്ഛക്തി, ആരോഗ്യം തുടങ്ങിയ സാങ്കേതിക സ്വഭാവമുള്ള വകുപ്പുകളിൽ പ്രാമാണിക രേഖകൾ വിവർത്തനം ചെയ്യുന്നതിനു വേണ്ടി ഒരു വർഷത്തെ സാവകാശം അനുവദിക്കണമെന്നും കമ്മിറ്റി അഭിപ്രായപ്പെട്ടിരുന്നു. റിപ്പോർട്ട് സമർപ്പിച്ച് അരനൂറ്റാണ്ട് പിന്നിട്ടിരിക്കുന്നു. ഇന്ന് സർക്കാരിന്റെ 69 വകുപ്പുകളിലും സെക്രട്ടറിയേറ്റിലെ അവയുടെ ഭരണവകുപ്പുകളിലും 10 പൊതുമേഖലാ സ്ഥാപനങ്ങളിലും 23 സ്വയംഭരണ സ്ഥാപനങ്ങളിലും പി.എസ്.സി, ലോകായുക്ത, വനിതാ കമ്മിഷൻ, ഓംബുഡ്സ്മാൻ, കേരള പിന്നാക്ക വിഭാഗ കമ്മിഷൻ എന്നിവിടങ്ങളിലും ഭരണഭാഷ മലയാളമാക്കിയിട്ടുണ്ട്. ഇക്കാലയളവിൽ ഭരണഭാഷാ മാറ്റത്തിൽ വളരെയധികം മുന്നോട്ടുപോകുവാൻ കഴിഞ്ഞുവെങ്കിലും ലക്ഷ്യത്തിൽ എത്താൻ കഴിഞ്ഞുവോയെന്ന കാര്യം ആത്മപരിശോധന അർഹിക്കുന്നു.

ജനങ്ങളോട് ഏറ്റവും അടുത്ത് പ്രവർത്തിക്കുന്ന ഭരണ കേന്ദ്രങ്ങൾ എന്ന നിലയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണഭാഷ പൂർണ്ണമായും മലയാളീകരിക്കേണ്ടത് ജനാധിപത്യവ്യവസ്ഥയുടെ അടിസ്ഥാന ശിലയായ ഭരണസുതാര്യത ഉറപ്പുവരുത്തുന്നതിന് അത്യന്താപേക്ഷിതമാണ്. ജനങ്ങൾക്കുവേണ്ടി ജനങ്ങൾ നടത്തുന്ന ഭരണം ജനങ്ങളുടെ ഭാഷയിൽ തന്നെയാകണം. എങ്കിൽ മാത്രമേ ഭരണത്തിന്റെ സദ്ഫലങ്ങൾ അനുഭവിച്ചറിയുവാനും ഭരണരംഗത്തെ തെറ്റും ശരിയും തിരിച്ചറിഞ്ഞ് ചോദ്യം ചെയ്യപ്പെടാനും കഴിയുകയുള്ളു. പ്രാദേശിക ഭരണരംഗത്ത് പൊതുമരാമത്ത് പ്രവൃത്തികളുടെ അടങ്കൽ തയ്യാറാക്കുന്നതുൾപ്പെടെയുള്ള വിവിധ മേഖലകളിൽ ഭാഷാമാറ്റം ഉണ്ടാകേണ്ടതുണ്ട്. ജനാധിപത്യ അധികാരവികേന്ദ്രീകരണത്തെ ബലപ്പെടുത്തുന്നതിന് ഇത് അനിവാര്യമാണ്.

ഭാരതത്തിലെ വിവിധ ഭാഷകളുടെയും ഭിന്നസംസ്കാരങ്ങളുടെയും സ്വതന്ത്രമായ വികാസമാണ് ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനങ്ങളുടെ പുനഃസംഘടന കൊണ്ട് ലക്ഷ്യമാക്കിയിരുന്നത്. ഭാഷ ഒരു ജനതയുടെ സംസ്കാരമാണ്. ജനതയുടെ സാംസ്കാരിക പുരോഗതിയെക്കുറിച്ചുള്ള അന്വേഷണത്തിൽ ഭാഷയുടെ പരിചരണത്തിന് നിർണ്ണായക പങ്കുണ്ട്. മാതൃഭാഷയെ സ്നേഹിക്കുകയും അതിനെക്കുറിച്ച് അഭിമാനിക്കുകയും ചെയ്യുന്ന ഒരു ജനതയ്ക്കേ സാംസ്കാരിക അഭിവൃദ്ധി അവകാശപ്പെടാൻ കഴിയൂ. തമിഴ്, തെലുങ്ക്, കന്നഡ തുടങ്ങിയ തെന്നിന്ത്യൻ ഭാഷകൾ ക്ലാസിക് പദവി നേടി വളർച്ചയുടെ പടവുകൾ കയറുമ്പോൾ മലയാളിയുടെ മലയാളഭാഷയോടുള്ള വർദ്ധിച്ചുവരുന്ന ആഭിമുഖ്യകുറവ് ഭാഷയുടെ വളർച്ചയ്ക്ക് വിഘാതമാകുന്നുവെന്നത് ദുഃഖസത്യമാണ്. ഇതിനുപുറമേ ഒരു കൂട്ടം കൃത്രിമ പരിഷ്ക്കാരികളും ദൃശ്യമാധ്യമങ്ങളിലെ അവതാരകരും ചേർന്ന് വികൃതമായ ഉച്ചാരണത്തിലൂടെ ഒരു തലമുറയെ തന്നെ വഴിതെറ്റിക്കുന്ന തരത്തിൽ ഭാഷയോട് കാണിക്കുന്ന അനാദരവിനെക്കുറിച്ചും പരാമർശിക്കാതെ വയ്യ. 'ആധുനിക'മലയാളി ഭാഷയും സംസ്കാരവും തമ്മിലുള്ള പരസ്പരബന്ധം തിരിച്ചറിയാൻ ഇനിയും വൈകരുത്.

ഭരണഭാഷാ വ്യാപനം ഭാഷാവികാസവുമായി ബന്ധപ്പെട്ടിരിക്കുന്നു. മലയാളഭാഷയുടെ സമഗ്രമായ വികാസത്തിനുള്ള ബോധപൂർവ്വമായ പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതുണ്ട്. എങ്കിൽമാത്രമേ ഭരണഭാഷ എന്ന നിലയിൽ മലയാളഭാഷയുടെ ഉപയോഗം സാർവത്രികമാക്കാൻ കഴിയൂ.

ജി. സാജൻ

## ഇന്ത്യൻ ടെലിവിഷൻ ചരിത്രത്തിലെ ആദ്യ സോഷ്യൽ റിയാലിറ്റി ഷോ


# ഗ്രീൻകേരള എക്സ്പ്രസ്സ്

കേരളത്തിന്റെ സാമൂഹിക പരിഷ്കരണ പ്രക്രിയയിലെ ഒരു നിർണായക ഘട്ടമാണ് ജനകീയാസൂത്രണം. താൻ ജീവിക്കുന്ന ചുറ്റുപാടിലേയ്ക്ക് സൂക്ഷ്മമായി കണ്ണോടിക്കുവാനും തന്റെ ചുറ്റിലുമുള്ള പ്രകൃതിയേയും മനുഷ്യരേയും പഠിക്കുവാനുമുള്ള ഒരവസരമായിരുന്നു ഇത്. ഈ നിരീക്ഷണത്തിന്റേയും പഠനത്തിന്റേയും അടിസ്ഥാനത്തിൽ പ്രാദേശിക സമൂഹത്തിന്റെ ഭാവി അവിടെ ജീവിക്കുന്ന ജനങ്ങൾ സ്വയം ആസൂത്രണം ചെയ്തു തുടങ്ങുന്നു. വിഭവങ്ങളുടെ പ്രാദേശിക ലഭ്യതയുടെ അടിസ്ഥാനത്തിൽ പ്രായോഗികമായ ആസൂത്രണത്തിന്റെ സാധ്യത തെളിയുന്നു. ഇതൊരു നൂതന പരീക്ഷണമായിരുന്നു. ഒരു പക്ഷേ ഇതിന്റെ ഫലം വികസന പ്രക്രിയയിൽ പ്രതിബിംബിക്കാൻ കാലം കുറച്ചുകൂടി എടുത്തേയ്ക്കും. എന്നാൽ പ്രാദേശിക വികസനാസൂത്രണത്തിന്റെ വിസ്മയകരമായ മാതൃകകൾ നമ്മുടെ ഗ്രാമങ്ങളിൽ രൂപം കൊണ്ടുവരുന്നുണ്ട്. കൂട്ടായ്മയിലൂടെ കാർഷിക മേഖലയ്ക്ക് പുതുജീവനുണ്ടാകുന്നു, നീർത്തടങ്ങളെ കണ്ടെത്തി വികസിപ്പിച്ച് ജല-ഭൂവിനിയോഗം കൂടുതൽ ശാസ്ത്രീയമാകുന്നു, സ്കൂളുകളിലെ പഠനരീതി കൂടുതൽ ആകർഷകമാകുന്നു. മാലിന്യം തെറ്റായ സ്ഥലത്തിരിക്കുന്ന സമ്പത്താണ് എന്ന അറിവുണ്ടാകുന്നു, പ്രാദേശിക ഊർജ്ജ സ്രോതസ്സുകൾ കണ്ടെത്തുന്നു, ആരോഗ്യത്തിനടിസ്ഥാനം രോഗപ്രതിരോധവും ജീവിത ശൈലീമാറ്റവുമാണ് എന്ന തിരിച്ചറിവുണ്ടാകുന്നു. ഇങ്ങനെ വ്യത്യസ്ത വികസന മേഖലകളിൽ സൂക്ഷ്മവും പ്രാദേശികവുമായ വികസന മാതൃകകൾ ഉരുത്തിരിഞ്ഞുവരുന്നു.

നിർഭാഗ്യവശാൽ ഇത്തരം പരീക്ഷണങ്ങൾക്ക് വേണ്ടത്ര പൊതുജന ശ്രദ്ധയോ മാധ്യമ പരിഗണനയോ ലഭിക്കുന്നില്ല. പ്രാദേശിക അനുഭവങ്ങൾ ആ ദേശത്തു തന്നെ ഒതുങ്ങിനിൽക്കുന്നു.

കേരളത്തിന്റെ വികസനാസൂത്രണരംഗത്തെ മാതൃകകൾ ലോകത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ള നൂതനമായ ഒരു മാധ്യമപരീക്ഷണത്തിന് കേരള സംസ്ഥാന ശുചിത്വമിഷനും ദൂരദർശനും സി.ഡിറ്റും തയ്യാറെടുക്കുകയാണ്.

ഇന്ത്യൻ ടെലിവിഷൻ ചരിത്രത്തിലെ ആദ്യത്തെ സോഷ്യൽ റിയാലിറ്റി ഷോ ഗ്രീൻ കേരളാ എക്സ്പ്രസ്-സുസ്ഥിര വികസന മാതൃകകൾ വികസിപ്പിച്ചെടുത്ത ഏറ്റവും നല്ല പഞ്ചായത്തുകളെ തെരഞ്ഞെടുക്കാനുള്ള ഒരു മത്സരമാണ്. ടെലിവിഷനിൽ പ്രചുരപ്രചാരമുള്ള ഒരു പരിപാടിയെ വികസനോന്മുഖമായ ആശയ വിനിമയത്തിനായി പരിവർത്തനം



# ഗ്രീൻ കേരള എക്സ്പ്രസ്സ്

**കേരളത്തിന്റെ വികസനാസൂത്രണരംഗത്തെ മാതൃകകൾ ലോകത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ള നൂതനമായ ഒരു മാധ്യമപരീക്ഷണത്തിന് കേരള സംസ്ഥാന ശുചിത്വമിഷനും ദൂരദർശനും സി.ഡിറ്റും തയ്യാറെടുക്കുകയാണ്.**

ചെയ്യാനുള്ള ഒരു പരിശ്രമമാണിത്. മത്സരം എന്നതിനേക്കാൾ ഓരോ പഞ്ചായത്തിനും വിവിധ വികസനമേഖലകളിൽ തങ്ങൾ സൃഷ്ടിച്ച മാതൃകകൾ ലോകത്തെ അറിയിക്കാനുള്ള അസുലഭമായ അവസരം.

### മത്സര രീതി

പഞ്ചായത്തുകൾ സമർപ്പിക്കുന്ന പൂരിപ്പിച്ച ചോദ്യാവലി, ദൃശ്യചിത്രം, മറ്റ് അനുബന്ധ സാമഗ്രികൾ, പ്രചാരണോപാധികൾ എന്നിവയെ അടിസ്ഥാനമാക്കിയായിരിക്കും ആദ്യഘട്ടത്തിലെ തെരഞ്ഞെടുപ്പ് നടത്തുക. സംസ്ഥാനതലത്തിൽ രൂപീകൃതമായ ഒരു സാങ്കേതിക ജൂറിയാണ് എൻട്രികൾ വിലിയിരുത്തുക.

ജൂറിയുടെ തീരുമാനം അന്തിമമായിരിക്കും. ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളെ സോഷ്യൽ റിയാലിറ്റിഷോയിൽ സ്വന്തം വികസന മാതൃകകൾ അവതരിപ്പിക്കാൻ ക്ഷണിക്കും.

ദൃശ്യ ചിത്രങ്ങൾ, മറ്റ് പ്രചാരണോപാധികൾ എന്നിവയുടെ സഹായത്തോടെ പഞ്ചായത്തിന്റെ പ്രതിനിധിക്ക് വിശിഷ്ട ജൂറിയുടെ മുന്നിൽ സ്വന്തം പഞ്ചായത്തിന്റെ മേന്മകൾ അവതരിപ്പിക്കാം. ജൂറിയും സദസ്യരും ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം പറയാനും അവസരം കിട്ടും.

അപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളെ അവസാനഘട്ടത്തിൽ വിശദമായ വിശകലനത്തിന് വിധേയമാക്കും. ഈ പ്രക്രിയയിലൂടെയാവും ഏറ്റവും നല്ല സുസ്ഥിര മാതൃകകൾ വികസിപ്പിച്ചെടുത്ത പഞ്ചായത്തുകളെ തെരഞ്ഞെടുക്കുക.

### പരിപാടിയുടെ മറ്റ് പ്രത്യേകതകൾ

1. ഓരോ ആഴ്ചയും സുസ്ഥിരവികസനത്തിന്റെ മാതൃകകൾ വികസിപ്പിച്ച വ്യക്തികൾ, സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ എന്നിവയ്ക്കും സുസ്ഥിര വികസനത്തിന് സഹായകമായ ആശയങ്ങൾ, സാങ്കേതിക വിദ്യകൾ എന്നിവയ്ക്കും സമ്മാനങ്ങളുണ്ടാവും.
2. എല്ലാ ആഴ്ചയും ഇത്തരത്തിൽ നടക്കുന്ന പ്രത്യേക മത്സരങ്ങളിൽ പങ്കെടുക്കാൻ എല്ലാ പഞ്ചായത്തുകൾക്കും വ്യക്തികൾക്കും സർക്കാരേതര സംഘടനകൾക്കും അവസരം ലഭിക്കും.
3. എല്ലാ പരിപാടിക്കുമൊപ്പം വ്യക്തികൾക്ക് സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കാൻ കഴിയുന്ന ആശയങ്ങൾ, സന്ദേശങ്ങൾ എന്നിവ തുടർച്ചയായി നൽകും.
4. എല്ലാ എപ്പിസോഡിലും ഒരു സിറ്റിസൺ റിപ്പോർട്ട് ഉണ്ടാവും. ഇതിൽ നമ്മുടെ സമൂഹത്തിന്റെ വിവിധ തലങ്ങളിൽ നിന്നുള്ള വ്യത്യസ്തമായ ദൃശ്യങ്ങൾ അവതരിപ്പിക്കപ്പെടും.
5. ജൂറിയുടെ തെരഞ്ഞെടുപ്പിനൊപ്പം SMS ലൂടെ പ്രേക്ഷകർക്കും വോട്ടിംഗ് നടത്താൻ കഴിയും. ഇത് പ്രത്യേക പുരസ്കാരമായി നൽകും.

### സംപ്രേഷണം

ദൂരദർശന്റെ മലയാളം/കേരളം ചാനലിലൂടെ തിങ്കൾ മുതൽ വെള്ളിവരെ വൈകിട്ട് 5.05ന് ഭൂതല ചാനലിലും 8.30ന് ഉപഗ്രഹചാനലിലും ഈ സോഷ്യൽ റിയാലിറ്റി ഷോ സംപ്രേഷണം ചെയ്യും.

നമ്മുടെ ഗ്രാമപഞ്ചായത്തുകൾക്ക് ഇതേവരെ സാധ്യമാകാത്ത ഒരു പ്രചാരണ അവസരമാണ് ഈ സോഷ്യൽ റിയാലിറ്റി ഷോയിലൂടെ കൈവരുന്നത്. പ്രാദേശികാസൂത്രണത്തിന്റെ ഭാഗമായി തങ്ങൾ സൃഷ്ടിച്ച അസാധാരണ വികസന മാതൃകകൾ ലോകത്തിനു മുന്നിൽ പ്രദർശിപ്പിക്കാനുള്ള അവസരം. മറ്റ് പഞ്ചായത്തുകൾക്ക് മാതൃകയും പ്രചോദനവുമായ പരീക്ഷണങ്ങളാരംഭിക്കാ

### നിങ്ങൾ ചെയ്യേണ്ടതെന്ത് ?

ഈ സോഷ്യൽ റിയാലിറ്റി ഷോയിൽ പങ്കെടുക്കാനാഗ്രഹിക്കുന്ന പഞ്ചായത്തുകൾ ചെയ്യേണ്ടതിതാണ്.

- ഇതിനുവേണ്ടിയുള്ള ചോദ്യാവലി വിശദമായി പൂരിപ്പിച്ചയയ്ക്കുക.
- നിങ്ങളുടെ പഞ്ചായത്തിലെ നൂതനമായ വികസന മാതൃകകൾ കണ്ടെത്തുകയും അവയെക്കുറിച്ച് ചെറുകുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുക.
- ഏറ്റവും വ്യത്യസ്തവും ദൃശ്യസാധ്യതയുള്ളതുമായ ഒരു മാതൃകയെക്കുറിച്ച് 5–8 മിനിട്ട് ദൈർഘ്യമുള്ള ഒരു ദൃശ്യചിത്രം തയ്യാറാക്കുക. പിന്നീട് ദൂരദർശനിലൂടെ സംപ്രേഷണം ചെയ്യേണ്ടതിനാൽ മെച്ചപ്പെട്ട വീഡിയോ സാങ്കേതികവിദ്യ ഉപയോഗിച്ചുവേണം ദൃശ്യചിത്രം തയ്യാറാക്കാൻ.
- നിങ്ങളുടെ പഞ്ചായത്ത് തയ്യാറാക്കിയ പുസ്തകങ്ങൾ, ലഘുചിത്രങ്ങൾ, മറ്റ് പ്രചാരണോപാധികൾ എന്നിവയും അവയുടെ വിശദാംശങ്ങളും ഞങ്ങൾക്ക് അയച്ചുതരിക.

ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കണം. വളരെ പ്രത്യേകതയുള്ള ഒരു ടെലിവിഷൻ പരിപാടിക്കാണ് നിങ്ങൾ തയ്യാറെടുക്കുന്നത്. പഞ്ചായത്ത് തലത്തിൽ ലഭ്യമായ സർഗ്ഗശേഷി സമാഹരിക്കാനും അതിനെ ക്രിയാത്മകമായി വിനിയോഗിക്കാനുമുള്ള അസുലഭമായ ഒരവസരമാണിത്.

പ്രൊഫ. പി.കെ. രവീന്ദ്രൻ

# റിയാലിറ്റി ഷോ
## സാമൂഹിക വിലയിരുത്തലിന്

ജനകീയാസൂത്രണത്തിന്റെ ഒന്നാം ഘട്ടത്തിൽ പഞ്ചായത്തുകൾ നടപ്പാക്കിയ നല്ല മാതൃകകൾ മറ്റു പഞ്ചായത്തുകളെ അറിയിക്കുന്നതിനുള്ള പഠനപ്രവർത്തനങ്ങൾ നടത്തിയിരുന്നു. പത്താം പദ്ധതിക്കാലത്ത് സമാന പ്രവർത്തനങ്ങൾ പരിമിതമായ തോതിലാണെങ്കിലും 'പഞ്ചായത്തിൽ നിന്ന് പഞ്ചായത്തിലേയ്ക്ക്' എന്ന പേരിൽ നടന്നിരുന്നു. പതിനൊന്നാം പദ്ധതിക്കാലത്ത് കാർഷിക മേഖലയുമായി ബന്ധപ്പെട്ട മാതൃകാ പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുന്നതിനുള്ള ശിൽപശാലകൾ സംഘടിപ്പിച്ചിരുന്നു.

പരിസര ശുചീകരണം, മാലിന്യ സംസ്കരണം, ദുർബല ജനവിഭാഗങ്ങൾക്കുള്ള ഭവന നിർമ്മാണം, കുടിവെള്ള വിതരണം, ഭക്ഷ്യസുരക്ഷയെ ലക്ഷ്യമിട്ടുകൊണ്ടുള്ള കാർഷിക പദ്ധതികൾ, ജലസ്രോതസ്സുകളുടെയും ജലാശയങ്ങളുടെയും പരിരക്ഷണം, വൃക്ഷവൽക്കരണം എന്നീ വിവിധ മേഖലകളിൽ നിരവധി മാതൃകകൾ വിജയകരമായി പരീക്ഷിച്ച തദ്ദേശഭരണ സ്ഥാപനങ്ങളുണ്ട്. വിദ്യാഭ്യാസം, പൊതുജനാരോഗ്യം, പട്ടിക വിഭാഗങ്ങളുടെ ക്ഷേമം, ദുർബലരും അശരണരുമായ വിഭാഗങ്ങളെ ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ എന്നീ രംഗങ്ങളിലും അനുകരണീയമായ മാതൃകകൾ സൃഷ്ടിച്ച തദ്ദേശഭരണ സ്ഥാപനങ്ങളുമുണ്ട്. കുടുംബശ്രീ സംവിധാനത്തിന്റെ കൊടിക്കീഴിലും ഇത്തരം നിരവധി പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്.

ഇവയൊക്കെ തന്നെ വിശദമായ സാമൂഹിക വിലയിരുത്തലിനു വിധേയമാക്കേണ്ടതുണ്ട്. നല്ല പരീക്ഷണങ്ങളെ അനുമോദിക്കാനും പരിമിതികളും വീഴ്ചകളും ചൂണ്ടിക്കാണിക്കാനും കഴിയണം. ഇതിനുള്ള ഒരു വേദിയാണ് തദ്ദേശസ്വയംഭരണ വകുപ്പ് ദൂരദർശന്റെയും സിഡിറ്റിന്റെയും സഹായത്തോടെ ഒരുക്കുന്നത്.

തദ്ദേശഭരണ സ്ഥാപനങ്ങളാണ് ഇതിന്റെ പങ്കാളികൾ. ശുചിത്വ മിഷനും കിലയും സാമ്പത്തികവും ആശയപരവുമായ പിൻബലം നൽകും. പ്രമുഖരായ സാമൂഹ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ കേരള സമൂഹമാണ് വിധികർത്താക്കൾ.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാമൂഹിക വിലയിരുത്തലിന് വിധേയമാക്കണമെന്ന് അവർക്ക് തോന്നുന്ന പ്രവർത്തനങ്ങൾ അവതരിപ്പിക്കാം. ഇവയിൽ നിന്ന് ചിട്ടയായ പരിശോധന വഴി തെരഞ്ഞെടുക്കപ്പെടുന്ന എൻട്രികൾ ദൂരദർശനിലൂടെ ജനകീയ വിലയിരുത്തലിനു വിധേയമാക്കുന്നു. എന്താണ് ലക്ഷ്യമിട്ടതെന്ന് പഞ്ചായത്തും എത്രമാത്രം നേടിയെന്നു ജനങ്ങളും പറയട്ടെ. ഇനി എന്തു ചെയ്യണം എന്ന് തീരുമാനിക്കാൻ ഈ വെളിപ്പെടുത്തലുകൾ സഹായിക്കും. തെരഞ്ഞെടുക്കപ്പെട്ട 150 തദ്ദേശഭരണ സ്ഥാപനങ്ങളുടെ സുസ്ഥിര വികസന ഉദ്യമങ്ങൾ ഇത്തരത്തിൽ വിലയിരുത്താനും അവയിൽ നിന്ന് ജനകീയ സ്കോറിങ്ങിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തുന്ന 10-15 തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ വിശദമായ അവതരണങ്ങൾക്ക് അവസരം നൽകാനുമാണ് ഉദ്ദേശിക്കുന്നത്.

മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിച്ച തദ്ദേശഭരണ സ്ഥാപനങ്ങളെ പുരസ്കാരങ്ങൾ നൽകി ആദരിച്ചുകൊണ്ടായിരിക്കും പരിപാടിയുടെ സമാപനം.

അധികാര വികേന്ദ്രീകരണ പരീക്ഷണങ്ങളുടെ ഇന്നത്തെ അവസ്ഥ, ദൗർബല്യങ്ങൾ, വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള ശേഷി, അവയുടെ വികസന കാഴ്ചപ്പാടുകൾ, പ്രവർത്തനങ്ങളിലെ നല്ല സുതാര്യത, നേതൃത്വ പാടവം, അനഭിലഷണീയമായ പ്രവണതകൾ തുടങ്ങിയവയെല്ലാം അനുഭവസ്ഥർക്ക് വിലയിരുത്താനും പൊതുസമൂഹത്തിന് പരിശോധിക്കുവാനുമുള്ള ഒരവസരമാണ് ഇതുവഴി തദ്ദേശസ്വയംഭരണ വകുപ്പ് ഒരുക്കുന്നത്.

*ലേഖകൻ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയാണ്.*

നുള്ള അവസരം. നമ്മുടെ ഗ്രാമങ്ങളിൽ അവസരം ലഭിക്കാതെ ഉറങ്ങിക്കിടക്കുന്ന സർഗ്ഗശേഷിയെ തട്ടിയുണർത്താനും സമാഹരിക്കാനും വികസന പ്രക്രിയയിലേയ്ക്ക് ഫലപ്രദമായി സന്നിവേശിപ്പിക്കാനുമുള്ള അവസരം.

ഈ അവസരം പരമാവധി ഉപയോഗപ്പെടുത്തി ഗ്രീൻ കേരള എക്സ്പ്രസ് എന്ന സോഷ്യൽ റിയാലിറ്റി ഷോയിൽ പൂർണമായും പങ്കാളികളാവാൻ എല്ലാ പഞ്ചായത്തുകളേയും ഞങ്ങൾ സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

*ലേഖകൻ തിരുവനന്തപുരം ദൂരദർശൻ കേന്ദ്രത്തിൽ അസിസ്റ്റന്റ് സ്റ്റേഷൻ ഡയറക്ടറാണ്.*

*കൂടുതൽ വിവരങ്ങൾക്ക്:*
*വിളിക്കേണ്ട നമ്പർ: 0471-2330081, 9895788223*
*വിലാസം: മീഡിയാ സെൽ, ഗോർക്കി ഭവൻ, വാൻറോസ് ജംഗ്ഷൻ, തിരുവനന്തപുരം.*
*ഇ-മെയിൽ: sajangopalan@gmail.com*
*lenseye@gmail.com*

### വെബ് പോർട്ടൽ
**www.greenkeralaexpress.com**

സോഷ്യൽ റിയാലിറ്റി ഷോയോടനുബന്ധിച്ച് www.greenkeralaexpress.com എന്നൊരു വെബ്പോർട്ടൽ സൃഷ്ടിക്കും. ഈ പോർട്ടലിൽ താഴെപറയുന്ന വിവരങ്ങൾ/ദൃശ്യങ്ങൾ ലഭ്യമാകും.

- ഓരോ ദിവസവും സംപ്രേഷണം ചെയ്യുന്ന എപ്പിസോഡ് പൂർണ രൂപത്തിൽ വെബ് പോർട്ടലിൽ ലഭ്യമാകും.
- മത്സരത്തിൽ പങ്കെടുക്കുന്ന എല്ലാ പഞ്ചായത്തുകളും നൽകുന്ന പൂർണ്ണമായ വിവരണവും പൂരിപ്പിച്ച ചോദ്യാവലിയും ദൃശ്യചിത്രവും പോർട്ടലിലുണ്ടാവും.
- ഏത് പൗരനും/പഞ്ചായത്തിനും പരിപാടിയുമായി ബന്ധപ്പെട്ട ലഘുചിത്രങ്ങൾ ഇതിലേയ്ക്ക് അപ്‌ലോഡ് ചെയ്യാൻ കഴിയും.
- നിർദ്ദേശങ്ങൾ അയയ്ക്കാനും ചർച്ചകളിൽ പങ്കെടുക്കാനും പ്രത്യേക കമ്മ്യൂണിറ്റി രൂപീകൃതമാവും.
- സംപ്രേഷണം കഴിഞ്ഞാലും പിന്നീട് ഏതുകാലത്തും ആർക്കും ലഭ്യമാവും വിധത്തിൽ ദൃശ്യങ്ങൾ ലഭ്യമാവും എന്നതാണ് വെബ്പോർട്ടലിന്റെ പ്രധാന മേന്മ.

## സോഷ്യൽ റിയാലിറ്റി ഷോയിലേയ്ക്കുള്ള പ്രാഥമിക തെരഞ്ഞെടുപ്പിനുള്ള ചോദ്യാവലി തയ്യാറാക്കി വരുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ താഴെ പറയുന്ന മേഖലകളിലെ പ്രവർത്തനങ്ങളെ വിലയിരുത്തിയായിരിക്കും പ്രാഥമിക തെരഞ്ഞെടുപ്പ് നടത്തുക.

**A. സാമ്പത്തിക സ്ഥിതി**

പ്ലാൻ ഫണ്ടിന്റെ വിനിയോഗം, നികുതി പിരിവ്, തനത് ഫണ്ട്, വികസന ഫണ്ട് (SCP/TSP ഘടക പദ്ധതി, ഉല്പാദന മേഖല, വനിതാ ഘടക പദ്ധതി, ആശ്രയ പദ്ധതി.)

**B. പൊതു സ്ഥിതി**

സാമൂഹിക സുരക്ഷാ പെൻഷനുകൾ, വാർഷിക ധനകാര്യ പത്രിക, ഫ്രണ്ട് ഓഫീസ് സംവിധാനം, നിർമ്മൽ ഗ്രാമ പുരസ്ക്കാരം, മറ്റ് പുരസ്ക്കാരങ്ങൾ.

**C. പ്രധാന പദ്ധതികൾ**

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, (രജിസ്ട്രേഷൻ, നൽകിയ തൊഴിൽ കാർഡുകൾ, ലഭ്യമാക്കിയ തൊഴിൽ ദിനങ്ങൾ) കുടുംബശ്രീ (സംഘങ്ങളുടെ എണ്ണം, അംഗങ്ങൾ, പ്രധാന പ്രവർത്തനങ്ങൾ), സമ്പൂർണ്ണ ശുചിത്വ യജ്ഞം, (സ്ക്കൂളുകളിലും വീടുകളിലും ടോയ്‌ലറ്റ് സൗകര്യം, സ്ക്കൂളുകളിലെ സ്ത്രീ സൗഹൃദ ടോയ്‌ലറ്റുകൾ, അംഗൻവാടികളിലെ ശിശു സൗഹൃദ ടോയ്‌ലറ്റുകൾ, പൊതു ടോയ്‌ലറ്റ് സമുച്ചയങ്ങൾ, ഖര-ദ്രവ മാലിന്യ സംസ്ക്കരണ സൗകര്യം), ഹരിയാലി നീർത്തട പദ്ധതി.

**D. സുസ്ഥിര വികസന മാതൃകകൾ**

കൃഷിയോഗ്യമാക്കി മാറ്റിയ തരിശു നിലങ്ങൾ, നെൽകൃഷി വികസന പദ്ധതികൾ, പച്ചക്കറി/ഫല വർഗ്ഗങ്ങൾ/കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയ്ക്കുള്ള പ്രത്യേക പദ്ധതികൾ, മത്സ്യം/മുട്ട/പാൽ/ഇറച്ചി എന്നിവയ്ക്കായുള്ള പ്രത്യേക പദ്ധതികൾ, മിശ്രവിള-ഇടവിള കൃഷിക്കായുള്ള പ്രത്യേക പദ്ധതികൾ, ഔഷധ സസ്യങ്ങൾക്കായുള്ള പ്രത്യേക പരിപാടി, ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള കാർഷിക വികസന പദ്ധതികൾ, കാർഷിക വിജ്ഞാന വ്യാപന പരിപാടികൾ, രജിസ്റ്റേർഡ് ജൈവ കർഷകർ.

**E. ജൈവ വൈവിധ്യം/ബൗദ്ധിക സ്വത്തവകാശം**

ജൈവ വൈവിധ്യഭൂപടം, ജൈവ വൈവിധ്യ രജിസ്ട്രി, ജൈവ വൈവിധ്യ സംരക്ഷണ സമിതി, കണ്ടൽ കാടുകൾ, കാവുകൾ എന്നിവയുടെ സംരക്ഷണം, പഞ്ചായത്തിൽ ബൗദ്ധിക സ്വത്തവകാശ നിയമം മൂലം സംരക്ഷിക്കപ്പെട്ടിട്ടുള്ള വിളകൾ, അവയുടെ സംരക്ഷണം.

**F. ജല വിഭവങ്ങൾ, സംരക്ഷണം**

നീർത്തട പരിപാലന പ്രവർത്തനങ്ങൾ, കുടിവെള്ള വിതരണ പദ്ധതികൾ, കിണറുകൾ, കുളങ്ങൾ, അരുവികൾ, നദികൾ, തടാകങ്ങൾ എന്നിവയുടെ സംരക്ഷണം, മഴവെള്ളക്കൊയ്ത്തിനുള്ള പ്രത്യേക പദ്ധതികൾ, ജല സംരക്ഷണ പദ്ധതികൾ, ജല മലീനീകരണം തടയുന്നതിനുള്ള പദ്ധതികൾ.

**G. ശുചിത്വം, പരിസ്ഥിതി**

ഖര മാലിന്യ നിർമ്മാർജനം, ബയോഗ്യാസ് പ്ലാന്റ്, മണ്ണിര കമ്പോസ്റ്റ് യൂണിറ്റ്, മറ്റു കമ്പോസ്റ്റിംഗ് യൂണിറ്റുകൾ, ചന്തകളിലെ മാലിന്യ നിർമ്മാർജ്ജനം, ആശുപത്രി മാലിന്യ നിർമ്മാർജ്ജനം, പൊതു വിപണി/ഹോട്ടൽ മാലിന്യ നിർമ്മാർജ്ജനം, പ്ലാസ്റ്റിക് നിയന്ത്രണ പരിപാടികൾ, പ്ലാസ്റ്റിക് നിരോധനം, അറവുശാലകൾ/കോഴി വളർത്തൽ കേന്ദ്രങ്ങൾ എന്നിവയിൽ നിന്നുള്ള മാലിന്യ നിർമ്മാർജ്ജനം, ചപ്പു ചവറുകളില്ലാത്ത റോഡുകൾ, പൊതു സ്ഥലങ്ങൾ, ബദൽ സമീപനങ്ങൾ/പരിപാടികൾ, പൊതു സ്ഥലങ്ങളിലും സ്ക്കൂളുകളിലും അംഗനവാടികളിലും ടോയ്‌ലറ്റ്, പൊതു സ്ഥലങ്ങളിൽ ടോയ്‌ലറ്റുകൾ, വീടുകളിലും സ്ഥാപനങ്ങളിലും മാലിന്യം തരംതിരിക്കൽ, കോളനികളുടെ ശുചിത്വം, മലിനജല നിർമ്മാർജനം, വനവൽക്കരണ പദ്ധതികൾ, മണൽ വാരൽ/ക്വാറിയിംഗ് തടയുന്നതിനുള്ള പദ്ധതികൾ, വായു-ജല-മണ്ണ് മലിനീകരണം തടയുന്നതിനുള്ള പദ്ധതികൾ, സ്ക്കൂൾ പരിസ്ഥിതി ക്ലബ്ബുകൾ, പരിസ്ഥിതി ബോധവൽക്കരണ പരിപാടികൾ, പാറ മണ്ണു ഖനന നിയന്ത്രണം, അനിയന്ത്രിത വയൽ, നീർത്തടങ്ങൾ നികത്തൽ തടയുന്നതിനുള്ള പദ്ധതികൾ, പാതയോരങ്ങളിൽ മരം വച്ചു പിടിപ്പിക്കൽ, പൊതു സ്ഥലങ്ങളും കെട്ടിടങ്ങളും ഹരിതമാക്കൽ, ജലാശയങ്ങളിൽ നിന്ന് കുളവാഴ നീക്കൽ, ഗ്രീൻ ബിൽഡിംഗ് പഞ്ചായത്ത് ഓഫീസുകൾ.

**H. ആരോഗ്യം**

മെഡിക്കൽ ക്യാമ്പുകൾ, ജല ജന്യ രോഗങ്ങൾ തടയുന്നതിനു സ്വീകരിച്ച നടപടികൾ, ഇമ്മ്യുണൈസേഷൻ.

**I. ഊർജ്ജം**

പുകയില്ലാത്ത അടുപ്പുകൾ, വൈദ്യുതി ഉപഭോഗം കുറച്ച വീടുകൾ, പഞ്ചായത്തിൽ സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റുകൾ, പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ, (സൗര അടുപ്പുകൾ, സൗര വാട്ടർ ഹീറ്റർ, കാറ്റാടി, പദ്ധതികൾ), CFL-ന്റെ വിതരണം, ഊർജ്ജ സംരക്ഷണ ക്ലബ്ബുകൾ, ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പരിപാടികൾ.

**J. ഗതാഗതം**

സൈക്കിൾ പ്രചാരണ പദ്ധതികൾ, റോഡ് നിർമ്മാണം മൂലമുണ്ടായ പരിസ്ഥിതി പ്രശ്നങ്ങൾ, വെള്ളക്കെട്ട് പ്രശ്നങ്ങൾ, ഗതാഗതക്കുരുക്ക്, വാഹനാപകടങ്ങൾ, റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികൾ.

**K. വിദ്യാഭ്യാസം**

സ്ക്കൂളുകളിലെ പരിസ്ഥിതി/കൃഷി/ ആരോഗ്യ/ ശുചിത്വ ക്ലബ്ബുകൾ, എന്റെ മരം പദ്ധതി, സ്ക്കൂളിലെ മഴവെള്ളക്കൊയ്ത്ത് പദ്ധതി, സ്ക്കൂളുകളിലെ മാലിന്യ നിർമ്മാർജ്ജനം, ഉച്ച ഭക്ഷണ പരിപാടി, പ്ലാസ്റ്റിക് വിമുക്ത സ്ക്കൂളുകൾ.

**L. ഭവന നിർമ്മാണം**

ഭവനരഹിതർ, പുതുതായി പണിത വീടുകൾ, ചെലവു കുറഞ്ഞ ഭവന നിർമ്മാണ സാങ്കേതിക വിദ്യ, കക്കൂസുകളുടെ നിർമ്മാണം, ഭവന നിർമ്മാണ സാമഗ്രികൾ. ■

ഡോ. എഴുമറ്റൂർ രാജരാജവർമ്മ

മലയാളം നമ്മുടെ മാതൃഭാഷ
മലയാളം നമ്മുടെ ഭരണഭാഷ





# നമസ്ക്കാരം പറഞ്ഞാൽ മതി



മലയാളം മരിച്ചുകൊണ്ടിരിക്കുകയാണെന്നും ഇനി ചികിത്സിച്ചിട്ടു കാര്യമില്ല എന്നും കരുതുന്നവരുണ്ട്. മലയാളം സ്ക്കൂളുകൾ പൂട്ടുന്നു എന്നു വിലപിക്കുന്നവരുമുണ്ട്. ദ്രാവിഡ കുടുംബത്തിലെ നാലുകുട്ടികളിൽ മലയാളം ഒഴിച്ചുള്ള മൂന്നു പേർക്കും ക്ലാസിക് പദവി കൊടുക്കുകയും കേരളത്തെ തറയിൽ ഉപേക്ഷിക്കുകയും ചെയ്ത കേന്ദ്ര സർക്കാരിനെതിരെ പ്രതിഷേധമുയർത്തുന്നവരുമുണ്ട്. ആഗോളവത്ക്കരണം, ഉദാരവത്ക്കരണം, സ്വകാര്യവത്ക്കരണം എന്നീ കരണങ്ങൾക്കിടയിൽ എന്തു മലയാളം എന്നു ചോദിക്കുന്നവരുമുണ്ട്. തെരുതെരെ പത്രപ്രസ്താവനകളും നിവേദനങ്ങളും അയച്ച് മലാളത്തെ രക്ഷിക്കാൻ കച്ചമുറുക്കിയവരുമുണ്ട്. വലിച്ചും ഇഴച്ചും നീട്ടിയും കുറുക്കിയും ഉരുട്ടിയും പരത്തിയും മലയാളത്തെ ബലാത്സംഗം ചെയ്യുന്നതു തൊഴിലാക്കിയവരുമുണ്ട്. ഇവർക്കിടയിൽ പീഡനങ്ങൾ ഏറ്റായാലും മലയാളം ജീവിക്കുന്നു, ജീവിക്കുകതന്നെ ചെയ്യും. കാരണം, മലയാളം വേണ്ടവർ എന്നുമുണ്ട്, എവിടെയുമുണ്ട്.

മലയാളം മരിച്ചുകൊണ്ടിരിക്കുകയാണെന്ന് കരുതുന്നവർ വാസ്തവത്തിൽ മലയാളത്തെ കൊന്നുകൊണ്ടിരിക്കുന്നവരാണ്. മോഡേൺ എഡ്യൂക്കേഷന്റെ സ്റ്റാറ്റസ് ഇംപ്രൂവ്മെന്റിനുള്ള സെമിനാറിൽ ഇൻവിറ്റേഷൻ ലേറ്റായിട്ടാണ് ലഭിച്ചത് എന്നു പരാതിപ്പെടുന്നവരാണിവർ. വീട്ടിൽ കുഞ്ഞുങ്ങളെക്കൊണ്ട് ഗ്രാൻപാ, ഗ്രാൻമാ, പപ്പാ, മമ്മി, ഡാഡി, ആന്റി, അങ്കിൾ എന്നിങ്ങനെ നിർബന്ധമായി വിളിപ്പിക്കുന്നവരും മലയാളം അക്ഷരം പറയുന്ന കുഞ്ഞുങ്ങളുടെ ചെവി പൊന്നാക്കുന്നവരുമാണിവർ. നമസ്ക്കാരം പറയുന്നതു നാണക്കേടാണെന്നു കരുതി ഗുഡ്മോണിങ്, ഗുഡ് ആഫ്റ്റർ നൂൺ, ഗുഡ് ഈവനിങ്, ഗുഡ്നൈറ്റ് എന്നിങ്ങനെ സായ്പു ചമയുന്നവരാണിവർ. ചെമ്പുപാത്രം ഈയം പൂശാൻ മൂശാരിക്കുള്ള ഉത്തരവും ഇംഗ്ലീഷിൽ നൽകുന്ന ഉദ്യോഗസ്ഥരും ഇക്കൂട്ടത്തിൽപ്പെടും. മാതൃഭാഷാ പ്രയോഗമാണ് മാന്യത എന്നറിയാത്ത ഇക്കൂട്ടരോട് ചതുരൂപായങ്ങളിൽ നാലാമത്തേതാണ് പ്രയോഗിക്കേണ്ടത്.

മലയാളം സ്ക്കൂളുകൾ പൂട്ടുന്നു എന്നു വിലപിക്കുന്നവർ ഇരുട്ടത്തു മലയാളത്തിനു പാര പണിയുന്നവരാണ്. കൊടുംശൈത്യത്തിൽനിന്നും രക്ഷ നൽകാൻ ബ്രിട്ടീഷുകാർ ഏർപ്പെടുത്തിയ വേഷം ഈ ചുടുദേശത്തും കുട്ടികളെ അണിയിച്ച് അവരുടെ പ്രാക്ക് ഏറ്റും മീഡിയം സക്കൂളുകളിൽ അയച്ച് തല്ലി പ്പഴുപ്പിച്ച് വില്പനച്ചരക്കുകൾ നിർമ്മിക്കുന്നവരാണ് അവർ. സ്ക്കൂൾ പരിസരത്ത് മലയാളം പറഞ്ഞാൽ പിഴയിടുന്നവരും ഇടിക്കുന്നവരുമായ ഇവരെ 'ഭേദം' കൊണ്ട് ശരിയാക്കാമോ എന്ന് നാം പരിശോധിക്കേണ്ടതാണ്.

തമിഴിനും കന്നടത്തിനും തെലുങ്കിനും ക്ലാസിക് ഭാഷാ പദവി നൽകിയിട്ടും മലയാളത്തിനു ലഭിക്കാത്തതിൽ പ്രതിഷേധിച്ച് ജാഥ നയിക്കുന്നവരെ സൂക്ഷിക്കുക. അവർ ലാഭക്കൊതിയന്മാരാണ്. ഭാഷയുടെയും സാഹിത്യത്തിന്റെയും പോഷണത്തിലല്ല, മറിച്ച് കേന്ദ്ര സർക്കാർ നൽകുന്ന 10 കോടി രൂപയിലാണ് അവരുടെ ലാഭക്കണ്ണ്. ഇക്കൂട്ടർ നൂറുമാർക്കും കിട്ടാൻ ഹീബ്രുവോ സിറിയക്കോ എടുക്കുന്നവരും എടുപ്പിക്കുന്നവരുമാണ്. സംസ്കാരത്തോടുള്ള സ്നേഹഭാവേന പത്തു മിനിറ്റു കഥകളിയും അഞ്ചുമിനിറ്റു ശാസ്ത്രീയസംഗീതവും പഠിച്ച് എ ഗ്രേഡു നേടി ഉന്നത പഠനത്തിന് ഏണി വാങ്ങാൻ ശ്രമിക്കുന്നവരാണ്. തള്ളയെയും തള്ളിപ്പറഞ്ഞാൽ കാൽപ്പണം കിട്ടുമെങ്കിൽ കൊള്ളാം ഇവർക്ക്. അമ്മയേക്കാൾ സുന്ദരിമാരെ 'അമ്മേ' എന്നു വിളിക്കാൻ മടിക്കാത്ത ഇക്കൂട്ടരെ 'ദാനം' കൊണ്ടു ശരിയാക്കാൻ ചിലപ്പോൾ സാധിച്ചേയ്ക്കും.

ആഗോളവത്കരണം, ഉദാരവത്ക്കരണം, സ്വകാര്യവത്ക്കരണം എന്നൊക്കെ പറഞ്ഞ് ജാഡ കാണിച്ച് മലയാളത്തോടൊപ്പം പലതും കയറ്റി കൊഞ്ഞ വർത്തമാനം പറയുകയും കൊഞ്ചിക്കുകയും ചെയ്യുന്ന കൂട്ടരും ഭാഷയുടെ മിത്രങ്ങളല്ല, ശത്രുക്കളാണ്. ഇവരിൽ ഒരുവിഭാഗം വിശ്വസിക്കുന്നത്, തങ്ങൾ പറയുന്നത് അന്യർക്കുവേണ്ടി മാത്രമാണ് എന്നാണ്. എല്ലാവരും മലയാളം പഠിക്കണം എന്ന് ഉപദേശിച്ചിട്ട് തങ്ങളുടെ കുട്ടികളെ വിദേശത്ത് അയച്ചു പഠിപ്പിക്കും, 'രക്ഷിക്കും' എന്ന് ആവർത്തിച്ചുകൊണ്ട് അവർ ശിക്ഷിച്ചുകൊണ്ടേയിരിക്കും. വീട്ടിലെ ചോറുണ്ടെങ്കിലേ വിരുന്നു ചോറുള്ളു എന്ന് അവർ അറിയുന്നില്ല. ഭാഷ വശമാക്കാത്തതിന്റെ പേരിൽ ഇവർ ഭാഷയുടെ ദോഷങ്ങൾ പറയും. നാക്കു വഴങ്ങാത്തതിനും ഭാഷയാണ് പ്രതി എന്നു പറയും. മലയാളത്തിന്റെ അക്ഷര ബാഹുല്യം സൗന്ദര്യമാണെന്നറിയാതെ, അതാണ് നമ്മുടെ പ്രതിസന്ധി എന്ന് സെമിനാറിൽ പറയും,



**മലയാളം മരിച്ചുകൊണ്ടിരിക്കുകയാണെന്ന് കരുതുന്നവർ വാസ്തവത്തിൽ മലയാളത്തെ കൊന്നുകൊണ്ടിരിക്കുന്നവരാണ്. മോഡേൺ എഡ്യൂക്കേഷന്റെ സ്റ്റാറ്റസ് ഇംപ്രൂവ്മെന്റിനുള്ള സെമിനാറിൽ ഇൻവിറ്റേഷൻ ലേറ്റായിട്ടാണ് ലഭിച്ചത് എന്നു പരാതിപ്പെടുന്നവരാണിവർ. വീട്ടിൽ കുഞ്ഞുങ്ങളെക്കൊണ്ട് ഗ്രാൻപാ, ഗ്രാൻമാ, പപ്പാ, മമ്മി, ഡാഡി, ആന്റി, അങ്കിൾ എന്നിങ്ങനെ നിർബന്ധമായി വിളിപ്പിക്കുന്നവരും മലയാളം അക്ഷരം പറയുന്ന കുഞ്ഞുങ്ങളുടെ ചെവി പൊന്നാക്കുന്നവരുമാണിവർ.**



കൈയടി വാങ്ങും. കാരണം, മലയാളം അറിയാത്ത ഭൂരിപക്ഷമാണല്ലോ ഭാഷയെക്കുറിച്ചുള്ള ഏറെ സെമിനാറുകളിലും. ഇവരെ 'സാമ'ത്തിന്റെ മാർഗത്തിലൂടെ ഭാഷയുടെ വഴിയിലെത്തിക്കാമോ എന്നു നോക്കാം.

മറ്റുള്ളവരെ ഉപദേശിച്ചു ശരിയാക്കാൻ നോക്കുന്നതിനെക്കാൾ പ്രധാനമാണ് സ്വയം ശരിയാകുന്നത്. മലയാളം പറയുന്നതു ഞാൻ ശീലമാക്കുമെങ്കിൽ എന്നോടു പറയുന്നവരും മലയാളം ശീലമാക്കുമെന്നും ഞാൻ കരുതുന്നു. ഇത് എല്ലാപേർക്കും ബാധകമാകുമ്പോൾ മലയാളം വളർന്നുകൊള്ളും, സംസ്ക്കാരം നിലനിന്നുകൊള്ളും. അതാണ്, 'നമസ്ക്കാരം പറഞ്ഞാൽ മതി' എന്ന് ലേഖനത്തിനു ശീർഷകം നൽകിയതിന്റെ അടിസ്ഥാനവും. ■

*ലേഖകൻ ഭാഷാ വിദഗ്ധനാണ്.*

മലയാളം നമ്മുടെ മാതൃഭാഷ
മലയാളം നമ്മുടെ ഭരണഭാഷ













**ഡോ. വിളക്കുടി രാജേന്ദ്രൻ**

# നാട്ടുമൊഴിയും സ്ഥലനാമങ്ങളും




പ്രാദേശികഭാഷയിലെ ഉച്ചാരണ ലേഖന വ്യവസ്ഥകൾക്കനുസൃതമായി സ്ഥലനാമങ്ങളുടെ സ്വത്വം വീണ്ടെടുക്കുന്ന കാര്യത്തിൽ ഇന്ത്യയിൽ ഇപ്പോൾ ഒരു നിശബ്ദവിപ്ലവം നടക്കുകയാണ്. സ്ഥലനാമങ്ങളുടെ മാറ്റം സംബന്ധിച്ച് മാധ്യമങ്ങളിൽ ഇടയ്ക്കിടെ വാർത്തകൾ വരുന്നു. പഴയപേരുകൾ പുനഃസ്ഥാപിച്ചാലുടൻ തന്നെ ജനങ്ങൾ വർധിതോത്സാഹത്തോടെ അവ സ്വീകരിക്കുന്നതായാണ് അനുഭവം. ഇതൊക്കെ ഇതര സംസ്ഥാനങ്ങളുടെ കഥ. ഇക്കാര്യത്തിൽ കേരളത്തിന്റെ സ്ഥിതി എന്താണ്? ഭരണഭാഷ മലയാളമാക്കുവാനുള്ള പ്രതിജ്ഞ പുതുക്കുന്ന വേളയിൽ ഈ അന്വേഷണം പ്രസക്തമാണല്ലോ.

കേരളത്തിലെ ആറു ജില്ലകളുടെയും പതിനേഴു താലൂക്കുകളുടെയും പേരുകൾ മലയാളത്തിന്റെ ഉച്ചാരണ-ലേഖന വ്യവസ്ഥകൾക്കനുസരിച്ച് മാറ്റി സർക്കാർ ഉത്തരവായിട്ട് 20 വർഷം കഴിഞ്ഞു. ഓർമയുണ്ടോ ഈ ഉത്തരവ്? മിക്കവരും വിസ്മരിച്ചുപോയ ഈ ഉത്തരവിന്റെ മലയാള പരിഭാഷ താഴെ ചേർക്കുന്നു.

കേരളസർക്കാർ അസാധാരണഗസറ്റ് നമ്പർ-165

കേരളസർക്കാർ
റവന്യൂ (ഇ) വകുപ്പ്
വിജ്ഞാപനം

ജി.ഒ.(പി)നം: 133/90/ആർ ഡി | തിരുവനന്തപുരം, 1990 ഫെബ്രുവരി 7

മലയാളത്തിലും ഇംഗ്ലീഷിലും വ്യത്യസ്തമായി ഉച്ചരിക്കുന്ന കേരളത്തിലെ ഏതാനും ജില്ലകളുടെയും താലൂക്കുകളുടെയും പേരുകൾ മാനവീകരിക്കാനുള്ള നിർദേശങ്ങളെപ്പറ്റി 1989 ഏപ്രിൽ 29 നു ചേർന്ന സംസ്ഥാന സ്ഥലനാമ അതോറിറ്റി വിശദമായി പരിശോധിക്കുകയും അവരുടെ ശുപാർശ സർക്കാരിനു സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ചെറിയ ചില ഭേദഗതികളോടെ ഈ ശുപാർശ സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു. സ്ഥലനാമങ്ങളുടെ ലേഖനരീതിയിൽ വരുത്തിയിട്ടുള്ള ഈ ഭേദഗതികൾ ഉടനടി പ്രാബല്യത്തിൽ വരുന്നതാണ്.

| ഇംഗ്ലീഷിൽ നിലവിലുള്ള പേര് | പരിഷ്കരിച്ച ഇംഗ്ലീഷ് പേര് | മലയാളത്തിലെ പേര് |
|---|---|---|
| | **ജില്ലകൾ** | |
| 1. Trivandrum | Thiruvananthapuram | തിരുവനന്തപുരം |
| 2. Quilon | Kollam | കൊല്ലം |
| 3. Alleppey | Alapuzha | ആലപ്പുഴ |
| 4. Trichur | Thrissur | തൃശ്ശൂർ |
| 5. Palghat | Palakkad | പാലക്കാട് |
| 6. Cannanore | Cannur | കണ്ണൂർ |
| | **താലൂക്കുകൾ** | |
| 1. Tellicherry | Thalassery | തലശ്ശേരി |
| 2. Badagara | Vadakara | വടകര |
| 3. Parur | Paravur | പറവൂർ |
| 4. Alwaye | Aluva | ആലുവ |
| 5. Cochin | Cochi | കൊച്ചി |
| 6. Devicolam | Devikulam | ദേവികുളം |
| 7. Changanacherry | Changanassery | ചങ്ങനാശേരി |
| 8. Shertallay | Cherthala | ചേർത്തല |
| 9. Chierayinkil | Chirayinkeezhu | ചിറയിൻകീഴ് |
| 10. Chowghat | Chavakkad | ചാവക്കാട് |
| 11. Cranganore | Kodungallur | കൊടുങ്ങല്ലൂർ |
| 12. Trichur | Thrissur | തൃശ്ശൂർ |
| 13. Palghat | Palakkad | പാലക്കാട് |
| 14. Mannarghat | Mannarkad | മണ്ണാർക്കാട് |
| 15. Mannantoddy | Mananthavady | മാനന്തവാടി |
| 16. Sultan's Battery | Sulthanbathery | സുൽത്താൻബത്തേരി |
| 17. Cannanore | Cannur | കണ്ണൂർ |

ഗവർണറുടെ ഉത്തരവിൻപ്രകാരം
ടി. ശങ്കരൻ
(അഡീഷണൽ സെക്രട്ടറി,
കേരളസർക്കാർ)

ടു,
സെക്രട്ടറി, ആഭ്യന്തര മന്ത്രാലയം, ഭാരതസർക്കാർ, ന്യൂഡൽഹി (ആമുഖക്കത്ത് സഹിതം)
എല്ലാ സംസ്ഥാന സർക്കാരുകളിലെയും ചീഫ് സെക്രട്ടറിമാർ (ആ.ക.സഹിതം)
സെക്രട്ടറി, ഇലക്ഷൻ കമ്മിഷൻ ഓഫ് ഇന്ത്യ, ന്യൂഡൽഹി
സെക്രട്ടറി, വാർത്താവിനിമയ വകുപ്പ് മന്ത്രാലയം, ഭാരതസർക്കാർ, ന്യൂഡൽഹി (ആ.ക.സഹിതം)
സർവേയർ ജനറൽ ഓഫ് ഇന്ത്യ, ഡെറാഡൂൺ, ഉത്തർപ്രദേശ് (ആ.ക. സഹിതം)
റീജിയണൽ ഡയറക്ടർ, സതേൺ സർക്കിൾ (സർവേ ഓഫ് ഇന്ത്യ), 81, റിച്ച്മൻ റോഡ്, ബാംഗ്ളൂർ (ആ.ക. സഹിതം)
ഡയറക്ടർ, സെൻസസ് വകുപ്പ്, കേരള, തിരുവനന്തപുരം (ആ.ക.സഹിതം)
എല്ലാ വകുപ്പ് മേധാവികൾക്കും ഓഫീസുകൾക്കും, ജില്ലാ കളക്ടർമാർ, പോലീസ് സൂപ്രണ്ടുമാർ
പോസ്റ്റ്മാസ്റ്റർ ജനറൽ കേരള തിരുവനന്തപുരം (ആ.ക.സഹിതം)
ജനറൽ മാനേജർ, ടെലികമ്യൂണിക്കേഷൻ കേരള, തിരുവനന്തപുരം (ആ.ക.സഹിതം)
സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, തിരുവനന്തപുരം (ആ.ക.സഹിതം).
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആ.ക.സഹിതം)
കേരള സർവകലാശാല, കാലിക്കട്ട് സർവകലാശാല, കൊച്ചി സർവകലാശാല, മഹാത്മാഗാന്ധി സർവകലാശാല എന്നിവിടങ്ങളിലെ രജിസ്ട്രാർമാർ (ആ.ക.സഹിതം)
രജിസ്ട്രാർ, കേരള കാർഷിക സർവകലാശാല, മണ്ണുത്തി (ആ.ക.സഹിതം)
കേരള ഗവർണറുടെ സെക്രട്ടറി (ആ.ക. സഹിതം)
സെക്രട്ടറി, നിയമസഭാ സെക്രട്ടറിയേറ്റ് (ആ.ക.സഹിതം)
സർക്കാരിലെ സെക്രട്ടറിമാർ, സ്പെഷ്യൽ സെക്രട്ടറിമാർ, അഡീഷണൽ സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ, ഡെപ്യൂട്ടി സെക്രട്ടറിമാർ, അണ്ടർ സെക്രട്ടറിമാർ,
ചീഫ് സെക്രട്ടറിയുടെ ഓഫീസിലെ അണ്ടർ സെക്രട്ടറി
മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ
കേരള നിയമസഭാ സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും
നിയമസഭാ ചീഫ് വിപ്പിന്റെ പ്രൈവറ്റ് സെക്രട്ടറി (ആ.ക. സഹിതം)
പ്രതിപക്ഷനേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
ഡയറക്ടർ, സംസ്ഥാന പബ്ലിക് റിലേഷൻസ് വകുപ്പ്- അച്ചടി മാധ്യമങ്ങൾ, റേഡിയോ, ദൂരദർശൻ എന്നിവയിലൂടെ വ്യാപകമായ പ്രചാരം നൽകാൻ.

ഈ ഉത്തരവ് ബന്ധപ്പെട്ട എല്ലാവർക്കും അയച്ചു എന്ന് ഇതിൽനിന്ന് വ്യക്തമാണല്ലോ. നിയമാനുസൃതം കേന്ദ്രസർക്കാരിന്റെ വിവിധ വകുപ്പുകളെയും അറിയിച്ചിട്ടുണ്ട്.

ഈ ഉത്തരവനുസരിച്ച് പുതുക്കിയ പേരുകളിലെ ലിപിവ്യവസ്ഥയ്ക്ക് ചില ഭേദഗതികൾ വരുത്തിക്കൊണ്ട് 1990 ജൂൺ 29 ന് ജി.ഒ.(പി) 460/90/ ആർഡി നമ്പരിലുള്ള ഒരു ഉത്തരവുകൂടി അസാധാരണഗസറ്റായി (നമ്പർ 677) സർക്കാർ പുറപ്പെടുവിച്ചു.

**ഭേദഗതികൾ**

**ജില്ലകൾ**

1. Alapuzha - Alappuzha
2. Cannur - Kannur

**താലൂക്കുകൾ**

3. Cochi - Kochi
4. ചങ്ങനാശേരി - ചങ്ങനാശ്ശേരി

(പരിഷ്കരിച്ച രൂപങ്ങൾ രണ്ടാമതായി ചേർത്തിരിക്കുന്നു.)

ഉടൻ പ്രാബല്യത്തിൽവരുത്തിക്കൊണ്ട് ഇറങ്ങിയ ഈ ഉത്തരവുകൾ ഇപ്പോഴും നോക്കുകുത്തികളായി നിൽക്കുകയാണ്. 2005 നവംബറിൽ സംസ്ഥാനസ്ഥലനാമ അതോറിറ്റിയുടെ ശുപാർശപ്രകാരം ഉച്ചാരണത്തെ അടിസ്ഥാനമാക്കി സംസ്ഥാനത്തെ ചില സ്ഥലങ്ങളുടെയും റെയിൽവേ സ്റ്റേഷനുകളുടെയും പേരുകളിലും ലിപി വ്യവസ്ഥയിലും മാറ്റം വരുത്തി സർക്കാർ ഉത്തരവായി. ഇതു പ്രകാരം വർക്കല റെയിൽവേ സ്റ്റേഷന്റെ പേര് വർക്കല-ശിവഗിരി എന്നും കുരിക്കാട് റെയിൽവേസ്റ്റേഷന്റെ പേര് ചോറ്റാനിക്കര റോഡ് എന്നും മാറ്റി. മറ്റ് ഏതാനും സ്ഥലനാമങ്ങളുടെ ലേഖനവ്യവസ്ഥയിലും മാറ്റം വരുത്തി. മാറ്റം വരുത്തി അംഗീകരിച്ച സ്ഥലനാമങ്ങളും അവയുടെ മലയാളം-ഇംഗ്ലീഷ് ലേഖന രീതിയും ചുവടെ:

| | |
|---|---|
| എരുമേലി | (Erumeli) |
| ചിറയിൻകീഴ് | (Chirayinkeezh) |
| അമ്പലപ്പുഴ | (Ambalappuzha) |
| ചങ്ങനാശ്ശേരി | (Changanaseri) |
| മൂവാറ്റുപുഴ | (Muvattupuzha) |
| തൊടുപുഴ | (Thodupuzha) |
| പത്തനംതിട്ട | (Pathanamthitta) |
| കുമരകം | (Kumarakam) |
| അഞ്ചുതെങ്ങ് | (Anchuthengu) |
| കടകംപള്ളി | (Kadakampalli) |
| കോഴിക്കോട് | (Kozhikkode) |
| പരവൂർ | (Paravur) |

(ഇതിൽ ചില പേരുകളിലെ ലിപിവ്യവസ്ഥയ്ക്ക് മുൻ ഉത്തരവുകളിൽ നിന്നും മാറ്റമുണ്ട്)

കേന്ദ്രസർക്കാരിന്റെയും സംസ്ഥാനസർക്കാരിന്റെയും ഓഫീസ് ബോർഡുകളിലും നടപടിക്രമങ്ങളിലും ഇപ്പോഴും ട്രിവാൻഡ്രം, കൊയിലോൺ, ആലപ്പി തുടങ്ങിയ ഇംഗ്ലീഷ് പേരുകൾ കാണുന്നു. റെയിൽവേ വകുപ്പ് ഇതുസംബന്ധിച്ച് നാളിതുവരെ ഒരു മാറ്റവും വരുത്തിയിട്ടില്ല. Trivandrum, Quilon, Alleppey, Alwaye, Cannanore തുടങ്ങിയ പേരുകളിലാണ് അവർക്ക് ഇന്നും പ്രമാണം. അല്ലെങ്കിലും റെയിൽവേ മലയാളത്തിന് നമ്മുടെ ഭാഷയുമായി വലിയ ബന്ധമില്ലല്ലോ. പിലാറ്റുഫാറം ടിക്കറ്റും കൊല്ലം സന്ധിപ്പും മറ്റും ഓർമിക്കാം. ബഡഗരയും (വടകര) എലിമലയും (ഏഴിമല) ആണ് റെയിൽവേയ്ക്ക് പ്രിയം. കൊട്ടാരക്കര-പുനലൂർ റെയിൽപാതയിൽ "കുര" എന്ന പേരിൽ ഒരു സ്ഥലമുണ്ട് എന്നാൽ റെയിൽവേ ഈ സ്ഥലത്തെ "കുരി" ആക്കി. നാട്ടുകാരെ നോക്കി പല്ലിളിച്ചുകൊണ്ട് കുരി റെയിൽവേ സ്റ്റേഷൻ സ്ഥിതിചെയ്യുന്നു. റെയിൽവേ ടിക്കറ്റ് റിസർവ് ചെയ്യുന്നതിനുള്ള ഫാറത്തിലെ ഒരു വാക്യം. *വയസ് തെളിയിക്കുന്നതിനുള്ള രേഖകൾ യാത്രാവേളയിൽ കരുതുന്നത് പ്രാബല്യത്തിലുള്ള റെയിൽവേയുടെ നിയമാനുസൃതമായ ശിക്ഷാനടപടികൾ മൂലമുള്ള അസൗകര്യങ്ങൾ ഒഴിവാക്കാൻ സഹായിക്കും.* (വയസ് തെളിയിക്കുന്ന രേഖകൾ യാത്രാവേളയിൽ കരുതിയാൽ ശിക്ഷയിൽ നിന്ന് ഒഴിവാകാം.) ബ്രായ്ക്കറ്റിൽ കൊടുത്ത വാക്യം പോരേ. ആശയം വ്യക്തമാണല്ലോ. പക്ഷേ റെയിൽവേ മലയാളത്തിൽ സ്ഥിതി ഇങ്ങനെയൊക്കെയാണ്. ഈ അഴകൊഴമ്പൻ ഭാഷ 'ദൈവത്തിന്റെ സ്വന്തം നാട്ടി'ലേ പറ്റൂ.

ചെന്നപ്പനായ്ക്കർ എന്ന പ്രഭുവിന്റെ അധീനതയിലായിരുന്ന ചെന്നൈ പട്ടണം വിലയ്ക്കുവാങ്ങിയ ഈസ്റ്റിന്ത്യാ കമ്പനിക്കാരാണ് സ്ഥലത്തിന് മദ്രാസ് എന്നു പേരുമാറ്റിയത്. മുക്കുവത്തലവനായ മതിരേശൻ എന്നയാളുടെ അധീനതയിലിരുന്ന 'മതിരേശൻകുഷം' എന്ന സ്ഥലമാണിതെന്നും ഇതിനെയാണ് ഇംഗ്ലീഷുകാർ മദ്രാസ് എന്ന് പുനർനാമകരണം ചെയ്തതെന്നും മറ്റൊരു വാദവുമുണ്ട്. എന്തായാലും ചെന്നൈയ്ക്കുശേഷം തമിഴ്നാട്ടിൽ സ്ഥലനാമ പരിവർത്തനങ്ങളുടെ പെരുമഴക്കാലമായിരുന്നു.

തപാൽ വകുപ്പും സ്ഥലപ്പേരുകളിലെ പരിഷ്ക്കാരം സ്വീകരിച്ചിട്ടില്ല. സ്ഥലനാമങ്ങളിൽ സംസ്ഥാനസർക്കാർ വരുത്തിയ മാറ്റം അറിയിച്ചുകൊണ്ട് പോസ്റ്റ്മാസ്റ്റർ ജനറൽ കേന്ദ്ര ആഭ്യന്തര വകുപ്പിന് എഴുതിയിരുന്നു. മാറ്റങ്ങൾക്കനുസരിച്ച് തപാൽവകുപ്പ് വിപുലമായ ഒരുക്കങ്ങൾ നടത്തി. നൂറുകണക്കിന് ഡേറ്റ്, റബർ സ്റ്റാമ്പുകളിലും മാറ്റം വരുത്തിവരികയായിരുന്നു. എന്നാൽ ആഭ്യന്തരവകുപ്പിന്റെ മുൻകൂട്ടിയുള്ള അനുമതിയില്ലാതെയാണ് സംസ്ഥാനസർക്കാർ സ്ഥലനാമങ്ങൾ മാറ്റിയതെന്ന് ആഭ്യന്തരവകുപ്പ് പോസ്റ്റ്മാസ്റ്റർ ജനറലിനെ അറിയിച്ചു. അതോടെ സ്ഥലപ്പേരുകളിലെ പരിഷ്കാരം തപാൽവകുപ്പ് ഉപേക്ഷിച്ചു.

ജനങ്ങളുമായി ഏറെ ബന്ധമുള്ള റെയിൽവേ/തപാൽ വകുപ്പുകൾ കേരളത്തിൽ മാത്രമാണ് ഈ ചിറ്റമ്മനയം തുടരുന്നത്. ചെന്നൈ, മുംബൈ, കൊൽക്കത്ത, പുണെ തുടങ്ങിയ പേരുമാറ്റങ്ങൾ 24 മണിക്കൂറിനകം അംഗീകരിച്ച റെയിൽവേ/ തപാൽ വകുപ്പുകൾ കേരളത്തോട് മാത്രം ഈ അവഗണന തുടരുന്നതിന് ഒരു ന്യായീകരണവുമില്ല.

കോളനിവാഴ്ചയുടെ ബാക്കി പത്രങ്ങളായി കുറേയേറെ സ്ഥലനാമങ്ങൾ ഇന്ത്യയിലുണ്ടായിരുന്നു. ഇവയിൽ മിക്ക പേരുകളും നാട്ടുമൊഴികളിലെ പൂർവരൂപങ്ങളിലേയ്ക്ക് മാറ്റിക്കഴിഞ്ഞു. മിക്ക സംസ്ഥാനങ്ങളും ഇക്കാര്യത്തിൽ മത്സരത്തിലാണ്.

ബോംബെ നഗരത്തിന്റെ പേര് മുംബൈ എന്നു മാറ്റിയതോടെയാണ് (1986) ഇന്ത്യയിൽ പേരുമാറ്റം സജീവമായത്. ശിവസേനാ നേതാവും ബോംബെ മേയറുമായിരുന്ന ഭുജ്ബാലാണ് മുംബൈ എന്ന പുതിയ പേര് പ്രഖ്യാപിച്ചത്. ബോംബെയിലെ ചരിത്രപ്രസിദ്ധമായ ഗേറ്റ്വേ ഓഫ് ഇന്ത്യയുടെ ഇരുവശങ്ങളിലുമായി മറാത്തിയിലും ഇംഗ്ലീഷിലും മുംബൈ എന്നെഴുതിയ മാർബിൾ ഫലകങ്ങൾ സ്ഥാപിച്ചുകൊണ്ടാണ് 1986 ജനുവരി 26 ന് അദ്ദേഹം പുനർനാമകരണം നിർവഹിച്ചത്. മുൻസിപ്പൽ കോർപ്പറേഷൻ എല്ലാ രേഖകളിലും പേരുമാറ്റം നടപ്പാക്കി. തുടർന്ന് മണിക്കൂറുകൾക്കുള്ളിൽ സംസ്ഥാനത്ത് മുഴുവൻ മുംബൈ പ്രാബല്യത്തിലായി. കേന്ദ്രസർക്കാരും ചർച്ചകൂടാതെ ഇത് അംഗീകരിച്ചു.

ഈ സ്ഥലത്തെ ആദിമ നിവാസികളായ മീൻപിടിത്തക്കാരുടെ ദേവതയായ മുംബാദേവിയിൽ നിന്നാണ് മുംബൈ എന്ന ദേശനാമം ഉണ്ടായത്. മറാത്തിയിലുള്ള ഈ പദത്തെ ഇംഗ്ലീഷുകാരാണ് ബോംബെ എന്ന് മാറ്റിയത്. കേന്ദ്രസർക്കാരിന്റെ ചില സ്ഥാപനങ്ങളിൽ ബാംബൈ (Bambai) എന്ന് ഉപയോഗിച്ചിരുന്നു. (ബാംബൈ പോർട് ട്രസ്റ്റ്, ബാംബൈ ടെലഫോൺസ്). ഇതിനെതിരെ മുംബൈ സ്വദേശിയും നിഘണ്ടു കർത്താവുമായ

മധുകർ ലക്ഷ്മൺ സമന്ത് മുംബൈ ഹൈക്കോടതിയെ സമീപിച്ചു. കേസ് വാദം കേട്ട ന്യായാധിപൻ 'മുംബൈ' എന്നാണ് ഉപയോഗിക്കേണ്ടതെന്ന് റൂളിംഗ് നൽകി. 2006 ആഗസ്റ്റ് 6-ലെ ഹിന്ദുദിനപത്രം ഇക്കാര്യം റിപ്പോർട്ട് ചെയ്തിരുന്നു.

ബോംബെ ഡയിംങ്, ബോംബെ ടൈംസ്, ബോംബെ സ്കോട്ടിഷ് സ്ക്കൂൾ എന്നീ സ്ഥാപനങ്ങൾ ബോംബെ എന്നു പയോഗിക്കുന്നതിൽ പ്രതിഷേധിച്ച് ശിവസേനയുടെ മുഖപത്രമായ സാമ്ന എഡിറ്റോറിയൽ എഴുതി. തുടർന്ന് സംസ്ഥാനത്തെങ്ങും ആ സ്ഥാപനങ്ങൾക്കെതിരെ അക്രമം വ്യാപിച്ചു. ബന്ധപ്പെട്ട സ്ഥാപനങ്ങൾ പേര് നവീകരിച്ചതോടെയാണ് പ്രതിഷേധം നിലച്ചതെന്ന് മാതൃഭൂമി ദിനപത്രം (2008 മേയ് 13) റിപ്പോർട്ട് ചെയ്തിരുന്നു. ആംഗലേയരുടെ പേരിലോ ഇംഗ്ലീഷ് ഉച്ചാരണ രീതിയിലോ സൃഷ്ടിക്കപ്പെട്ടിരുന്ന സംസ്ഥാനത്തെ നൂറുകണക്കിനു പേരുകൾ ക്രമേണ അപ്രത്യക്ഷമായി.

മുംബൈയ്ക്കുശേഷം തമിഴ്നാട്ടിലാണ് വ്യാപകമായി സ്ഥലനാമങ്ങളുടെ പേരുമാറ്റം പ്രാബല്യത്തിലായത്. 1967-ൽ ഡി.എം.കെ അധികാരത്തിൽ വന്നപ്പോൾ മദ്രാസ് സംസ്ഥാനത്തിന്റെ പേര് തമിഴ്നാട് എന്ന് മാറ്റിയിരുന്നു. തമിഴ്ഭാഷയ്ക്കു വേണ്ടി ജീവാഹുതി ചെയ്യാനും മടിയില്ലാത്ത തമിഴർക്ക് 'മുംബൈ' മാതൃകയായി. 1996 ആഗസ്റ്റ് 30ന് മദ്രാസ് നഗരത്തിന്റെ പേര് ചെന്നൈ എന്നാക്കിക്കൊണ്ടുള്ള ബില്ല് തമിഴ്നാട് നിയമസഭ പാസാക്കി. ഉടൻതന്നെ അത് സർക്കാർ ഉത്തരവിലൂടെ പ്രാബല്യത്തിലാവുകയും ചെയ്തു. ചെന്നപ്പനായ്ക്കർ എന്ന പ്രഭുവിന്റെ അധീനതയിലായിരുന്ന ചെന്നൈ പട്ടണം വിലയ്ക്കുവാങ്ങിയ ഈസ്റ്റിന്ത്യാ കമ്പനിക്കാരാണ് സ്ഥലത്തിന് മദ്രാസ് എന്നു പേരുമാറ്റിയത്. മുക്കുവത്തലവനായ മതിരേശൻ എന്നയാളുടെ അധീനതയിലിരുന്ന 'മതിരേശൻകുപ്പം' എന്ന സ്ഥലമാണിതെന്നും ഇതിനെയാണ് ഇംഗ്ലീഷുകാർ മദ്രാസ് എന്ന് പുനർനാമകരണം ചെയ്തതെന്നും മറ്റൊരു വാദവുമുണ്ട്. എന്തായാലും ചെന്നൈയ്ക്കുശേഷം തമിഴ്നാട്ടിൽ സ്ഥലനാമ പരിവർത്തനങ്ങളുടെ പെരുമഴക്കാലമായിരുന്നു. ഉട്ടാക്കമണ്ട് (ഊട്ടി) ഉദകമണ്ഡലമായതുപോലെ ഇംഗ്ലീഷ് പേരുകൾ മുഴുവൻ തമിഴ് ഉച്ചാരണ-എഴുത്തു രീതിയിലേയ്ക്കു മാറ്റി. സംസ്കൃതത്തിലുള്ള പേരുകളും മാറ്റത്തിനു വിധേയമായി. അങ്ങനെയാണ് മയൂരം, മയിലാടുതുറൈ എന്ന ശുദ്ധ തമിഴ് ഊർ പേരായി മാറിയത്. തമിഴ്നാട്ടിലെ 19 ജില്ലകൾക്കു നൽകിയിരുന്ന നേതാക്കളുടെ പേരുകൾ എടുത്തുകളഞ്ഞ് പഴയ തമിഴ് പേരുകൾ തന്നെ പ്രാബല്യത്തിൽ വരുത്തിക്കൊണ്ടുള്ള ഉത്തരവും (1997) ഉണ്ടായി. ഇങ്ങനെ കാഞ്ചീപുരം (അണ്ണാ), തിരുവള്ളൂർ (എം.ജി.ആർ), നാമക്കൽ (രാജാജി), ഈറോഡ് (പെരിയാർ) തുടങ്ങിയ പുതിയ പേരുകൾ നിലവിൽ വന്നു. വ്യക്തിനാമങ്ങളോടെ അറിയപ്പെട്ടിരുന്ന തമിഴകത്തെ 21 സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷനുകളുടെ പേരും ജില്ലാ നാമങ്ങളോടൊപ്പം മാറ്റി.

തുടർന്ന് ഇന്ത്യയിലെ ഏതാനും പ്രമുഖനഗരങ്ങളുടെ പേര് തന്നാട്ടുമൊഴികളിലേയ്ക്ക് മാറ്റിക്കൊണ്ട് വിവിധ സംസ്ഥാന സർക്കാരുകൾ ഉത്തരവുകൾ പുറപ്പെടുവിച്ചു. അവയെല്ലാം ഉടനടി നടപ്പാവുകയും ചെയ്തു.

> ചരിത്രത്തിന്റെയും സംസ്ക്കാരത്തിന്റെയും ഭാഗമാണ് സ്ഥലനാമങ്ങൾ. അധീശശക്തികളുടെ നാവിനു വഴങ്ങുന്നതായി അവ മാറ്റിമറിക്കപ്പെടുക സ്വാഭാവികം. എന്നാൽ അവയുടെ തനതു രൂപങ്ങൾ വീണ്ടെടുക്കുക തന്നെ വേണം. ഔദ്യോഗികഭാഷയുടെ കാര്യത്തിലുള്ള അവമതി ഇക്കാര്യത്തിലും നാം തുടരുന്നതായാണ് അനുഭവം. സർക്കാർ ഉത്തരവുണ്ടായി രണ്ടു പതിറ്റാണ്ടു കഴിഞ്ഞിട്ടും വഞ്ചി തിരുനക്കരത്തന്നെ. പഴയ പേരുകൾ പുനഃസ്ഥാപിച്ചില്ലെങ്കിൽ അവ എന്നേയ്ക്കുമായി നഷ്ടമായി എന്നു വരാം. സംസ്ഥാന സർക്കാരും വിവിധ സ്ഥാപനങ്ങളും ബഹുജനസംഘടനകളും മാധ്യമങ്ങളും ഈ രംഗത്ത് ഉണർന്ന് പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

**പേരുമാറ്റിയ ചില പ്രധാന സ്ഥലങ്ങൾ**

| പഴയത് | പുതിയത് |
|---|---|
| പൂന | - പൂണെ |
| കൽക്കത്ത | - കൊൽക്കത്ത |
| ആസാം | - അസം |
| ബറോഡ | - വഡോദര |
| പോണ്ടിച്ചേരി | - പുതുച്ചേരി |

2006 നവംബർ 1 മുതൽ Bangalore, Bengalooru ആയി. പുറമേ,

| | |
|---|---|
| Mysore | - Mysuru |
| Mangalore | - Mangaluru |
| Hubli | - Hubballi |
| Gulbarga | - Kalburgi |
| Belgaum | - Belagavi |

എന്നിങ്ങനെയും മാറി. സംശയിക്കേണ്ട. ഇവയൊക്കെ പ്രചാരത്തിലായിക്കഴിഞ്ഞു. ചിക്കമഗലൂരു (ചിക്കമഗളൂർ), ശിവമോഗ (ഷിമോഗ), ഹൊസപേട്ടെ (ഹോസ്പേട്ട്), തുമുക്കുരു (തുംക്കൂർ) ഇവയും കർണാടകത്തിലെ മാറിയ പേരുകളാണ്.


2000-ത്തിൽ ഉത്തർപ്രദേശ് വിഭജിച്ച് രൂപവത്കരിച്ച ഉത്തരാഞ്ചൽ സംസ്ഥാനം ഇപ്പോൾ ആ പേരിലല്ല അറിയപ്പെടുന്നത്. "ഉത്തരാഞ്ചൽ സംസ്ഥാനത്തിന്റെ പേര് ഉത്തർഖണ്ഡ് എന്നാക്കുകയാണെന്ന് പ്രധാന മന്ത്രി മൻമോഹൻ സിങ് അറിയിച്ചു. ജനങ്ങളുടെ താത്പര്യമനുസരിച്ചാണ് ഈ മാറ്റമെന്നും അദ്ദേഹം പറഞ്ഞു". (മാതൃഭൂമി ദിനപത്രം, 2006 ഒക്.20). 2006 ഡിസംബറിൽ അന്നത്തെ രാഷ്ട്രപതി എ.പി.ജെ. അബ്ദുൽകലാം ഇതുസംബന്ധിച്ച ബില്ലിന് അനുമതി നൽകിയതോടെ മാറ്റം പൂർണമായി.

ഉത്തർഖണ്ഡിനെ പിൻതുടർന്ന് ഒറീസയും പേരുമാറ്റാൻ തീരുമാനിച്ചു കഴിഞ്ഞു. ഒഡിഷ എന്നായിരിക്കും സംസ്ഥാനത്തിന്റെ പുതിയ ഔദ്യോഗിക നാമം. സംസ്ഥാനത്തെ ഭാഷ ഇനി ഒറിയ എന്നല്ല ഓഡിയ എന്നാണ് അറിയപ്പെടുക. ഇതുസംബന്ധിച്ച് ഒറീസ സർക്കാർ മുന്നോട്ടുവച്ച ശുപാർശ കേന്ദ്ര മന്ത്രിസഭ ചർച്ചകൂടാതെ അംഗീകരിച്ചു. (മാതൃഭൂമി ദിനപത്രം, 2009 ഒക്ടോബർ 25) പാർലമെന്റിന്റെ അംഗീകാരം കൂടി ലഭിച്ചാൽ (ലഭിക്കുമെന്നുറപ്പ്) 'ഒഡിഷ'യും 'ഒഡിയ'യും യാഥാർത്ഥ്യമാകും. കൃഷി എന്ന് അർത്ഥമായ ഒഡ എന്ന മൂലപദത്തിൽനിന്നാണ് പുതിയ പേരുകൾ സൃഷ്ടിച്ചിരിക്കുന്നത്.

ചരിത്രത്തിന്റെയും സംസ്ക്കാരത്തിന്റെയും ഭാഗമാണ് സ്ഥലനാമങ്ങൾ. അധീശശക്തികളുടെ നാവിനു വഴങ്ങുന്നതായി അവ മാറ്റിമറിക്കപ്പെടുക സ്വാഭാവികം. എന്നാൽ അവയുടെ തനതു രൂപങ്ങൾ വീണ്ടെടുക്കുക തന്നെ വേണം. ഔദ്യോഗികഭാഷയുടെ കാര്യത്തിലുള്ള അവമതി ഇക്കാര്യത്തിലും നാം തുടരുന്നതായാണ് അനുഭവം. സർക്കാർ ഉത്തരവുണ്ടായി രണ്ടു പതിറ്റാണ്ടു കഴിഞ്ഞിട്ടും വഞ്ചി തിരുനക്കരത്തന്നെ. പഴയ പേരുകൾ പുനഃസ്ഥാപിച്ചില്ലെങ്കിൽ അവ എന്നേയ്ക്കുമായി നഷ്ടമായി എന്നു വരാം. സംസ്ഥാന സർക്കാരും വിവിധ സ്ഥാപനങ്ങളും ബഹുജനസംഘടനകളും മാധ്യമങ്ങളും ഈ രംഗത്ത് ഉണർന്ന് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഇല്ലെങ്കിൽ 'സമസ്ത ജനഹാസ്യമായ ദാസ്യം' ശിരസ്സിലേറ്റി നടന്ന് സ്വത്വം കളഞ്ഞുകുളിച്ചവരാണ് മലയാളികൾ എന്ന് ഭാവി തലമുറ നമ്മെ അധിക്ഷേപിച്ചേയ്ക്കും. ■

*ലേഖകൻ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ അസിസ്റ്റന്റ് ഡയറക്ടറായിരുന്നു.*

പ്രൊഫ. എൻ. രമാകാന്തൻ



# തൊഴിലും വീടും ജനകീയ ക്യാമ്പയിൻ ജനഹൃദയങ്ങളിലേയ്ക്ക്

**തൊഴിലും വീടും ജനകീയ ക്യാമ്പയിൻ വൻ വിജയമാക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും കൂട്ടായ പരിശ്രമം അത്യന്താപേക്ഷിതമാണ്. സമയബന്ധിതമായി ലക്ഷ്യങ്ങൾ പൂർത്തിയാക്കുന്നതിനാവശ്യമായ കൂട്ടായ നേതൃത്വം ഭരണസമിതി അദ്ധ്യക്ഷന്റേയും സ്റ്റാൻ ഡിംഗ് കമ്മിറ്റി ചെയർമാന്മാരുടേയും ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലകൾ യഥാസമയം ഏല്പിച്ചുകൊണ്ടും നിരന്തരമായ അവലോകനം നടത്തിക്കൊണ്ടും ക്യാമ്പയിൻ വിജയിപ്പിക്കുന്നതിനുള്ള നേതൃത്വം ഭരണസമിതി അംഗങ്ങൾ ഏറ്റെടുക്കണം.**

### ജനകീയാസൂത്രണം കൂടുതൽ ഉയരങ്ങളിലേയ്ക്ക്

തദ്ദേശഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആരംഭിച്ച 'തൊഴിലും വീടും ജനകീയ ക്യാമ്പയിൻ' സാർവ്വത്രികമായ അംഗീകാരം ഇതിനകം നേടിക്കഴിഞ്ഞു. ബൃഹത്തായ ഈ ജനകീയ വികസന പരിപാടിക്ക് എല്ലാ വിഭാഗം ജനങ്ങളിൽ നിന്നും പിന്തുണ ലഭിച്ചുകൊണ്ടിരിക്കുകയാണ്. തദ്ദേശഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ജനങ്ങളും ആവേശപൂർവ്വം ഈ പരിപാടിയെ വരവേറ്റുകഴിഞ്ഞു. സമൂഹത്തിലെ സാധാരണക്കാരായ ജനങ്ങളുടെ സാമൂഹികസുരക്ഷിതത്വത്തിലും സാമ്പത്തിക അഭിവൃദ്ധിയിലും ശ്രദ്ധയൂന്നിയ തൊഴിലും വീടും ജനകീയ ക്യാമ്പയിൻ കേരളത്തെ ഒരിക്കൽകൂടി ദേശീയ ശ്രദ്ധയിലേയ്ക്ക് ഉയർത്തുമെന്നുറപ്പാണ്.

പതിനൊന്നാം പദ്ധതിയുടെ അവശേഷിക്കുന്ന വർഷങ്ങളിൽ പാവപ്പെട്ട ജനങ്ങളുടെ ജീവിതാഭിവൃദ്ധിക്കും സാമൂഹിക സുരക്ഷിതത്വത്തിനും സാമൂഹിക ശാക്തീകരണത്തിനും സഹായകമായ വിധത്തിൽ വിഭവ വകയിരുത്തൽ നടത്തുന്നതിന് തൊഴിലും വീടും ജനകീയ ക്യാമ്പയിൻ സഹായിക്കും. ജീവിതം വഴിമുട്ടിനിൽക്കുന്ന ഏറ്റവും ദരിദ്രരായ ജനങ്ങൾക്ക് ജീവിതസുരക്ഷ ഉറപ്പാക്കുന്നതിനുള്ള പരിശ്രമങ്ങൾക്കാണ് തൊഴിലും വീടും ജനകീയ ക്യാമ്പയിനിലൂടെ തദ്ദേശഭരണസ്ഥാപനങ്ങൾ തുടക്കം കുറിച്ചിരിക്കുന്നത്. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടേയും സഹകരണത്തോടെ മാത്രമേ ബൃഹത്തായ ഈ പരിപാടിയുടെ ലക്ഷ്യം കൈവരിക്കാൻ കഴിയുകയുള്ളു എന്ന് തദ്ദേശഭരണസ്ഥാപനങ്ങൾ തിരിച്ചറിയുന്നു. അതുകൊണ്ടുതന്നെ തൊഴിലും വീടും ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങളിൽ വിപുലമായ ബഹുജനപങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള ബഹുജന വിദ്യാഭ്യാസ-വിവര വിനിമയ പ്രവർത്തനങ്ങൾക്ക് തദ്ദേശഭരണസ്ഥാപനങ്ങൾ ഒരുക്കങ്ങൾ പൂർത്തിയാക്കിവരികയാണ്.

### പാവങ്ങൾക്കെല്ലാം വീട്

പരമ്പരാഗതമായ വികസനശൈലിയിൽ നിന്ന് തികച്ചും വിഭിന്നമായ പ്രവർ

ത്തനപരിപാടികൾക്കാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ ക്യാമ്പയിനിലൂടെ രൂപം നൽകിയിട്ടുള്ളത്. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളേയും അണിനിരത്തി അവരുടെയെല്ലാം പിന്തുണയാർജ്ജിച്ചുകൊണ്ട് സമൂഹത്തിലെ ഏറ്റവും ദുർബ്ബലരും അശരണരുമായ ജനങ്ങളുടെ പാർപ്പിട പ്രശ്നത്തിന് പരിഹാരം കാണുന്നതിന് തദ്ദശഭരണസ്ഥാപനങ്ങൾക്ക് കഴിയുമെന്നുറപ്പാണ്. നമ്മുടെ സംസ്ഥാനത്തെ അവശേഷിക്കുന്ന പാർപ്പിടരഹിതരും ഭൂരഹിതരുമായ നാല് ലക്ഷത്തോളം വരുന്ന കുടുംബങ്ങളെ സാമൂഹിക സുരക്ഷിതത്വത്തിലേയ്ക്കും സ്ഥായിയായ വികസനത്തിലേയ്ക്കും നയിക്കുന്ന സാമൂഹിക പാർപ്പിട പദ്ധതിയായി ഇ.എം.എസ്. പാർപ്പിട പദ്ധതി മാറുകയാണ്. പാവപ്പെട്ട ജനങ്ങൾക്കായി ഇത്രയേറെ വിപുലമായൊരു സാമൂഹിക പാർപ്പിട പദ്ധതി നടപ്പാക്കുന്നതിന്റെ അനുഭവം ലോകചരിത്രത്തിൽതന്നെ അത്യപൂർവ്വമായി മാറുമെന്നുറപ്പാണ്. സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന പരമദരിദ്രരായ ജനങ്ങൾക്ക് പാർപ്പിടം എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിന് നിരന്തരമായ പിന്തുണയും സഹായവും തദ്ദേശഭരണസ്ഥാപനങ്ങൾ നൽകുന്നു എന്നതാണ് ഇ.എം.എസ്. പാർപ്പിട പദ്ധതിയെ ഇതുവരെ നടപ്പാക്കിയ സാമൂഹിക പാർപ്പിട പദ്ധതികളിൽ നിന്നും വിഭിന്നമാക്കുന്നത്. നിരാലംബരായ ജനങ്ങളുടെ ജീവിതാഭിലാഷത്തിന്റെ സാക്ഷാത്കാരത്തിനായി കേരളത്തിലെ തദ്ദേശഭരണസ്ഥാപനങ്ങൾ നടത്തുന്ന ഈ പ്രവർത്തനം ഇന്ത്യയുടെ വികസന ചരിത്രത്തിൽ പുതിയൊരു അദ്ധ്യായത്തിന് തുടക്കം കുറിക്കും എന്നത് നമുക്കെല്ലാവർക്കും തികച്ചും അഭിമാനകരമാണ്.

## തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നിർണ്ണായക പങ്ക്

തൊഴിലും വീടും ജനകീയ ക്യാമ്പയിൻ വൻ വിജയമാക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും കൂട്ടായ പരിശ്രമം അത്യന്താപേക്ഷിതമാണ്. സമയബന്ധിതമായി ലക്ഷ്യങ്ങൾ പൂർത്തിയാക്കുന്നതിനാവശ്യമായ കൂട്ടായ നേതൃത്വം ഭരണസമിതി അദ്ധ്യക്ഷന്റേയും സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന്മാരുടേയും ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലകൾ യഥാസമയം ഏല്പിച്ചുകൊണ്ടും നിരന്തരമായ അവലോകനം നടത്തിക്കൊണ്ടും ക്യാമ്പയിൻ വിജയിപ്പിക്കുന്നതിനുള്ള നേതൃത്വം ഭരണസമിതി അംഗങ്ങൾ ഏറ്റെടുക്കണം. ക്യാമ്പയിന്റെ വിജയത്തിന് വിപുലമായ സംഘാടനവും പ്രവർത്തനവും അത്യന്താപേക്ഷിതമാണ്. പരമ്പരാഗതമായ വികസന പ്രവർത്തനശൈലിയിൽ നിന്നും വിഭിന്നമായി ബഹുജനങ്ങളെയാകെ അണിനിരത്തിക്കൊണ്ട് അവരുടെ ചുമതലയിൽ തൊഴിലും വീടും ക്യാമ്പയിൻ മുന്നോട്ടുകൊണ്ടുപോകുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കഴിയണം. ജനകീയ ക്യാമ്പയിൻ വിജയിപ്പിക്കുന്നതിന് ഇതിനകംതന്നെ വിവിധ തദ്ദേശഭരണസ്ഥാപനങ്ങൾ സ്വീകരിച്ച താഴെപ്പറയുന്ന പ്രവർത്തനങ്ങൾ മറ്റുള്ളവർക്ക് മാതൃകയാക്കാവുന്നതാണ്.

- ➢ ഭരണസമിതിയംഗങ്ങളുടേയും മുഴുവൻ ഉദ്യോഗസ്ഥരുടേയും ജീവനക്കാരുടേയും സംയുക്ത യോഗം വിളിച്ചുചേർത്ത് ക്യാമ്പയിനുമായി ബന്ധപ്പെട്ട ഓരോ പ്രവർത്തനവും പൂർത്തിയാക്കുന്നതിനാവശ്യമായ ആസൂത്രണവും ചുമതലാവിഭജനവും നടത്തുക.
- ➢ അർഹരായ മുഴുവൻ പാർപ്പിടരഹിതരുടേയും ഭൂരഹിതരുടേയും ലിസ്റ്റ് കൃത്യമായി തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുകയും ഗുണഭോക്താക്കളുടെ യോഗം വിളിച്ചുചേർത്ത് പാർപ്പിട നിർമ്മാണത്തിന്റെ വിവിധ ഘട്ടപ്രവർത്തനങ്ങൾ സംബന്ധിച്ച അവബോധം ഗുണഭോക്താക്കൾക്ക് നൽകുകയും ചെയ്യുക.
- ➢ അർഹരായ ഒരു ഗുണഭോക്താവും പട്ടികയിൽ നിന്നും ഒഴിവാകുന്നില്ല എന്ന് ഉറപ്പാക്കുന്നതിനാവശ്യമായ സാമൂഹിക ജാഗ്രത രൂപപ്പെടുത്തുക.
- ➢ ഓരോ കുടുംബത്തിന്റേയും ആവശ്യം കണക്കിലെടുത്തുകൊണ്ടും സാമ്പത്തികശേഷി പരിഗണിച്ചുകൊണ്ടും അനുവദനീയമായ സാമ്പത്തിക സഹായത്തിനകത്തുനിന്നുകൊണ്ട് വീട് നിർമ്മിക്കുന്നതിനാവശ്യമായ അവബോധം ഗുണഭോക്താക്കളിൽ സൃഷ്ടിക്കുക.
- ➢ പാർപ്പിട നിർമ്മാണത്തിലെ ദുർവ്യയം ഒഴിവാക്കുന്നതിനും ചെലവു കുറഞ്ഞതും പ്രകൃതിക്കിണങ്ങിയതുമായ നിർമ്മാണസാമഗ്രികൾ ഉപയോഗിക്കുന്നതിനുമാവശ്യമായ മനോഭാവം വളർത്തുക.
- ➢ ആവശ്യമായ വിദഗ്ദ്ധ തൊഴിലാളികളെ പരിശീലിപ്പിക്കുന്നതിനും നിർമ്മാണസാമഗ്രികൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിനുമാവശ്യമായ സഹായം ലഭ്യമാക്കുക.
- ➢ അർഹരായ ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിനാവശ്യമായ ധനസഹായത്തിന്റെ ഒന്നാം ഗഡു ലഭ്യമാക്കുകയും തുടർന്നുള്ള സഹായത്തിനാവശ്യമായ വായ്പ സമാഹരിക്കുന്നതിന് ബാങ്കുകളുടെ സഹായം തേടുകയും ചെയ്യുക.

പ്രാദേശിക വികസന പ്രവർത്തനങ്ങളിൽ കുടുംബശ്രീ സംവിധാനത്തിന്റെ സംഘടനാശേഷി പ്രയോജനപ്പെടുത്തി വികസനഭരണത്തിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കുക എന്നതാണ് ജനകീയ ക്യാമ്പയിന്റെ സുപ്രധാനമായ ലക്ഷ്യം. ഇതിനുള്ള തയ്യാറെടുപ്പുകൾ തദ്ദേശഭരണസ്ഥാപനങ്ങൾ കൂടുതൽ കാര്യക്ഷമമായി ഏറ്റെടുക്കുന്നതിനുള്ള പരിശ്രമത്തിലാണ്.



- ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനവും പാർപ്പിട നിർമ്മാണവും പരസ്പരം സംയോജിപ്പിച്ചുകൊണ്ട് വീട് നിർമ്മിക്കുന്നതിനുള്ള തറ നിരപ്പാക്കൽ, വാനം വെട്ടൽ, മണ്ണ് നിരത്തൽ എന്നീ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ചെയ്യുക.
- തദ്ദേശഭരണസ്ഥാപനതലത്തിലുള്ള സാങ്കേതിക വിദഗ്ദ്ധരടങ്ങിയ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ച് ഗുണഭോക്താക്കൾക്ക് യഥാസമയം സാങ്കേതിക ഉപദേശം ലഭ്യമാക്കുക.

സമൂഹത്തിലെ ഏറ്റവും ദുർബ്ബലരായ ജനങ്ങളുടെ പാർപ്പിട പ്രശ്നം ഒറ്റയടിക്ക് പരിഹരിക്കാം എന്ന വ്യാമോഹം തദ്ദേശഭരണസ്ഥാപനങ്ങൾക്കുണ്ടാകാൻ പാടില്ല. ആസൂത്രിതമായും ഘട്ടം ഘട്ടമായുമുള്ള ഇടപെടലിലൂടെ മാത്രമേ നിലവിലുള്ള സാഹചര്യത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് പാർപ്പിടപ്രശ്നത്തിന് പൂർണ്ണ പരിഹാരം കാണാനാവുകയുള്ളു. സ്വന്തമായി സ്ഥലമുള്ളവരും സുരക്ഷിതമായ പാർപ്പിടമില്ലാത്തവരുമായ പരമദരിദ്രരായ ജനങ്ങളുടെ പുനരധിവാസത്തിനുള്ള പരിശ്രമങ്ങൾ ആദ്യം നടത്തുക. അതിന്റെ തുടർച്ചയായി മാത്രമേ ഒരു വീട്ടിൽ താമസിക്കുന്ന ഒന്നിലധികം കുടുംബങ്ങൾക്ക് മാറിതാമസിക്കുന്നതിനാവശ്യമായ സൗകര്യം ഏർപ്പെടുത്തുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കഴിയൂ. ഇത്തരത്തിൽ പ്രായോഗികവും വസ്തുനിഷ്ഠവുമായ കാഴ്ചപ്പാട് പാർപ്പിട പ്രശ്നപരിഹാരത്തിൽ സ്വീകരിക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾ തയ്യാറാകേണ്ടതുണ്ട്. ഏറ്റവും ദുർബ്ബലരും അശരണരുമായ കുടുംബങ്ങൾക്ക് സഹായം ആദ്യം ഉറപ്പാക്കുക എന്ന നീതിപൂർവ്വമായ സമീപനത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾ ഉറച്ചുനിൽക്കേണ്ടതുണ്ട്. ലഭ്യമായ വിഭവശേഷി കണക്കിലെടുക്കാതെ തയ്യാറാക്കുന്ന പാർപ്പിട പദ്ധതി തദ്ദേശഭരണസ്ഥാപനങ്ങളെ പ്രതിസന്ധിയിലാക്കുകയും ഭാവി വികസന മുരടിപ്പിന് വഴി തെളിക്കുകയും ചെയ്യുമെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നിലവിൽ വാസയോഗ്യമായ വീടില്ലാത്തവരുടെ പാർപ്പിട പ്രശ്നത്തിന് തന്നെയാവണം ഇ.എം.എസ്. പാർപ്പിട പദ്ധതിയിൽ മുൻഗണന നൽകേണ്ടത്.

### തൊഴിലുറപ്പ് പദ്ധതിയുടെ വെല്ലുവിളിയും സാദ്ധ്യതയും

ക്യാമ്പയിന്റെ മറ്റൊരു പ്രധാനപ്പെട്ട ഊന്നൽ കേരളത്തിന്റെ കാർഷിക വികസനത്തിനും ഭക്ഷ്യസുരക്ഷിതത്വത്തിനും സഹായകമായവിധം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുക എന്നതാണ്. കേരളത്തിന്റെ സവിശേഷമായ സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ടുമാത്രമേ



> ഏറ്റവും ദുർബ്ബലരും അശരണരുമായ കുടുംബങ്ങൾക്ക് സഹായം ആദ്യം ഉറപ്പാക്കുക എന്ന നീതിപൂർവ്വമായ സമീപനത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾ ഉറച്ചു നിൽക്കേണ്ടതുണ്ട്. ലഭ്യമായ വിഭവശേഷി കണക്കിലെടുക്കാതെ തയ്യാറാക്കുന്ന പാർപ്പിട പദ്ധതി തദ്ദേശഭരണസ്ഥാപനങ്ങളെ പ്രതിസന്ധിയിലാക്കുകയും ഭാവി വികസന മുരടിപ്പിന് വഴിതെളിക്കുകയും ചെയ്യുമെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നിലവിൽ വാസയോഗ്യമായ വീടില്ലാത്തവരുടെ പാർപ്പിട പ്രശ്നത്തിന് തന്നെയാവണം ഇ.എം.എസ്. പാർപ്പിട പദ്ധതിയിൽ മുൻഗണന നൽകേണ്ടത്.

തൊഴിലുറപ്പ് പദ്ധതി നടപ്പാക്കാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കഴിയുകയുള്ളു. കായികാധ്വാനമടങ്ങിയ തൊഴിലുകൾക്ക് അന്യസംസ്ഥാനത്തെ തൊഴിലാളികളെ ആശ്രയിക്കേണ്ടിവരുന്നു എന്നതും അഭ്യസ്തവിദ്യരായ തൊഴിൽരഹിതരാണ് കേരളത്തിലേത് എന്നതുമെല്ലാം കേരളത്തിലെ തൊഴിലുറപ്പ് പദ്ധതിനിർവ്വഹണത്തിൽ നേരിടുന്ന പ്രധാന വെല്ലുവിളികളാണ്. പൊതു ഭൂമിയുടേയും സാമൂഹിക ഉടമസ്ഥതയിലുള്ള ഭൂമിയുടേയും ലഭ്യതയില്ലായ്മയും പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് സ്വന്തമായി വേണ്ടത്ര ഭൂമിയില്ലാത്ത അവസ്ഥയുമെല്ലാം കേരളത്തിലെ തൊഴിലുറപ്പ് പദ്ധതിനിർവ്വഹണം നേരിടുന്ന മറ്റ് വെല്ലുവിളികളാണ്. ഇത്തരം സാഹചര്യം നിലനിൽക്കുമ്പോഴും പഞ്ചായത്തുകളുടെ പൂർണ്ണമായ ചുമതലയിൽ, സുതാര്യമായും തൊഴിലാളികൾക്ക് പ്രയോജനകരമായും തൊഴിലുറപ്പ് പദ്ധതി നടപ്പാക്കി രാജ്യത്തിനാകെ മാതൃകയായി മാറാൻ കേരളത്തിലെ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കഴിഞ്ഞു എന്നത് ഏറെ അഭിമാനകരമാണ്.

ശക്തമായതും ജനകീയാടിത്തറയുള്ളതുമായ പഞ്ചായത്ത് ഭരണസംവിധാനം സൃഷ്ടിക്കുന്നതിന് ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ കേരളത്തിന് കഴിഞ്ഞു എന്നതാണ് കേരളത്തിന്റെ തൊഴിലുറപ്പു പദ്ധതി ആസൂത്രണവും നിർവ്വഹണവും ഇത്രയേറെ ഉയർന്ന ഗുണമേന്മ കൈവരിക്കാനിടയാക്കിയത്. കുടുംബശ്രീ സംവിധാനത്തിന്റെ സാമൂഹിക മൂലധനം, കേരളത്തിലെ തൊഴിലുറപ്പ് പദ്ധതി ആസൂത്രണവും നിർവ്വഹണ സംഘാടനവും കൂടുതൽ ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് പഞ്ചായത്തുകൾക്ക് സഹായകമായി.

### കുടുംബശ്രീയുടെ മുന്നേറ്റം

പ്രാദേശിക വികസന പ്രവർത്തനങ്ങളിൽ കുടുംബശ്രീ സംവിധാനത്തിന്റെ സംഘടനാശേഷി പ്രയോജനപ്പെടുത്തി വികസന ഭരണത്തിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കുക എന്നതാണ് ജനകീയ ക്യാമ്പയിന്റെ സുപ്രധാനമായ ലക്ഷ്യം. ഇതിനുള്ള തയ്യാറെടുപ്പുകൾ തദ്ദേശഭരണസ്ഥാപനങ്ങൾ കൂടുതൽ കാര്യക്ഷമമായി ഏറ്റെടുക്കുന്നതിനുള്ള പരിശ്രമത്തിലാണ്. കുടുംബശ്രീ സംവിധാനത്തിന്റെ സംഘടനാപരമായ ഐക്യവും കെട്ടുറപ്പും ഉറപ്പാക്കി പ്രാദേശിക സാമ്പത്തിക വികസന പ്രവർത്തനങ്ങളിൽ ഫലപ്രദമായി ഇടപെടുന്നതിനും ക്യാമ്പയിനിലൂടെ തദ്ദേശഭരണസ്ഥാപനങ്ങൾ പരിശ്രമങ്ങൾ നടത്തുന്നതാണ്. സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം ലക്ഷ്യം വച്ചുകൊണ്ട് നിരവധി സൂക്ഷ്മസംരംഭങ്ങൾ ഫലപ്രദമായി പ്രവർത്തിപ്പിക്കേണ്ടതുണ്ട്. ചെറുകിട സംരംഭങ്ങളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് കമ്മ്യൂണിറ്റി മാർക്കറ്റിംഗ് നെറ്റ്‌വർക്ക് സംവിധാനം കുറേക്കൂടി കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ കഴിയണം. കുടുംബശ്രീയുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള സംഘകൃഷി 5,000 ഹെക്ടറിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള തീവ്രശ്രമങ്ങൾ നടക്കുന്നു. അതുപോലെ 50,000 അഗതി കുടുംബങ്ങൾക്ക് അതിജീവന സഹായം നൽകുന്നതിനുള്ള വിപുലമായ കർമ്മപരിപാടികളാണ് 'ആശ്രയ' പദ്ധതി വഴി ആവിഷ്ക്കരിച്ചിട്ടുള്ളത്.



കായികാധ്വാനമടങ്ങിയ തൊഴിലുകൾക്ക് അന്യസംസ്ഥാനത്തെ തൊഴിലാളികളെ ആശ്രയിക്കേണ്ടിവരുന്നു എന്നതും അഭ്യസ്തവിദ്യരായ തൊഴിൽരഹിതരാണ് കേരളത്തിലേത് എന്നതുമെല്ലാം കേരളത്തിലെ തൊഴിലുറപ്പ് പദ്ധതിനിർവ്വഹണത്തിൽ നേരിടുന്ന പ്രധാന വെല്ലുവിളികളാണ്. പൊതു ഭൂമിയുടേയും സാമൂഹിക ഉടമസ്ഥതയിലുള്ള ഭൂമിയുടേയും ലഭ്യതയില്ലായ്മയും പട്ടികജാതിപട്ടികവർഗ്ഗക്കാർക്ക് സ്വന്തമായി വേണ്ടത്ര ഭൂമിയില്ലാത്ത അവസ്ഥയുമെല്ലാം കേരളത്തിലെ തൊഴിലുറപ്പ് പദ്ധതിനിർവ്വഹണം നേരിടുന്ന മറ്റ് വെല്ലുവിളികളാണ്.

**ആത്മവിശ്വാസത്തോടെയുള്ള നേതൃത്വം**

തൊഴിലും വീടും ജനകീയ ക്യാമ്പയിന് നേതൃത്വം നൽകുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും സന്നദ്ധസാങ്കേതിക വിദഗ്ദ്ധർക്കും ഉയർന്ന ആത്മവിശ്വാസം ആർജ്ജിക്കുന്നതിനും ഇ.എം.എസ്. പാർപ്പിട പദ്ധതി, തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ പരിപാടി എന്നിവയുടെ കാര്യക്ഷമവും സമയബന്ധിതവുമായ നിർവ്വഹണത്തിനും വേണ്ടി ഇതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന സംശയങ്ങൾ ദുരീകരിക്കുന്നതിനും കൂടുതൽ ആശയ വ്യക്തത കൈവരിക്കുന്നതിനും വിപുലമായ പരിശീലന പരിപാടികൾക്ക് തദ്ദേശസ്വയംഭരണ വകുപ്പിന്റേയും 'കില' യുടേയും നേതൃത്വത്തിൽ ഇതിനകം തുടക്കം കുറിച്ചുകഴിഞ്ഞു. ആദ്യഘട്ടമായി പതിനായിരത്തിലധികം പേർക്ക് പരിശീലനം നൽകികഴിഞ്ഞു. ക്യാമ്പയിനുമായി ബന്ധപ്പെട്ട മൂന്ന് പ്രധാന പ്രവർത്തന പരിപാടികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രായോഗിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും സംശയദുരീകരണത്തിനും പരിശീലനം സഹായകമായിട്ടുണ്ട്. തുടർന്ന് ഇ.എം.എസ്. പാർപ്പിട പദ്ധതിക്ക് ജില്ലാതലത്തിൽ നേതൃത്വം നൽകുന്ന മാനേജ്മെന്റ് കമ്മിറ്റിക്കും തദ്ദേശഭരണസ്ഥാപനത്തിലുള്ള സാങ്കേതിക പിന്തുണാസംവിധാനത്തിനും പരിശീലനം നൽകുന്നതിനുള്ള തയ്യാറെടുപ്പുകൾ പൂർത്തിയായിവരികയാണ്. ഇത്തരം സംവിധാനങ്ങളെ സജ്ജമാക്കി ഓരോ ഗുണഭോക്താവിനും പാർപ്പിട നിർമ്മാണവുമായി ബന്ധപ്പെട്ട വിദഗ്ദ്ധോപദേശവും സാങ്കേതിക സഹായവും പാർപ്പിട നിർമ്മാണത്തിന്റെ ഓരോ ഘട്ടത്തിലും നൽകുന്നതിനാവശ്യമായ പ്രവർത്തനം ഏറ്റെടുക്കുന്നതാണ്. ദുർബ്ബലരായ ജനങ്ങൾക്ക് പാർപ്പിട നിർമ്മാണത്തിന് ധനസഹായം നൽകുന്നതോടൊപ്പം വീട് വയ്ക്കും എന്നും, നിർ മ്മിക്കുന്ന വീടുകൾ സുരക്ഷിതവും വാസയോഗ്യവും ആയിരിക്കും എന്നും ഉറപ്പാക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഇതിലൂടെ കഴിയും.

തൊഴിലുറപ്പ് പദ്ധതി, കേരളത്തിന്റെ കാർഷിക വികസനത്തിന് പ്രയോജനപ്പെടുത്തുന്നതിന് കഴിയുംവിധം ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് നീർത്തട വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള വിപുലമായൊരു പരിശീലനത്തിന് 'കില' തുടക്കം കുറിച്ചുകഴിഞ്ഞു. സംസ്ഥാനത്തെ വിവിധ ജില്ലാ കേന്ദ്രങ്ങളിൽ വച്ച് ഈ വർഷം നവംബർ ഡിസംബർ മാസങ്ങളിലായി നീർത്തട വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള പരിശീലനം പൂർത്തിയാക്കാൻ കഴിയും. പ്രകൃതി വിഭവങ്ങൾ പരിപാലിച്ചുകൊണ്ട് കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും പരിസ്ഥിതി സംരക്ഷിക്കുന്നതിനും സഹായകമായവിധം തൊഴിലുറപ്പ് പദ്ധതിയെ പ്രയോജനപ്പെടുത്തുന്നതിനും ഉയർന്ന സാമൂഹിക നേട്ടങ്ങൾ കൈവരിക്കുന്നതിനും ഇത് ഏറെ സഹായകമാവുമെന്നുറപ്പാണ്. ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് സഹായകമായ വൃക്ഷവത്കരണത്തിനും പരിസ്ഥിതി പുനസ്ഥാപനത്തിനും കഴിയുംവിധം തൊഴിലുറപ്പ് പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനും പുതിയൊരു ചുവടുവയ്പായി ഈ പ്രവർത്തനം മാറും. കേരളത്തിലെ കർഷകസമൂഹത്തെ പ്രാദേശിക വികസന പ്രക്രിയയിൽ പങ്കാളികളാക്കുന്നതിനും സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും പ്രയോജനകരമാംവിധം തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഈ പ്രവർത്തനത്തിലൂടെ കഴിയുമെന്നുറപ്പാണ്.

തദ്ദേശഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന പ്രാദേശിക വികസന പ്രവർത്തനങ്ങളിൽ എല്ലാംതന്നെ കുടുംബശ്രീ സംവിധാനത്തെ പ്രയോജനപ്പെടുത്തുക എന്നതും പ്രാദേശിക ഭരണനിർവ്വഹണത്തിൽ വർദ്ധിച്ച സ്ത്രീപങ്കാളിത്തം ഉറപ്പാക്കുക എന്നതും ജനകീയ ക്യാമ്പയിന്റെ പ്രധാനപ്പെട്ട ലക്ഷ്യമാണ്. ഇ.എം.എസ്. പാർപ്പിട പദ്ധതിയുടേയും ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടേയും നടത്തിപ്പിൽ കുടുംബശ്രീ സംവിധാനത്തെ പൂർണ്ണമായും പങ്കാളികളാക്കി അതുവഴി തദ്ദേശഭരണസ്ഥാപനങ്ങളുടെ ദരിദ്രജന പക്ഷപാതിത്വം ആവർത്തിച്ച് തെളിയിക്കുക എന്നതും സുപ്രധാനമാണ്. കുടുംബശ്രീ സംവിധാനത്തിലൂടെ സ്ത്രീകളുടെ പരസ്പര സഹകരണവും ഐക്യവും സാമൂഹികമായ കരുത്തും വളർത്തിയെടുത്ത് നാടിന്റെ വികസനത്തിന് മുതൽകൂട്ടാക്കുക എന്നതിനോടൊപ്പം സ്ത്രീപദവി ഉയർത്തുന്നതിലും തദ്ദേശഭരണസ്ഥാപനങ്ങൾ ഈ ക്യാമ്പയിനിലൂടെ പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ■

*ലേഖകൻ 'കില' ഡയറക്ടറാണ്.*



എൻ. സുരാജ്

# ജൈവ വൈവിധ്യ സംരക്ഷണം

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

അപൂർവ്വവും അമൂല്യവുമായ ജൈവ വൈവിധ്യത്തിന്റെ സാന്നിദ്ധ്യം കൊണ്ട് സമ്പന്നമാണ് നമ്മുടെ സംസ്ഥാനം. കേരളം ഉൾപ്പെടുന്ന പശ്ചിമഘട്ട മലനിരകൾ ലോകത്തിലെ മഹാജനിതക കലവറകളായി അംഗീകരിക്കപ്പെട്ടിട്ടുള്ള അപൂർവ്വ പ്രദേശങ്ങളിൽ ഒന്നാണ്. പക്ഷേ സംരക്ഷണത്തിന്റെ കാര്യത്തിൽ ഗുരുതരമായ പ്രതിസന്ധിയിലാണ് ഈ പ്രദേശം. നിലനില്പിന് ഭീഷണിയും പ്രതിസന്ധിയും നേരിടുന്ന ജൈവ വൈവിധ്യ മണ്ഡലങ്ങളെ ആഗോളതലത്തിൽ കണ്ടെത്തുകയും അവയിൽ 25 പ്രദേശങ്ങളെ അതീവ ജാഗ്രതാ പ്രദേശങ്ങളായി പ്രഖ്യാപിക്കുകയും ചെയ്തപ്പോൾ നമ്മുടെ പശ്ചിമഘട്ടവും അതിൽപ്പെട്ടു എന്നത് പ്രശ്നത്തിന്റെ ഗുരുതരാവസ്ഥയെ കാണിക്കുന്നു. അപൂർവ്വ ജൈവജനുസ്സുകളുടെ സാന്ദ്രത, വൈവിധ്യം, ആവാസവ്യവസ്ഥകളുടെ നാശത്തിന്റെ രൂക്ഷത, ശേഷിക്കുന്ന പ്രകൃതിദത്ത സസ്യാവരണത്തിന്റെ അവസ്ഥ, കാലാവസ്ഥയിലെ വ്യതിയാനം, തുടങ്ങിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ജൈവമണ്ഡലങ്ങളെ അതീവജാഗ്രതാ പ്രദേശങ്ങളായി അന്താരാഷ്ട്ര പരിസ്ഥിതി പൈതൃക സംരക്ഷണ സംഘടനയായ കൺസർവേഷൻ ഇന്റർനാഷണൽ പരിഗണിച്ചത്. 2005 ൽ ഒമ്പത് പ്രദേശങ്ങൾ കൂടി ഇതിൽ ഉൾപ്പെടുത്തി. ഇത്തരത്തിൽ 34 പ്രദേശങ്ങൾ ഇപ്പോൾ നിലവിലുണ്ട്. ഇതിന്റെ അർത്ഥം, സുജലയും വരദയും ആയിരുന്ന നമ്മുടെ സസ്യശ്യാമളകോമള ദേശം പരിസ്ഥിതി സംരക്ഷണത്തിന്റെ കാര്യത്തിൽ ഇന്ന് ഇന്റൻസീവ് കെയർ യൂണിറ്റിലാണ് എന്നത്രെ. ഇതിന്റെ ഗൗരവം ഉൾക്കൊള്ളാതെ തരമില്ല. ഇരിക്കുന്ന കൊമ്പ് മുറിക്കുന്ന അസുരവിത്തുകളുടെ നാടെന്ന അപഖ്യാതി നേടാതിരിക്കാൻ സത്യസന്ധവും ബോധപൂർവ്വവുമായ പ്രവർത്തനങ്ങളിലൂടെ നാം പരിശ്രമിച്ചേ മതിയാവൂ. രാജ്യത്തിന്റെ ഭൂവിസ്തൃതിയുടെ 5 ശതമാനം മാത്രമുള്ള പശ്ചിമഘട്ടത്തിലാണ് രാജ്യത്തിലെ ജൈവ വൈവിധ്യത്തിന്റെ 35 ശതമാനവും കേന്ദ്രീകരിച്ചിരിക്കുന്നതെന്ന യാഥാർത്ഥ്യം നമ്മുടെ ഉത്തരവാദിത്തം ഗൗരവമേറിയതാക്കുന്നു. ജൈവവൈവിധ്യ സമ്പന്നതയുടെ കാര്യത്തിൽ ലോകത്തിൽ ഏഴാമതാണ് പശ്ചിമഘട്ടത്തിന്റെ സ്ഥാനം.

### എന്താണ് ജൈവ വൈവിധ്യം (Biodiversity)

“Everything that lives,
lives not alone, not for itself"
William Blake

ഭൂമിയിലെ ജീവന്റെ ആകെത്തുകയാണ് ജൈവവൈവിധ്യം. ഓരോ ജീവിയും അതിന്റെ സ്വാഭാവിക പരിസ്ഥിതിയിൽ സ്വന്തം ജീവി ഇനത്തിലെ (Species) അംഗങ്ങളുമായും, മറ്റുള്ള ജീവി ഇനങ്ങളുമായും പലവിധത്തിൽ ബന്ധപ്പെട്ടുകൊണ്ടാണ് ജീവിക്കുന്നത്. പലവിധത്തിലുള്ള അന്യോന്യ ഇടപെടലുകൾക്ക് ഇത് കാരണമാകും. ഇന്ത്യയിൽ മാത്രം 46,000 നുമേൽ സസ്യജീവി ഇനങ്ങളും 80,000 നുമേൽ ജന്തുജീവി ഇനങ്ങളും ഉണ്ടെന്ന് ഔദ്യോഗികമായി രേഖപ്പെടുത്തിയിട്ടുണ്ട്. ലോകത്താകെ 17 ലക്ഷത്തിലധികം ജീവി ഇനങ്ങൾ ഉണ്ടെന്നാണ് കണക്ക്. ഇപ്രകാരം എല്ലാ ഉറവിടങ്ങളിൽനിന്നുമുള്ള ജീവികൾ തമ്മിലും, ജീവികളും അവ ഭാഗമായ പരിസ്ഥിതി ശൃംഖലകൾ തമ്മിലും ഉള്ള വൈവിധ്യമാണ് ജൈവവൈവിധ്യം. ഒരേ ഇനത്തിലുള്ള ജീവികൾ തമ്മിലും, ജീവി ഇനങ്ങൾ തമ്മിലും ജീവി ഇനങ്ങളും ആവാസവ്യവസ്ഥകളും തമ്മിലും ഉള്ള വൈവിധ്യവും ഇതിൽപ്പെടുന്നു. ഒരേ ജീവി ഇനം നിവസിക്കുന്ന വിവിധ സ്ഥലങ്ങൾ അഥവാ സ്വഭാവികവാസസ്ഥാന വൈവിധ്യം, ഒരേ ഇനത്തിലെ ജീവികളിൽ കാണുന്ന വ്യത്യസ്തമായ ജനിതകവിവരങ്ങൾ അഥവാ ജനിതക വൈവിധ്യം എന്നിവയും ഇതിൽ ഉൾ പ്പെടും (വകുപ്പ്. 2 ബി)

ജൈവവൈവിധ്യവും ജൈവവിഭവങ്ങളും (Biological Resources) വ്യത്യസ്ത സംജ്ഞകളാണ്. ജൈവവിഭവങ്ങൾ

എന്നാൽ സസ്യങ്ങൾ, ജന്തുക്കൾ, സൂക്ഷ്മ ജീവികൾ, അവയുടെ ഉപോല്പന്നങ്ങൾ (മൂല്യവർദ്ധിത വസ്തുക്കൾ ഒഴികെ) സാധ്യമായ ഉപയോഗം, മൂല്യം എന്നിങ്ങനെയാണ് അർത്ഥമാക്കുന്നത്. എന്നാൽ ഇതിൽ മനുഷ്യ ജനിതകവിഭവങ്ങൾ ഉൾപ്പെടുന്നുമില്ല (വകുപ്പ് 2 സി). ഭൂമിയിലെ ജൈവവിഭവങ്ങൾ മനുഷ്യരാശിയുടെ സാമ്പത്തികവും സാമൂഹികവുമായ വികാസത്തിന് അനുപേക്ഷണീയമായ ആസ്തിയാണെന്ന അംഗീകാരത്തിന് പ്രതിദിനം പ്രാധാന്യമേറിവരുന്നുണ്ട്. എന്നാൽ മനുഷ്യ ഇടപെടൽ മൂലം ജൈവസമ്പത്തിനും ആവാസവ്യവസ്ഥകൾക്കും വന്നുചേരുന്ന വിനാശത്തിന്റെ വേഗം വർദ്ധിക്കുന്നു എന്നത് പ്രശ്നത്തെ സങ്കീർണ്ണമാക്കുന്നു. മണ്ണും ജലവും വായുവും ജൈവ സമ്പത്തും സംരക്ഷിച്ചുകൊണ്ടും പരസ്പര പൂരകമായും വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കാൻ കഴിയുക എന്നതാണ് ആധുനികമായ വികസന കാഴ്ചപ്പാട്.

**ഭൗമഉച്ചകോടി (Earth Summit)**

പരിസ്ഥിതി സംരക്ഷണവുമായി പൊരുത്തപ്പെടുത്തിക്കൊണ്ട് സുസ്ഥിരമായ സാമ്പത്തിക വികസനം എങ്ങനെ സുസാധ്യമാക്കാം എന്ന ചിന്തയുമായി 1992 ൽ റിയോ-ഡി-ജനീറോയിൽ ഐക്യരാഷ്ട്ര സംഘടനയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ഐക്യരാഷ്ട്ര പരിസ്ഥിതി – വികസന സമ്മേളനമാണ് ഭൗമ ഉച്ചകോടി എന്ന് അറിയപ്പെടുന്നത്. 117 രാഷ്ട്രത്തലവന്മാർ ഉൾപ്പെടെ 178 രാജ്യങ്ങളിലെ പ്രതിനിധികൾ പങ്കെടുത്ത ഈ സമ്മേളനം ഏറ്റവും കൂടുതൽ ലോകനേതാക്കൾ പങ്കെടുത്ത ചരിത്ര സമ്മേളനമായിരുന്നു. ജൈവവൈവിധ്യം, ആഗോളതാപനം, സുസ്ഥിരവികസനം, മഴക്കാടുകളുടെ സംരക്ഷണം എന്നിവ ആയിരുന്നു സമ്മേളനത്തിലെ പ്രധാന ചർച്ചാ വിഷയങ്ങൾ. ഈ സമ്മേളനത്തിൽ പങ്കെടുക്കുകയും അന്താരാഷ്ട്ര ഉടമ്പടിയിൽ ഒപ്പുവെയ്ക്കുകയും ചെയ്ത രാജ്യമാണ് ഇന്ത്യ.

**2002 ലെ ജൈവവൈവിധ്യ നിയമം**

അന്താരാഷ്ട്ര ഉടമ്പടിയുടെ തുടർച്ചയായി ഇന്ത്യയിൽ നടന്ന നിയമനിർമ്മാണമാണ് 2002 ലെ ജൈവ വൈവിധ്യ നിയമം (Biological Diversity Act 2002). രാജ്യത്തിലെ ജൈവ വൈവിധ്യ സംരക്ഷണം, ജൈവവിഭവങ്ങളുടെ സുസ്ഥിരമായ ഉപയോഗം, ഉപയോഗത്തിൽ നിന്നും ലഭിക്കുന്ന പ്രയോജനങ്ങളുടെ (Benefits) നീതിപൂർവ്വമായ വിന്യാസം, ഇവയിലൂടെ ലഭ്യമാകുന്ന അറിവിന്റെ സംരക്ഷണവും വിനിയോഗവും തുടങ്ങിയ കാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നതാണ് ഈ കേന്ദ്രനിയമം. നിയമം നടപ്പാക്കുന്നതിനായി ദേശീയ ജൈവ വൈവിധ്യ അതോറിട്ടി രൂപവത്കരിക്കണമെന്ന വ്യവസ്ഥ പ്രകാരം ഒരു അതോറിട്ടി ഇപ്പോൾ നിലവിലുണ്ട്. നിയമത്തിന്റെ 62,63 വകുപ്പുകൾ പ്രകാരം കേന്ദ്രസർക്കാരിനും സംസ്ഥാന സർക്കാരുകൾക്കും നിയമത്തിലെ വ്യവസ്ഥകൾ പ്രാവർത്തികമാക്കുന്നതിന് വേണ്ടി ആവശ്യമായ ചട്ടങ്ങൾ നിർമ്മിക്കാവുന്നതാണ്. ഇത് പ്രകാരം 2004 ൽ കേന്ദ്ര സർക്കാരും 2008 ൽ കേരള സർക്കാരും ചട്ടങ്ങൾക്ക് രൂപം നൽകി. നിയമത്തിന്റെ 41-ാം വകുപ്പിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികൾക്ക് രൂപം നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

**2008 ലെ കേരള ജൈവവൈവിധ്യ ചട്ടങ്ങൾ**

10.6.2008 ലെ ജി.ഓ. (പി) 1/2008/പരിസ്ഥിതി നമ്പർ ആയി കേരള ജൈവവൈവിധ്യ ചട്ടങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. നിയമം നടപ്പാക്കുന്നതിനുവേണ്ടി സംസ്ഥാനത്ത് ഒരു ജൈവവൈവിധ്യ ബോർഡും (Kerala State Biodiversity Board KSBB) നിലവിലുണ്ട്. ജൈവ സമ്പത്തുകൾ വ്യാപാര-വ്യവസായ ആവശ്യത്തിന് ശേഖരിക്കുവാൻ ആഗ്രഹിക്കുന്ന ഏതൊരു ഇന്ത്യൻ പൗരനും നിശ്ചിത ഫോറത്തിൽ നിശ്ചിത തുക ഫീസായി ഒടുക്കി ബോർഡിന് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഈ അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിന് മുമ്പ് ബോർഡ് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപന തലത്തിലുള്ള ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റിയുമായി കൂടിയാലോചിക്കണമെന്നും ചട്ടത്തിൽ വ്യവസ്ഥയുണ്ട് (ച. 16) നിയമത്തിലെ 41 (2) വകുപ്പിലും ഇക്കാര്യം നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഏതെങ്കിലും പ്രദേശം ജൈവവൈവിധ്യ പൈതൃകസ്ഥാനമായി (Heritage site) പ്രഖ്യാപിക്കേണ്ടതുണ്ടെങ്കിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനവുമായി കൂടിയാലോചിച്ച ശേഷം ബോർഡിന് അപ്രകാരം പ്രഖ്യാപിക്കുന്നതിന് സംസ്ഥാന സർക്കാരിനോട് ശുപാർശ ചെയ്യാവുന്നതാണ്. (ച. 19)

**ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികൾ**

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും അതിന്റെ ഭരണ പ്രദേശത്തിനുള്ളിൽ പ്രവർത്തിക്കുന്നതിന് വേണ്ടി ഒരു ജൈവ വൈവിധ്യ മാനേജ്മെന്റ് കമ്മിറ്റി രൂപവത്ക്കരിക്കേണ്ടതാണ് (ച. 20, വകുപ്പ് 41) ചട്ടപ്രകാരം ഓരോ ഗ്രാമപഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലും ഇത്തരം കമ്മിറ്റികൾക്ക് രൂപം നൽകണം. കമ്മിറ്റികൾ രൂപീകരിക്കേണ്ട ചുമതല അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിനാണ്.

**ഘടന**

ജൈവ വൈവിധ്യ മാനേജ്മെന്റ് കമ്മിറ്റിയുടെ (Biodiversity Management committee - BMC) അദ്ധ്യക്ഷൻ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷനും സ്ഥാപനത്തിന്റെ സെക്രട്ടറി കമ്മിറ്റി യുടെ മെമ്പർ സെക്രട്ടറിയും ആയിരിക്കും. മെമ്പർ സെക്രട്ടറിയാണ് BMC യുടെ എല്ലാ രേഖകളും തയ്യാറാക്കേണ്ടതും സൂക്ഷിക്കേണ്ടതും.

**അംഗങ്ങൾ :** അദ്ധ്യക്ഷൻ, മെമ്പർ സെക്രട്ടറി എന്നിവരെക്കൂടാതെ ആറ് അംഗങ്ങളെ അതത് തദ്ദേശസ്വയംഭരണ സ്ഥാപനം നാമനിർദ്ദേശം ചെയ്യണം. ഇതിൽ രണ്ടു പേരെങ്കിലും വനിതകളായിരിക്കണം. ഒരാളെങ്കിലും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടയാളും ആയിരിക്കണം. അപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്നവർ താഴെ പറയുന്ന വിഭാഗത്തിലുള്ളവർ ആയിരിക്കേണ്ടതാണ്.

- ഹെർബലിസ്റ്റുകൾ/നാട്ടുവൈദ്യന്മാർ
- കർഷകർ



- വന ഉല്പന്നങ്ങൾ (തടി അല്ലാത്തവ) ശേഖരിക്കുകയും വിപണനം നടത്തുകയും ചെയ്യുന്നതിന് അനുമതിയുള്ളവർ
- മത്സ്യബന്ധനം/മത്സ്യകൃഷിയുമായി ഉപജീവനം നടത്തുന്നവർ (Fisher folks)
- പ്രയോജനാവകാശി/ഉപഭോക്തൃ സംഘടനകളുടെ പ്രതിനിധികൾ
- സാമൂഹിക പ്രവർത്തകർ
- അക്കദമിഷ്യൻമാർ/ഗവേഷകർ
- സംഘടനാ പ്രതിനിധികൾ

BMC യുടെ ചുമതലാ നിർവ്വഹണത്തിൽ അർത്ഥവത്തായ സംഭാവനകൾ നൽകാൻ പ്രാപ്തിയും സന്നദ്ധതയും സാമൂഹിക അംഗീകാരവും ഉണ്ടെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഉത്തമ ബോദ്ധ്യമുള്ളവരെ ആയിരിക്കണം കമ്മിറ്റിയിൽ നാമനിർദ്ദേശം ചെയ്യേണ്ടത്. ഇവരെല്ലാം തന്നെ അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ താമസക്കാരും അവിടുത്തെ വോട്ടർ പട്ടികയിൽ പേരുള്ളവരും ആയിരിക്കേണ്ടതാണ്.

**പ്രത്യേക ക്ഷണിതാക്കൾ:** നാമനിർദ്ദേശം ചെയ്യപ്പെടുന്ന ആറ് അംഗങ്ങളെക്കൂടാതെ വനം, കൃഷി, മൃഗ സംരക്ഷണം, ആരോഗ്യം, ഫിഷറീസ്, വിദ്യാഭ്യാസം എന്നീ വകുപ്പുകളിൽ നിന്നായി ആറ് പ്രത്യേക ക്ഷണിതാക്കളെ BMC യിലേക്ക് സ്ഥാനനിർദ്ദേശം ചെയ്യേണ്ടതാണ്. ഇവരെക്കൂടാതെ സ്ഥലത്തെ എം.എൽ.എ., എം.പി എന്നിവരും കമ്മിറ്റിയിലെ പ്രത്യേക ക്ഷണിതാക്കളായിരിക്കണം.

**BMC യുടെ ചുമതലകൾ:**

- ജൈവ വൈവിധ്യത്തിന്റെയും അതിന്റെ ഘടക ഭാഗങ്ങളുടെയും സുസ്ഥിരമായ ഉപയോഗം, സംരക്ഷണം, ജൈവവിഭവങ്ങളുടെ ഉപയോഗത്തിൽനിന്ന് ലഭിക്കുന്ന പ്രയോജനങ്ങളുടെ (benefits) നീതിപൂർവ്വമായ പങ്കുവെയ്ക്കൽ എന്നിവ ഉറപ്പാക്കുക.
- സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ജനകീയ ജൈവ വൈവിധ്യ രജിസ്റ്റർ (People's Biodiversity Register - PBR) തയ്യാറാക്കി അംഗീകരിക്കുക.
- PBR ൽ ശേഖരിക്കുന്ന അറിവുകൾ വ്യക്തികളും മറ്റ് ഏജൻസികളും ഉപയോഗിക്കുന്നത് നിയന്ത്രിക്കുക. ഉപയോഗം സംബന്ധിച്ച വിശദവിവരങ്ങൾ എഴുതി സൂക്ഷിക്കുക.
- നിയമ പ്രകാരമുള്ള പ്രവർത്തനങ്ങൾക്കായി ജൈവ വൈവിധ്യ ബോർഡുമായി കൂടിയാലോചന വേണ്ട സന്ദർഭങ്ങളിൽ അഭിപ്രായ രൂപീകരണം നടത്തി ബോർഡിനെ അറിയിക്കുക.
- പ്രാദേശിക വികസന ആസൂത്രണ പ്രക്രിയയിൽ ജൈവ വൈവിധ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുക.
- ജൈവവിഭവങ്ങളും ബന്ധപ്പെട്ട അറിവുകളും ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച ഉപാധികളും ഫീസും ജൈവവൈവിധ്യ ബോർഡിന്റെ മാർഗ്ഗ നിർദ്ദേശപ്രകാരം നിശ്ചയിക്കുക.
- ഇപ്രകാരം ശേഖരിക്കുന്ന ഫീസിന്റെ 80 ശതമാനം അതിന്റെ ഉല്പാദകന് നൽകുകയും ശേഷിക്കുന്ന 20 ശതമാനം BMC യുടെ പേരിലുള്ള പ്രാദേശിക ജൈവവൈവിധ്യ ഫണ്ടിൽ നിക്ഷേപിക്കുകയും ചെയ്യുക.
- സർക്കാർ ഭൂമിയിൽ നിന്നുള്ള ശേഖരണത്തിലൂടെ ലഭിക്കുന്ന മുഴുവൻ തുകകളും ഫണ്ടിൽ നിക്ഷേപിക്കുക.
- PBR ലെ വിവര ശേഖരണത്തിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക തല ജൈവവൈവിധ്യമാനേജ്മെന്റ് പ്ലാൻ (Biodiversity Management Plan - BMP) ബോർഡിന്റെ മാർഗ്ഗ നിർദ്ദേശപ്രകാരം തയ്യാറാക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുക.
- ഒരു പ്രാദേശിക ജൈവ വൈവിധ്യ നിധി രൂപീകരിക്കുക, ഇതിനായി ദേശസാൽകൃത ബാങ്കിൽ ചെയർമാന്റെ പേരിലോ, അദ്ദേഹം അധികാരപ്പെടുത്തുന്ന BMC യിലെ അംഗമായ ഉദ്യോഗസ്ഥന്റെ പേരിലോ ഒരു അക്കൗണ്ട് ആരംഭിക്കുക.
- കമ്മിറ്റിയുടെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് ചെയ്ത വരവ് ചെലവ് കണക്കും അടുത്ത വർഷം സെപ്തംബർ 30ന് മുമ്പായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് സമർപ്പിക്കുക.

**കുറ്റവും ശിക്ഷയും**

1. ഭാരത പൗരനല്ലാത്ത വ്യക്തിയോ ഭാരതത്തിൽ ഇൻകോർപറേറ്റ് ചെയ്യാത്തതോ, രജിസ്റ്റർ ചെയ്യാത്തതോ ആയ ഒരു കോർപറേറ്റ് സ്ഥാപനമോ അഥവാ രജിസ്റ്റർ ചെയ്തതാണെങ്കിൽ തന്നെ ഭാരതീയേതരമായ മൂലധനമോ പങ്കാളിത്തമോ ഉള്ള കോർപറേറ്റ് സ്ഥാപനമോ ദേശീയ ജൈവ വൈവിധ്യ അതോറിട്ടിയുടെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെയല്ലാതെ ഭാരതത്തിലുള്ള ജൈവവിഭവങ്ങളോ, അവയെക്കുറിച്ചുള്ള അറിവുകളോ ഗവേഷണത്തിനോ, വാണിജ്യപരമായ നേട്ടങ്ങൾക്കുവേണ്ടിയുള്ള ഉപയോഗത്തിനോ ജൈവവ്യാപ്തി നിർണ്ണയത്തിനോ (Bio-Survey) കൈവശപ്പെടുത്തുവാനോ, ഗവേഷണ ഫലങ്ങൾ ഇത്തരക്കാർക്ക് കൈമാറുവാനോ പാടുള്ളതല്ല. (എന്നാൽ ഗവേഷണ സംബന്ധമായതും സെമിനാറുകളിലും ശില്പശാലകളിലും അവതരിപ്പിക്കപ്പെടുന്നതുമായ പ്രബന്ധങ്ങൾ







പ്രസിദ്ധീകരിക്കുന്നത് കേന്ദ്രസർക്കാറിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചാണെങ്കിൽ അവ ഇപ്രകാരമുള്ള കൈമാറ്റം എന്നതിൽ ഉൾപ്പെടുകയില്ല) മാത്രമല്ല യാതൊരു വ്യക്തിയും ഭാരതത്തിലെ ഏതെങ്കിലും ജൈവ വൈവിധ്യത്തിനുമേൽ നടത്തിയ ഗവേഷണത്തിന്റെയോ, ജൈവവിഭവ സംബന്ധമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ നടത്തിയ കണ്ടുപിടുത്തങ്ങളുടെയോ മേൽ ബൗദ്ധിക സ്വത്തവകാശം സ്ഥാപിച്ചുകിട്ടുന്നതിന് വേണ്ടി ദേശീയ ജൈവവൈവിധ്യ അതോറിട്ടിയുടെ മുൻകൂർ അംഗീകാരം നേടാതെ അപേക്ഷിക്കാൻ പാടുള്ളതല്ല. ഈ വകുപ്പുകൾ ലംഘിക്കുകയോ ലംഘിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്നവർക്ക് കുറ്റസ്ഥാപനത്തിന്മേൽ അഞ്ചുവർഷം വരെ തടവോ പത്തുലക്ഷം രൂപവരെ പിഴയോ രണ്ടും കൂടിയോ ശിക്ഷ ലഭിക്കാവുന്നതാണ്. (വ. 55)

2. ഭാരത പൗരനായ വ്യക്തിയോ ഭാരതത്തിൽ രജിസ്റ്റർ ചെയ്തതായ കോർപറേറ്റ് ബോഡിയോ സംഘടനയോ വാണിജ്യപരമായ ഉപയോഗത്തിനോ ജൈവവ്യാപ്തി നിർണ്ണയത്തിനോ ജൈവ ഉപയോഗത്തിനോ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് നിർദ്ദിഷ്ട ഫോറത്തിൽ മുൻകൂട്ടി അറിയിപ്പുകൊടുക്കാതെ ഒരു ജൈവവിഭവവും കൈവശപ്പെടുത്താൻ പാടുള്ളതല്ല.

എന്നിരുന്നാലും ഈ വ്യവസ്ഥകൾ തദ്ദേശവാസികൾ, തദ്ദേശ സമൂഹങ്ങൾ ജൈവവൈവിദ്ധ്യം കാത്തുസൂക്ഷിച്ചു പോന്നവർ, പരമ്പരാഗതമായി ജൈവവിഭവങ്ങൾ നാട്ടു വൈദ്യത്തിൽ ഉപയോഗിച്ചുവന്ന വൈദ്യന്മാർ, ഹക്കീമുകൾ ഉൾപ്പെടെയുള്ളവർക്ക് ബാധകമല്ല. ഈ വകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുകയോ ലംഘിക്കുവാൻ പ്രേരിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്നു

**സേവനരംഗത്തും വികസന പ്രവർത്തനങ്ങളിലും പുത്തൻ മാതൃകകൾ സൃഷ്ടിച്ചുകൊണ്ട് സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ശ്രദ്ധാകേന്ദ്രങ്ങളാവുന്ന ഈ സന്ദർഭത്തിൽ, നമ്മുടെ ഓരോ പ്രവർത്തനവും നമ്മുടെ സഹജീവികളുടെ മേൽ എന്ന പോലെ പ്രകൃതിയിലും പരിസ്ഥിതിയിലും അമൂല്യമായ ജൈവവൈവിധ്യ പൈതൃകത്തിലും ഉണ്ടാക്കാവുന്ന ചെറുതും വലുതുമായ ആഘാതങ്ങളെക്കുറിച്ച് നാം കൂടുതൽ ജാഗരൂകരാകേണ്ടതുണ്ട് എന്ന സന്ദേശമാണ് ഈ നിയമനിർമ്മാണത്തിലൂടെ ലഭ്യമാവുന്നത്.**

വർഷം വരെ തടവിനോ അഞ്ചുലക്ഷം രൂപ വരെ പിഴയടയ്ക്കാനോ രണ്ടിനും കൂടിയോ ശിക്ഷിക്കപ്പെട്ടാവുന്നതാണ്. (വകുപ്പ് 55) ഈ വകുപ്പ് പ്രകാരമുള്ള കുറ്റങ്ങൾ കോടതിയുടെ അനുവാദമില്ലാതെ തന്നെ കേസാക്കാവുന്നതും ജാമ്യം ലഭിക്കാത്തതുമാണ്. (വ. 58) കേന്ദ്രസർക്കാരോ ഇതിന് വേണ്ടി കേന്ദ്ര സർക്കാർ അധികാരപ്പെടുത്തിയ അധികാരസമിതിയോ ഉദ്യോഗസ്ഥനോ ആയിരിക്കണം ഇതു സംബന്ധിച്ച കേസുകൾ ആരംഭിക്കേണ്ടത്. എന്നാൽ ഏതെങ്കിലും പ്രയോജനാവകാശിക്ക് (benefit claimer) നിയമ ലംഘനത്തേയോ നിയമ ലംഘന ശ്രമത്തേയോ സംബന്ധിച്ചു മേൽപ്പറഞ്ഞ സമിതിയേയോ ഉദ്യോഗസ്ഥനേയോ സംസ്ഥാനത്തിലെ ജൈവവൈവിധ്യ ബോർഡിന്റെ ചെയർപേഴ്സനേയോ രേഖാമൂലം മടക്കരസീതോടു കൂടിയ രജിസ്ട്രേഡ് തപാലിൽ അറിയിക്കാവുന്നതും പ്രസ്തുത അറിയിപ്പ് കൈപ്പറ്റി 30 ദിവസത്തിന് ശേഷം നേരിട്ടു കോടതിയെ സമീപിക്കാവുന്നതുമാണ്. (വ. 61 കേന്ദ്രചട്ടം 24)

### വികസനത്തിന്റെ സുസ്ഥിരത

സേവനരംഗത്തും വികസന പ്രവർത്തനങ്ങളിലും പുത്തൻ മാതൃകകൾ സൃഷ്ടിച്ചുകൊണ്ട് സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധാകേന്ദ്രങ്ങളാവുന്ന ഈ സന്ദർഭത്തിൽ, നമ്മുടെ ഓരോ പ്രവർത്തനവും നമ്മുടെ സഹജീവികളുടെ മേൽ എന്നപോലെ പ്രകൃതിയിലും പരിസ്ഥിതിയിലും അമൂല്യമായ ജൈവവൈവിധ്യ പൈതൃകത്തിലും ഉണ്ടാക്കാവുന്ന ചെറുതും വലുതുമായ ആഘാതങ്ങളെക്കുറിച്ച് നാം കൂടുതൽ ജാഗരൂകരാകേണ്ടതുണ്ട് എന്ന സന്ദേശമാണ് ഈ നിയമനിർമ്മാണത്തിലൂടെ ലഭ്യമാവുന്നത്. ജൈവവൈവിധ്യമാനേജ്മെന്റ് കമ്മിറ്റിയുടെ അദ്ധ്യക്ഷനെ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിശ്ചയിക്കണം എന്ന് കേന്ദ്രചട്ടം നിർദ്ദേശിക്കുമ്പോൾ സംസ്ഥാന ചട്ടത്തിൽ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷന്മാർ തന്നെ ആയിരിക്കണം എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നത് സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള അംഗീകാരമായി കാണേണ്ടതുണ്ട്. ഈ അംഗീകാരം നൽകുന്ന ഉയർന്ന ഉത്തരവാദിത്തം ഏറ്റെടുത്തുകൊണ്ട് നിയമത്തിന്റെയും ചട്ടത്തിന്റെയും അന്തസ്സത്ത ഉൾക്കൊള്ളാനും ഭാവനാപൂർണ്ണമായി അവനടപ്പാക്കാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കുശലതയോടെ കർമ്മ നിരതരാകേണ്ടതുണ്ട്. ■

*ലേഖകൻ കോഴിക്കോട് ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാണ്.*
Email : surajonline@in.com

# ജലവിഭവ ഭൂപടങ്ങളും ജലസംരക്ഷണവും

വി. സുഭാഷ്ചന്ദ്രബോസ്



ലോകത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന ഭൂശാസ്ത്ര പ്രദേശമാണ് കേരളം. ഒന്നാം സ്ഥാനത്തുള്ള രാജ്യമായ ബ്രസീലിനേക്കാൾ (ശരാശരി 2100 മി.മീ) പ്രതിവർഷം മഴ (ശരാശരി 3100 മി.മീ) സംസ്ഥാനത്ത് പെയ്തെത്തുന്നു. ദേശീയ ശരാശരിയേക്കാൾ ഏകദേശം മൂന്നിരട്ടി മഴ. 44 നദികൾ, ആയിരക്കണക്കിന് തോടുകൾ, പുഴകൾ, അറുപത്തഞ്ച് ലക്ഷത്തിലധികം കിണറുകൾ, കുളങ്ങൾ എല്ലാം സമ്പന്നം. ഒരു വശത്ത് പറയാനേറെ കണക്കുകളുള്ളപ്പോഴും വരൾച്ചയും വെള്ളപ്പൊക്കവും ജലക്ഷാമവും ദുരിതങ്ങളും കൂടി വരികയാണ്. കേരളത്തിൽ ലഭിക്കുന്ന മഴയുടെ പ്രത്യേകതകളെയും കാലയളവുകളെയും മനസിലാക്കി മാത്രമെ നമുക്ക് ജല സ്വാശ്രയത്വമെന്ന ലക്ഷ്യത്തിലേയ്ക്കെത്താനാവൂ. സൂക്ഷ്മതലത്തിലുള്ള ഭൂശാസ്ത്ര പ്രത്യേകതകളും ഭൂവിനിയോഗക്രമവും വളരെയധികം സ്വാധീനിക്കുന്നത് ജലസ്രോതസ്സുകളെത്തന്നെയാണ്.

ഭൗതിക ഘടകങ്ങളായ ഭൂമിയുടെ ചരിവ്, മണ്ണിന്റെ ആഴകുറവ്, പാറയുടെ ഘടന, നദികളുടെ നീളത്തിന്റെയും വീതിയുടെയും കുറവ്, നദീതടങ്ങളുടെയും നീർത്തടങ്ങളുടെയും സവിശേഷതകൾ, മഴയുടെ ലഭ്യതയിലെ ഏറ്റക്കുറച്ചിൽ, മഴ തീവ്രത, മഴദിനങ്ങൾ എന്നിവ ഗൗരവമായി മനസ്സിലാക്കേണ്ട മേഖലകളാണ്. കേവലം നൂറ്റിപത്തു ദിവസം മാത്രമാണ് മഴ ലഭിക്കുന്നത്. സംസ്ഥാനത്തെ മഴയുടെ ശരാശരി മൂവായിരം മി.മീറ്ററാണെങ്കിലും അഞ്ഞൂറു മുതൽ അയ്യായിരം മി.മീറ്റർവരെ ലഭിക്കുന്ന സ്ഥലങ്ങളുമുണ്ട്. വയനാട്, പാലക്കാട്, ഇടുക്കിഎന്നീ ജില്ലകളിലായി മഴ അപൂർവ്വമായി മാത്രം പെയ്യുന്ന മഴനിഴൽ (റയിൻഷാഡോ) പ്രദേശങ്ങളുമുണ്ട്. മഴയുടെ ലഭ്യതയിലും വിതാനത്തിലും പ്രാദേശികമായ അന്തരം വളരെ വലുതാണ്. ഈ സാഹചര്യങ്ങളിൽ പ്രാദേശികമായ ജലലഭ്യതയുടെയും സ്രോതസുകളുടെയും സമഗ്രവും ശാസ്ത്രീയവുമായ വിശകലനം വളരെയധികം പ്രാധാന്യമർഹിക്കുന്നു.

ഗ്രാമപഞ്ചായത്ത് തലങ്ങളിൽ നീർത്തടാധിഷ്ഠിത വികസന മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കേണ്ടതുണ്ട്. അതുപോലെ നഗരസഭകളിൽ സ്ഥലപരാസൂത്രണ മാസ്റ്റർ പ്ലാനുകളും സർക്കാർ (Spatial Master Plan) നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത രേഖകൾ തയ്യാറാക്കുന്നതിനും ഓരോ പ്രദേശത്തിന്റെയും സൂക്ഷ്മതല വിവരങ്ങൾ അത്യാവശ്യമാണ്. വിവിധ പദ്ധതികളുടെയും വകുപ്പുകളുടെയും ഗവേഷണസ്ഥാപനങ്ങളുടെയും ഭാഗമായി പഞ്ചായത്തുതല വിഭവഭൂപടങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ജലവിഭവ പഠനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ വാട്ടർ അറ്റ്ലസും ലഭ്യമാണ്.

നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന്റെ ഭാഗമായി 1:12,500 എന്ന തോതിലുള്ള വിവിധഭൂപടങ്ങൾ എല്ലാ ബ്ലോക്കുപഞ്ചായത്തുകൾക്കും നൽകിയിരുന്നു.

പഞ്ചായത്തുതല വിഭവ ഭൂപടങ്ങളിൽ പ്രധാനമായും രണ്ടു വിഷയങ്ങളാണ് ചേർത്തിട്ടുള്ളത്. 1:4,000, 1:5000 എന്നീ തോതുകളിലാണ് ഭൂപടങ്ങൾ തയ്യാറാക്കിയിരിക്കുന്നത്. ഭൂമിയിലെ ഭൂപടത്തിലെ 1 സെന്റീമീറ്റർ സ്ഥലത്തിന് 4000 സെന്റീമീറ്റർ അല്ലെങ്കിൽ 5000 സെന്റിമീറ്റർ എന്നതാണ് ഈ തോതുകളിലൂടെ ഉദ്ദേശിക്കുന്നത്. അപ്പോൾ 40 മീറ്റർ അല്ലെങ്കിൽ 50 മീറ്റർ സ്ഥലത്തെ വിവരങ്ങൾ 1 സെന്റീമീറ്റർ സ്ഥലത്ത് ചേർത്തിരിക്കും. ഉദാഹരണമായി പഞ്ചായത്തിലെ 400 മീറ്റർ നീളമുള്ള തോടിന് 1 സെ:40 മീറ്റർ തോതിലാണെങ്കിൽ 10 സെന്റീമീറ്റർ നീളത്തിലും 1 സെ: 50 മീറ്റർ തോതിലാണെങ്കിൽ 8 സെന്റീമീറ്റർ നീളത്തിലുമായിരിക്കും ഭൂപടത്തിൽ കാണിച്ചിരിക്കുന്നത്. ഓരോ ഭൂപടത്തിന്റെയും തോത് മനസ്സിലാക്കിയാൽ അതനുസരിച്ച് പഠനവിശകലനം നടത്താവുന്നതാണ്.

ഭൂപടങ്ങളിൽ നിശ്ചിത ചിഹ്നങ്ങളുപയോഗിച്ചായിരിക്കും വസ്തുതകൾ കാണിച്ചിരിക്കുന്നത്. ഉദാഹരണമായി റെയിൽവേ ലൈൻ, റോഡുകൾ (കറുപ്പു നിറം) തോടുകൾ (നീലനിറം) O കിണറുകൾ, കുളങ്ങൾ തുടങ്ങിയ വിവിധ ചിഹ്നങ്ങൾ ഉപയോഗിച്ചിരിക്കുന്നു. ഓരോ ഭൂപടത്തിലെയും ഭൂപടസൂചിക നോക്കിയാൽ ഉപയോഗിച്ചിരിക്കുന്ന ചിഹ്നങ്ങളും അവ പ്രതിനിധീകരിക്കുന്ന വസ്തുക്കളുടെ കാര്യവും മനസ്സിലാക്കാവുന്നതാണ്. ചിഹ്നങ്ങളോടൊപ്പം വിവിധ വർണങ്ങളും ഉപയോഗിച്ചിരിക്കുവാൻ സാധ്യതയുണ്ട്. ചിഹ്നങ്ങളുടെയും വർണങ്ങളുടെയും സഹായത്താൽ ഓരോ ഭൂപടത്തിലും ഉപയോഗിച്ചിരിക്കുന്ന വസ്തുക്കളെയും ഉൾപ്പെടുത്തിയിട്ടുള്ള ഘടകങ്ങളെയും വേർതിരിച്ച് മനസിലാക്കാവുന്നതാണ്.

ജലവിഭവ ഭൂപടത്തിന്റെ സഹായത്താൽ പഞ്ചായത്തിലെ ജലസ്രോതസ്സുകളുടെ വിശദവിവരങ്ങൾ മനസ്സിലാക്കുവാൻ കഴിയും. കിണറുകൾ, കുളങ്ങൾ, നീരുറവകൾ, തോടുകൾ, നദികൾ, ചെറുചാലുകൾ തുടങ്ങിയ വിവിധ ജലസ്രോതസ്സുകളാണ് ഭൂപടങ്ങളിൽ ചേർത്തിട്ടുള്ളത്. ഓരോ സ്രോതസ്സുകളിലും വറ്റുന്നവയെയും വറ്റാത്തവയെയും വേർതിരിച്ച് വിവിധ ചിഹ്നങ്ങളുപയോഗിച്ചായിരിക്കും ചേർത്തിരിക്കുന്നത്. പഞ്ചായത്തിലെ വിവിധ ജലസ്രോതസ്സുകളുടെ സ്ഥലപരമായ വ്യാപനവും സ്ഥാനവും ഭൂപടങ്ങളിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. ഭൂപട നിർമ്മാണത്തോടൊപ്പം വിശദമായ ഫോറങ്ങളിൽ ഓരോ ജലസ്രോതസുകളെക്കുറിച്ചുള്ള വിവരങ്ങളും ശേഖരിച്ചിട്ടുണ്ട്. അവയുടെ സഹായത്താൽ വിവിധ വിവരങ്ങൾ ക്രോഡീകരിക്കുവാൻ കഴിയുന്നതാണ്.

> വിവിധ ഭൂപടങ്ങളുടെ സഹായത്താൽ പഞ്ചായത്ത്തല ജലവിഭവ കർമ്മപരിപാടിക്ക് രൂപം നൽകാവുന്നതാണ്. പഞ്ചായത്തിലെ ആകെ ജല സ്രോതസുകൾ, ഓരോ ജല സ്രോതസിന്റെയും പ്രശ്നങ്ങൾ, സാധ്യതകൾ, എത്ര പ്രദേശത്തെ ജനങ്ങളാണ് ഓരോ ജല സ്രോതസിന്റെയും പരിധിയിൽ വരുന്നത്, തുടങ്ങിയ വിവിധ ഘടകങ്ങൾ മനസ്സിലാക്കാവുന്നതാണ്. നദീസംരക്ഷണ പ്രദേശങ്ങൾ, ഭൂജല പരിപോഷണ സ്ഥലങ്ങൾ, മഴവെള്ള സംഭരണ സാധ്യതകൾ എന്നിവ വിലയിരുത്തുവാൻ ഭൂപടങ്ങളുടെ സഹായത്താൽ കഴിയുന്നതാണ്.

പഞ്ചായത്തിലെ ആകെ കിണറുകൾ, കുളങ്ങൾ, തോടുകൾ, നദികൾ, നീരുറവകൾ എന്നിവയുടെ എണ്ണവും സ്ഥാനവും നിലവിലെ അവസ്ഥകളും മനസ്സിലാക്കാവുന്നതാണ്. ഏറ്റവും കൂടുതൽ വറ്റുന്ന കിണറുകളുള്ള പ്രദേശങ്ങൾ ഭൂപടത്തിൽനിന്നും മറ്റ് സവിശേഷതകൾ ഫോറങ്ങളിൽനിന്നും ലഭിക്കുന്നതാണ്.

വിവിധ ജലസ്രോതസുകളുടെ സ്ഥാനം, ബന്ധം, വികസനസാധ്യതകൾ എന്നിവ ഭൂപടങ്ങളുടെ സഹായത്താൽ വിലയിരുത്തുവാൻ കഴിയുന്നതാണ്.

ബ്ലോക്കു തലത്തിൽ തയ്യാറാക്കി നൽകിയിട്ടുള്ള നീർതട ഭൂപടങ്ങളുടെ സഹായത്താൽ ഓരോ ഗ്രാമപഞ്ചായത്തിലേയും ചെറുനീർതടങ്ങളുടെ അതിർത്തികൾ മനസ്സിലാക്കാവുന്നതാണ്. പ്രസ്തുത ഭൂപടങ്ങളുടെയും പഞ്ചായത്ത് വിഭവഭൂപടങ്ങളുടെയും സഹായത്താൽ ഓരോ ഗ്രാമപഞ്ചായത്തിലെയും വിവിധ നീർതടങ്ങളിലെ ജലവിഭവ പരിപാലന മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കാവുന്നതാണ്. ഓരോ നീർതടത്തിലും ഏതൊക്കെ വാർഡുകളുടെ ഭാഗങ്ങൾ ഏതെല്ലാം ഉൾപ്പെടുമെന്ന് മനസ്സിലാക്കി വേണം പ്ലാൻ തയ്യാറാക്കേണ്ടത്. പഞ്ചായത്തുതല വിഭവ ഭൂപടങ്ങളുടെ സഹായത്താൽ പ്രാദേശികപ്രവർത്തകർക്ക് ഭൂപടങ്ങളിൽ കൂടുതൽ പുതിയ വിവരങ്ങൾ ചേർക്കുവാൻ കഴിയുന്നതാണ്.

വിവിധ ഭൂപടങ്ങളുടെ സഹായത്താൽ പഞ്ചായത്ത് തല ജലവിഭവ കർമ്മപരിപാടിക്ക് രൂപം നൽകാവുന്നതാണ്. പഞ്ചായത്തിലെ ആകെ ജലസ്രോതസുകൾ, ഓരോ ജലസ്രോതസിന്റെയും പ്രശ്നങ്ങൾ, സാധ്യതകൾ, എത്ര പ്രദേശത്തെ ജനങ്ങളാണ് ഓരോ ജലസ്രോതസിന്റെയും പരിധിയിൽ വരുന്നത്, തുടങ്ങിയ വിവിധ ഘടകങ്ങൾ മനസ്സിലാക്കാവുന്നതാണ്. നദീസംരക്ഷണ പ്രദേശങ്ങൾ, ഭൂജലപരിപോഷണ സ്ഥലങ്ങൾ, മഴവെള്ള സംഭരണ സാധ്യതകൾ എന്നിവ വിലയിരുത്തുവാൻ ഭൂപടങ്ങളുടെ സഹായത്താൽ കഴിയുന്നതാണ്. ജലക്ഷാമപ്രദേശങ്ങൾ, സ്ഥിരമായി വരൾച്ച ബാധിക്കുന്ന സ്ഥലങ്ങൾ, വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങൾ, ജലമലിനീകരണ സ്രോതസ്സുകൾ, സ്ഥലങ്ങൾ, വെള്ളക്കെട്ട് മേഖലകൾ, ഡ്രെയിനേജ് സംവിധാനമാവശ്യമുള്ളയിടങ്ങൾ എന്നിവ വേർതിരിച്ച് മനസ്സിലാക്കുകയും പ്രസ്തുത പ്രദേശങ്ങൾക്കാവശ്യമായ പരിപാടികൾ ആസൂത്രണം ചെയ്യുകയുമാണ് വേണ്ടത്.

മഴവെള്ള സംഭരണം, ഭൂജല പരിപോഷണം, കുളങ്ങളുടെ സംരക്ഷണം, കിണർ റീചാർജ്ജിങ്, കൃത്രിമ കുളങ്ങളുടെ നിർമ്മാണം, നദികളുടെ സംരക്ഷണം തുടങ്ങിയ വിവിധ മാർഗങ്ങളിലൂടെ ജല സ്വാശ്രയത്വം ഉറപ്പാക്കാവുന്നതാണ്. ഓരോ പ്രദേശത്തിന്റെയും മഴലഭ്യതയെയും ജലസ്രോതസുകളെയും കണക്കിലെടുത്തുകൊണ്ടുള്ള സമഗ്രവും ശാസ്ത്രീയവും സ്ഥലാധിഷ്ഠിതവുമായ രൂപരേഖകൾ തയ്യാറാക്കാവുന്നതാണ്. പ്രസ്തുത രൂപരേഖകളുടെ സഹായത്താൽ വിവിധ പദ്ധതികൾക്ക് രൂപം നൽകാനാണ് ശ്രമിക്കേണ്ടത്. മഴക്കാലത്തും വേനലിലുമൊക്കെ വിവിധങ്ങളായ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടിവരും. അത്തരത്തിലുള്ള പ്രവർത്തന രൂപരേഖയും കർമ്മ പരിപാടികളും ആവിഷ്ക്കരിക്കുവാൻ വിവിധ ഭൂപടങ്ങളെ പ്രയോജനപ്പെടുത്താവുന്നതാണ്. ഇന്ന് പഞ്ചായത്തുകളിൽ ലഭ്യമായിട്ടുള്ള വിഭവ ഭൂപടങ്ങളെ ഫലപ്രദമായി വിനിയോഗിച്ച് ജലവിഭവ പരിപാലന മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുകയും വിവിധ പദ്ധതികളുമായി ഏകോപിപ്പിക്കുകയും ചെയ്യാവുന്നതാണ്. ■

*ലേഖകൻ*
*സി.സി.ഡി.യു. ഡയറക്ടറാണ്.*
*subhashchandraboss@yahoo.com*

# മദ്യവും മയക്കുമരുന്നുകളും മാനവ സമൂഹത്തിന്റെ ദുരന്തം

**ദുരന്തങ്ങളിൽ നഷ്ടപ്പെട്ടതൊന്നും ലഹരിയിലൂടെ തിരിച്ചുലഭിക്കില്ല**



ലഹരിപദാർത്ഥങ്ങൾ സുലഭമായ ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. ജീവിതസംഘർഷവും, ദുരന്തങ്ങളെക്കുറിച്ചുള്ള ഓർമ്മകളും പലപ്പോഴും അറിഞ്ഞോ അറിയാതെയോ ഇതിലേയ്ക്ക് വഴുതി വീഴാനുള്ള സാഹചര്യം സൃഷ്ടിക്കുന്നു. അതുകൊണ്ടുതന്നെ ഈ വലിയ വിപത്തിനെക്കുറിച്ച് നാം ബോധവാന്മാരാകേണ്ടതാണ്.

**എന്താണ് മദ്യം?**

ഈതൈൽ ആൽക്കഹോൾ ($C_2H_5OH$) എന്നതാണ് ഇതിന്റെ രാസനാമം. കള്ള്, ചാരായം, ബീയർ, വൈൻ, ബ്രാണ്ടി, റം, വിസ്കി, ജിൻ, വോഡ്ക എന്നിങ്ങനെ പല പേരുകളിലും രൂപങ്ങളിലും നിറങ്ങളിലും ഇന്ന് മദ്യം ലഭ്യമാണ്. എന്നാൽ ഇവ എല്ലാറ്റിലും അടങ്ങിയിരിക്കുന്നത് ഈതൈൽ ആൽക്കഹോൾ (Ethyl Alcohol) എന്ന രാസവസ്തുവാണ്. ആൽക്കഹോളിന്റെ അളവനുസരിച്ച് അവയുടെ വീര്യം കൂടിയും കുറഞ്ഞുമിരിക്കുമെന്നു മാത്രം. ഒരു പെഗ് വിസ്കിയിലും, ഒരു ഗ്ലാസ് വൈനിലും, അര പെന്റ് ബീയറിലും അടങ്ങിയിരിക്കുന്ന ആൽക്കഹോളിന്റെ അളവ് തുല്യമാണ്.

**എന്താണ് മയക്കുമരുന്ന്?**

മയക്കുമരുന്നുകൾ പല രൂപങ്ങളിലും പേരുകളിലും വ്യാപകമായി കണ്ടുവരുന്നു. എല്ലാ മയക്കുമരുന്നുകളും ശക്തമായ ആസക്തി ഉളവാക്കുന്നവയാണ്. നമ്മുടെ സമൂഹത്തിൽ സാധാരണയായി കണ്ടുവരുന്ന ലഹരി പദാർത്ഥങ്ങൾ കഞ്ചാവും, അതിൽ നിന്നുണ്ടാക്കുന്ന ഹഷിഷ്, കഞ്ചാവ് ഓയിൽ എന്നിവയും, കറുപ്പും അതിന്റെ ഉപോത്പന്നങ്ങളായ ഹെറോയിൻ, ബ്രൗൺഷുഗർ തുടങ്ങിയവയും, ഔഷധ കടകളിൽ നിന്നും ലഭിക്കുന്ന ഉറക്കഗുളികകളും, ഡയാസിപ്പാം, പെതഡിൻ, ബ്യൂപ്രനോർഫിൻ തുടങ്ങിയവയുമാണ്. സിഗരറ്റ്, ബീഡി, പാൻ മസാല തുടങ്ങിയ പുകയില ഉത്പന്നങ്ങൾ ഉപയോഗിക്കുന്നവരും നിരവധിയാണ്.

**എന്തുകൊണ്ട് ലഹരി ഉപയോഗിക്കുന്നു?**

വെറും ഒരു രസത്തിനുവേണ്ടിയോ, തമാശയ്ക്കുവേണ്ടിയോ ആണ് പലരും ലഹരി ഉപയോഗിച്ചു തുടങ്ങുന്നത്. സുഹൃത്തുക്കളുടെയോ മറ്റുള്ളവരുടേയോ നിർബന്ധത്തിനുവഴങ്ങി ലഹരി ഉപയോഗിച്ചു തുടങ്ങുന്നവർ നിരവധിയാണ്. പരസ്യങ്ങളുടെ സ്വാധീനം, അനുകരണം, എന്താണെന്ന് അറിയുവാനുള്ള ജിജ്ഞാസ, ലഹരിയെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ, ലഹരി ദോഷത്തെക്കുറിച്ചുള്ള അജ്ഞത, അവയുടെ സുലഭമായ ലഭ്യത തുടങ്ങിയവയാണ് ലഹരി ഉപയോഗിക്കുവാൻ പലരേയും പ്രേരിപ്പിക്കുന്ന പ്രധാന ഘടകങ്ങൾ. ക്ഷീണമകറ്റാനും, മാനസിക സംഘർഷം ലഘൂകരിക്കുന്നതിനും മദ്യവും മറ്റു ലഹരിപദാർത്ഥങ്ങളും സഹായിക്കുന്നുവെന്ന മിഥ്യാധാരണ തീരപ്രദേശങ്ങളിലും, ഗോത്രസമൂഹങ്ങളിലും, ചേരികളിലും, മറ്റും വ്യാപകമാണ്.

**ലഹരിപദാർത്ഥങ്ങൾ വ്യക്തിയെ എങ്ങനെ സ്വാധീനിക്കുന്നു?**

മറ്റു ഭക്ഷണ പദാർത്ഥങ്ങളിൽ നിന്നും വ്യത്യസ്തമായി മദ്യവും മറ്റു ലഹരിപദാർത്ഥങ്ങളും വളരെവേഗം രക്തത്തിലേയ്ക്കു കലരുകയും, അതുവഴി തലച്ചോറിലും ശരീരത്തിന്റെ മറ്റു അവയവങ്ങളിലുമെത്തി മാനസികവും ശാരീരികവുമായ പല മാറ്റങ്ങൾക്കും കാരണമാകുന്നു.

**ലഹരിപദാർത്ഥങ്ങൾ വരുത്തുന്ന അപകടങ്ങൾ എന്തെല്ലാം?**

**ശാരീരികം (Physical)**

ലഹരിപദാർത്ഥങ്ങളുടെ ദുരുപയോഗം ഇന്നേറ്റവും വലിയ പൊതുജനാരോഗ്യ പ്രശ്നമാണ്. ശരീരത്തിന്റെ എല്ലാ അവയവങ്ങളെയും ലഹരി പ്രതികൂലമായി ബാധിക്കുന്നു.

**1. തലച്ചോറ് (Brain)**

ഓർമ്മക്കുറവ്, ശ്രദ്ധയില്ലായ്മ, അബോധാവസ്ഥ, മസ്തിഷ്കാഘാതം, നാഡീവ്യൂഹങ്ങൾക്ക് പരുക്ക്

**2. അന്നനാളം (Oesophagus)**

അർബ്ബുദം

**3. ഹൃദയം (Heart)**

വർദ്ധിച്ച രക്തസമ്മർദ്ദം, പക്ഷാഘാതം, ദുർബലമായ ഹൃദയമിടിപ്പ്, ഹൃദയപേശികൾക്കുണ്ടാകുന്ന കേട്

**4. ശ്വാസകോശങ്ങൾ (Lungs)**

വിട്ടുമാറാത്ത നെഞ്ചു രോഗങ്ങൾ, ക്ഷയം, അർബ്ബുദം

**5. കരൾ (Liver)**

കരൾ വീക്കം, മഹോദരം

**6. ആമാശയം (Stomach)**

അർബ്ബുദം, കുടലിലെ വ്രണം, ഛർദ്ദി

**7. വൃക്ക (Kidney)**

പ്രവർത്തനരഹിതമാകുക

**8. പാൻക്രിയാസ്** (Pancreas)

പ്രമേഹം

**9. മൂത്രസഞ്ചി (Bladder)**

അർബ്ബുദം

**10. ലൈംഗികാവയവങ്ങൾ (Sex Organs)**

ഷണ്ഡത്വം, ആർത്തവ രോഗങ്ങൾ

**മാനസികം (Psychological)**


വൈകാരിക പ്രശ്നങ്ങൾ, തീരുമാനങ്ങൾ എടുക്കാൻ കഴിയാത്ത അവസ്ഥ, ഓർമക്കുറവ്, അമിതമായ സംസാരം, ദേഷ്യം, വിഷാദം, സംശയം, ഭയം, പരിസരബോധമില്ലായ്മ തുടങ്ങിയ ലക്ഷണങ്ങൾ ലഹരി ഉപയോഗിക്കുന്നവരിൽ സാധാരണയായി കണ്ടുവരുന്നു.

**സാമൂഹികം (Social)**

ഗുരുതരങ്ങളായ നിരവധി സാമൂഹ്യ പ്രശ്നങ്ങൾക്കു ലഹരിപദാർത്ഥങ്ങൾ കാരണമാകുന്നു. സാമ്പത്തിക തകർച്ച, കുടുംബ ഭദ്രതയുടെ ശിഥിലീകരണം, റോഡപകടങ്ങൾ, തൊഴിൽ സ്ഥലത്തും മറ്റുമുള്ള അപകടങ്ങൾ, സംഘട്ടനങ്ങൾ, വിവാഹ മോചനങ്ങൾ, കൊലപാതകങ്ങൾ, ആത്മഹത്യകൾ, അനാശാസ്യ പ്രവൃത്തികൾ തുടങ്ങിയവയുടെ പ്രധാന കാരണം ലഹരിപദാർത്ഥങ്ങളുടെ ഉപയോഗമാണ്.

### എന്തുകൊണ്ട് ലഹരി അപകടകാരിയാകുന്നു?

എല്ലാ ലഹരിപദാർത്ഥങ്ങളും ശക്തമായ ആസക്തി (addiction) ജനിപ്പിക്കുന്നവയാണ്. ഒരിക്കൽ ഉപയോഗിച്ചു തുടങ്ങിയാൽ, വീണ്ടും ഉപയോഗിക്കുവാനുള്ള അതിതീഷ്ണമായ തോന്നൽ (craving) അനുഭവപ്പെടും. ഇതു ക്രമേണ




മാനസികവും (Psychological), ശാരീരികവുമായ (Physical) ആശ്രയത്വത്തിലേയ്ക്കു (dependency) നയിക്കുന്നു. ഇങ്ങനെയാണ് പലരും ലഹരിക്ക് അടിമകളായി മാറുന്നത്. ഇവരുടെ രക്തത്തിലെ ലഹരിയുടെ അളവ് കുറയുമ്പോൾ, അതികഠിനമായ വേദനയും, തളർച്ചയും, കൈകാലുകൾക്ക് വിറയലും, മാനസിക അസ്വസ്ഥതയും അനുഭവപ്പെടും. ഭീകരമായ ഈ പിൻമാറ്റ അസ്വസ്ഥതയിൽ (withdrawal symptom) നിന്നും രക്ഷപ്പെടുവാൻ, തുടർച്ചയായി ലഹരി ഉപയോഗിക്കേണ്ട അതിദാരുണമായ അവസ്ഥയിലേയ്ക്ക് അതോടെ അവർ എത്തിച്ചേരുന്നു. സാമ്പത്തികപരവും, ആരോഗ്യപരവും, സാംസ്കാരികപരവും, ബുദ്ധിപരവും, സാമൂഹ്യപരവുമായ അധഃപതനത്തിലേയ്ക്കു ഇവർ വഴുതിവീഴുന്നു. അതിൽ നിന്നും രക്ഷനേടുക ഏറ്റവും ശ്രമകരമായ ഒരു ദൗത്യമാണ്.

### എന്താണ് ഇതിനൊരു പ്രതിവിധി?

**നിയമപരമായ പ്രതിരോധം**

സർക്കാരിന്റെ ഭാഗത്തുനിന്നും ഇവയുടെ ലഭ്യത നിയന്ത്രിക്കുവാനുള്ള ശക്തമായ നിയമം ഉണ്ടാക്കുകയും അവ കർക്കശമായി നടപ്പാക്കുകയും ചെയ്യുക. പത്രങ്ങളിലും, ടെലിവിഷൻ, സിനിമ തുടങ്ങിയ ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലുള്ള ലഹരിയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്ന വിധത്തിലുള്ള പരസ്യങ്ങളും, ചിത്രീകരണങ്ങളും പൂർണ്ണമായി നിരോധിക്കുക; വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, തൊഴിൽ കേന്ദ്രങ്ങൾ, പൊതു സ്ഥലങ്ങൾ എന്നിവയ്ക്കു സമീപം ലഹരി വിൽപനകേന്ദ്രങ്ങൾ അനുവദിക്കാതിരിക്കുക. മദ്യവും, സിഗരറ്റും നിയമപരമായി ഉപയോഗിക്കാവുന്ന കുറഞ്ഞ പ്രായപരിധി 21 വയസ്സായി ഉയർത്തുക.

**വ്യാപകമായ ബോധവൽക്കരണം**

ലഹരിയുടെ ദോഷവശങ്ങളെക്കുറിച്ച് വ്യാപകമായ ബോധവൽക്കരണ പരിപാടികൾ ആവിഷ്ക്കരിക്കുക. സെമിനാറുകൾ, ചർച്ചാക്ലാസുകൾ, പ്രദർശനങ്ങൾ, റാലികൾ തുടങ്ങിയവ സംഘടിപ്പിക്കുക, ലഹരിയുടെ ദോഷത്തെക്കുറിച്ചുള്ള വിഷയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക; സാമൂഹ്യ-മത-സാംസ്കാരിക സംഘടനകളുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തുക.

**ചികിത്സയും പുനരധിവാസവും**

ലഹരി ഉപയോഗിച്ചു തുടങ്ങിയവരെയും, അതിന് അടിമകളായവരെയും സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുവാൻ സഹായിക്കുന്ന കൗൺസിലിംഗ്-ചികിത്സാ പരിപാടികളും, പുനരധിവാസ പദ്ധതികളും നടപ്പാക്കുക. എല്ലാ സർക്കാർ ആശുപത്രികളിലും സൗജന്യ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

**എന്താണ് നാം ചെയ്യേണ്ടത്?**

- ലഹരിയുടെ അപകടങ്ങളെക്കുറിച്ച് വ്യാപകമായ അവബോധം വളർത്തുക.
- യാതൊരുവിധ ലഹരിപദാർത്ഥങ്ങളും ഉപയോഗിക്കുകയില്ലെന്ന് ദൃഢപ്രതിജ്ഞയെടുക്കുക.
- ലഹരി ഉപയോഗിക്കുവാൻ മറ്റുള്ളവർ പ്രേരിപ്പിച്ചാൽ സൗമ്യമായി അതു നിരസിക്കുക.
- മാതാപിതാക്കൾ, ഗുരുജനങ്ങൾ, ആരോഗ്യവിദഗ്ധർ, സാമൂഹ്യ പ്രവർത്തകർ, മതനേതാക്കൾ തുടങ്ങിയവരുമായി ചർച്ച ചെയ്യുക.
- ലഹരിയുടെ ആസക്തിയിൽ നിന്നും മോചനം നേടാനുള്ള സൗജന്യചികിത്സാ സേവനം പ്രയോജനപ്പെടുത്തുക.
- സഹപ്രവർത്തകരെയും, മറ്റുള്ളവരെയും ലഹരി ഉപയോഗിക്കുന്നതിൽ നിന്നും പിന്തിരിപ്പിക്കുക.
- ഗൃഹാന്തരീക്ഷം എക്കാലവും ലഹരിവിമുക്തമായി സംരക്ഷിക്കുക.
- ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ പങ്കാളികളാവുക. ■

*കടപ്പാട് : ആൽക്കഹോൾ & ഡ്രഗ് ഇൻഫർമേഷൻ സെന്റർ (അഡിറ്റ്)*



# അധികാര വികേന്ദ്രീകരണ ചർച്ചാ വേദിയിൽ നിന്ന്

ഐക്യരാഷ്ട്രസഭയുടെ ഇന്ത്യൻ വിഭാഗങ്ങളുടെ നേതൃത്വത്തിൽ ഒരുക്കുന്ന ചർച്ചാവേദിയാണ് സൊലൂഷൻ എക്സ്ചേഞ്ച് (Solution Exchange). വികസന പ്രശ്നങ്ങൾക്കുള്ള പരിഹാരം കൈമാറാനൊരു വേദി. അധികാര വികേന്ദ്രീകരണവും തദ്ദേശഭരണ സ്ഥാപനങ്ങളെയും ശക്തിപ്പെടുത്താനുതകുന്ന ഡീസെൻട്രലൈസേഷൻ കമ്മ്യൂണിറ്റി (Decentralization Community) ഈ ചർച്ചാവേദിയുടെ ഭാഗമാണ്. അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്താനായി പ്രവർത്തിക്കുന്നവരെ ഒന്നിച്ചു കൊണ്ടുവരുവാനും ആശയങ്ങളും അനുഭവങ്ങളും കൈമാറുവാനും ഇ-മെയിൽ സംവിധാനത്തിലൂടെയും യോഗങ്ങളിലൂടെയും പ്രവർത്തിക്കുന്ന വേദിയാണിത്. കഴിഞ്ഞ മാസം അധികാരവികേന്ദ്രീകരണ ചർച്ചാവേദിയിൽ നടന്ന ചർച്ചയുടെ സംക്ഷിപ്ത രൂപമാണ് ചുവടെ ചേർത്തിരിക്കുന്നത്.

വിഷയം : **ഖരമാലിന്യ സംസ്ക്കരണവും മുനിസിപ്പാലിറ്റികളും**

അവതാരകൻ : **വന്ദന ത്രിപാദി,** സഭാഗി ശിക്ഷൻ കേന്ദ്ര, ലക്നൗ

## പ്രതികരണങ്ങൾ ചുരുക്കത്തിൽ

ഖരമാലിന്യസംസ്ക്കരണ രംഗത്തെ സ്വകാര്യവൽക്കരണം ഇന്ന് വ്യാപകമായി ചർച്ചചെയ്യപ്പെടുന്ന ഒരു വിഷയമാണ്. ഇത്തരത്തിൽ ഈ വിഷയം ചർച്ചചെയ്യപ്പെടുവാനുള്ള കാരണങ്ങൾ 2004 ലെ സുപ്രീംകോടതി വിധിയും തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ ഖരമാലിന്യ സംസ്ക്കരണത്തിനായി ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷൻ മുഖേന നടപ്പാക്കിവരുന്ന പദ്ധതിയുമാണ്. അംഗങ്ങൾ ഇവിടെ ചർച്ചചെയ്യുന്നത് ഈ രംഗത്തെ സ്വകാര്യവൽക്കരണവും, അതിന്റെ അനന്തരഫലങ്ങളും ബദൽ സംവിധാനങ്ങളെക്കുറിച്ചുമാണ്.

സൈദ്ധാന്തികമായി പറയുകയാണെങ്കിൽ ഈ രംഗത്തെ സ്വകാര്യവൽക്കരണം ഖരമാലിന്യ സംസ്ക്കരണം കൂടുതൽ ചെലവ് കുറഞ്ഞ രീതിയിലും കാര്യക്ഷമമായും നടപ്പിലാക്കുവാൻ സഹായിക്കുന്നതാണ്. സംസ്ഥാനങ്ങളും വിവിധ ജില്ലകളും ഈ രംഗത്ത് പല മാതൃകകളും സാങ്കേതിക വിദ്യകളും പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുകയാണ്. ഉദാഹരണത്തിന് വീടുകൾ സന്ദർശിച്ച് മാലിന്യങ്ങൾ ശേഖരിക്കുക, തരംതിരിക്കുക, അവ കയറ്റിയിറക്കുക, സംസ്ക്കരിക്കുക ഇവ ചെയ്തു വരുന്നു. മുംബൈ മുനിസിപ്പൽ കോർപ്പറേഷൻ ഇക്കാര്യങ്ങളെല്ലാം സ്വകാര്യവൽക്കരിച്ചിരിക്കുകയാണ്. ഇങ്ങനെയൊക്കെയാണെങ്കിലും ഈ രംഗത്തെ സ്വകാര്യവൽക്കരണം പല പ്രശ്നങ്ങൾക്കും ഇടയാക്കുന്നുമുണ്ട്.

## സ്വകാര്യവൽക്കരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

ഇന്ത്യയിലെ മുനിസിപ്പാലിറ്റികളിലെ ഖരമാലിന്യ സംസ്ക്കരണം എന്നത് വലിയ അളവ് വരെ തൊഴിൽദായകമായിട്ടുള്ളതും വാണിജ്യവൽക്കരിച്ചതുമാണ്. ഇക്കാര്യത്തിലേയ്ക്കുള്ള സേവനം നൽകുന്നവരെ ലേലത്തിലൂടെയാണ് തിരഞ്ഞെടുക്കുന്നത്. ഖരമാലിന്യസംസ്ക്കരണം എന്നത് ചിലവേറിയ പ്രവർത്തിയായതുകൊണ്ടുതന്നെ മുനിസിപ്പാലിറ്റികളുടെ വാർഷിക ബഡ്ജറ്റിന്റെ നല്ലൊരു ശതമാനം ഈ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാരുടെ വേതനത്തിനായി ചിലവഴിക്കുന്നു. അതേ സമയം ഈ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന സ്വകാര്യ പങ്കാളികൾ അവരുടെ ജീവനക്കാരെ ഉപയോഗിച്ച് ഖരമാലിന്യ സംസ്ക്കരണം നടത്തുമ്പോൾ വരുന്ന ചിലവ് മുനിസിപ്പാലിറ്റികൾ മുടക്കുന്ന ചിലവിനെ അപേക്ഷിച്ച് പരിമിതമാണെന്ന് കാണാം. ജീവനക്കാരുടെ വേതനത്തിൽ തന്നെ പ്രകടമായ വ്യത്യാസം കാണാവുന്നതാണ്. സ്വകാര്യ പങ്കാളികൾ ജീവനക്കാരെ നിയമിക്കുന്നത് കരാർ അടിസ്ഥാനത്തിൽ ആയതുകൊണ്ട് തന്നെ ആനുകൂല്യങ്ങൾ ഒന്നും തന്നെ നൽകേണ്ടിവരുന്നില്ല. അതുപോലെ തന്നെ തൊഴിൽ സുരക്ഷിതത്വവും നൽകുന്നില്ല. ഈ രംഗത്ത് പ്രവർത്തിക്കുന്ന സർക്കാരിതര സംഘടനകളും കരാറുകാരുടെ നിലവാരത്തിലേയ്ക്ക് മാറുന്നതായി കണ്ടുവരുന്നു.

ഈ മേഖലയിൽ തൊഴിൽ എടുക്കുന്നതിനുള്ള തൊഴിൽ സാഹചര്യങ്ങൾ വളരെ മോശമാണെന്ന് കാണാവുന്നതാണ്. ഉദാഹരണത്തിന് മുംബൈ, പൂനൈ, ഭുവനേശ്വർ തുടങ്ങിയ സ്ഥലങ്ങളിൽ തൊഴിലാളികൾക്കാവശ്യമായ ഉപകരണങ്ങളോ ആരോഗ്യ – സാമൂഹ്യ സുരക്ഷാ ആനുകൂല്യങ്ങളോ ലഭ്യമാക്കുന്നില്ല. അതേസമയം തൊഴിൽ സമയ ദൈർഘ്യം കൂടുതലാണുതാനും. തൊഴിലെടുക്കുന്നതിനുള്ള സാഹചര്യവും മോശമാണ്. തൊഴിൽ സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള യാതൊരു ശ്രമവും നടക്കു

ന്നില്ല. ഈ രംഗത്തുള്ള പൊതു –സ്വകാര്യമേഖലാ പങ്കാളിത്തം കുറഞ്ഞ കാലയളവിലേയ്ക്ക് മാത്രമാണെന്ന് കാണാം. അതുപോലെ തന്നെ സ്വകാര്യ പങ്കാളികൾ ഇതിലേയ്ക്ക് ദീർഘകാലനിക്ഷേപത്തിന് തയ്യാറാകുന്നുമില്ല ചേരി പ്രദേശങ്ങളിൽ നിന്നും ഖരമാലിന്യങ്ങൾ ശേഖരിക്കുന്നതിന് സ്വകാര്യപങ്കാളികൾ തയ്യാറാകുന്നില്ല. ചുരുക്കത്തിൽ എളുപ്പത്തിൽ എത്തിപ്പെടാവുന്ന പ്രദേശങ്ങളിൽ മാത്രമാണ് ഇവരുടെ സേവനം ലഭിക്കുന്നത്.

മാലിന്യങ്ങൾ ഉറവിടങ്ങളിൽ വച്ച് തന്നെ തരംതിരിക്കാത്തത് ഒട്ടനവധി പ്രശ്നങ്ങൾക്ക് ഇടയാക്കുന്നു. മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട ഒരു ഏജൻസി തന്നെയായിരിക്കും ഇവ ശേഖരിക്കുന്നതുമുതൽ സംസ്ക്കരിക്കുന്നതുവരെയുള്ള പ്രവർത്തികൾ ചെയ്യുന്നത്. എന്നാൽ ഇന്ത്യയിൽ ഇതിന് തക്ക പ്രാവിണ്യം നേടിയിട്ടുള്ള ഏജൻസികൾ ചുരുക്കമാണ്.

മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട് മുനിസിപ്പാലിറ്റികൾ പലവിധ പ്രശ്നങ്ങളാണ് നേരിടുന്നത്. നേതൃത്വനിരയിലുണ്ടാകുന്ന മാറ്റങ്ങളും, ജീവനക്കാരുടെ സ്ഥലം മാറ്റങ്ങളുംവരെ ഈ പ്രവർത്തനങ്ങളെ ബാധിക്കാറുണ്ട്. ഭൂമിയുടെ ലഭ്യതയും പരിസ്ഥിതി വകുപ്പിന്റെ അനുമതിയുമാണ് ഈ രംഗത്തുള്ള മറ്റ് പ്രധാന പ്രശ്നങ്ങൾ. അതുകൊണ്ട് തന്നെ ഖരമാലിന്യസംസ്ക്കരണം എന്നത് നന്നായി പഠിച്ച് ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ട പ്രവർത്തിയാണ്.

**നിർദ്ദേശങ്ങൾ**

ഈ വിഷയത്തിൽ പ്രതികരിച്ചവർ പ്രകൃതിക്കിണങ്ങുന്ന ഖരമാലിന്യ സംസ്ക്കരണത്തെക്കുറിച്ചാണ് ചിന്തിച്ചത്. ഖരമാലിന്യസംസ്ക്കരണവുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് ഉണ്ടാകുന്ന തടസ്സങ്ങളും ബുദ്ധിമുട്ടുകളും സർക്കാരുകൾ കൂടുതൽ കാര്യക്ഷമമായി കൈകാര്യം ചെയ്യേണ്ടതാണ്. മറ്റ് അടിസ്ഥാനവികസന പദ്ധതികൾ കൈകാര്യം ചെയ്യുന്ന പ്രാധാന്യത്തോടുകൂടി തന്നെ ഈ പദ്ധതിയും കൈകാര്യം ചെയ്യുകയും ധനലഭ്യത സുഗമമാക്കുകയും വേണം. ഈ രംഗത്തെ സ്വകാര്യ പങ്കാളിത്തത്തിന്റെ വ്യാപ്തി സംബന്ധിച്ച് സർക്കാരുകൾക്കും, മുനിസിപ്പാലിറ്റികൾക്കും വ്യക്തമായ ധാരണ ഉണ്ടാകണം. അതോടൊപ്പം ഈ വിഷയത്തിൽ വ്യക്തമായ മാർഗ്ഗനിർദേശരേഖയും ഉണ്ടാകണം. സർക്കാരുകൾ മാലിന്യസംസ്ക്കരണവുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകൾക്കും വേണ്ടി വ്യക്തമായ പദ്ധതി ഉണ്ടാക്കണം. മാലിന്യത്തിൽ നിന്നും വളങ്ങളും, വൈദ്യുതിയും ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതികളും ആസൂത്രണം ചെയ്യാവുന്നതാണ്.

പൊതുജന സഹകരണത്തോടുകൂടിയുള്ള പദ്ധതികൾ കൂടുതൽ വിജയപ്രദമാകുന്നതായി കാണാം. കേരളത്തിലെ കുടുംബശ്രീയുടെ പ്രവർത്തനങ്ങളും 'ജലനിധി' പദ്ധതിയിലെ ഉപഭോക്തൃകമ്മറ്റികളും ഇതിന് നല്ല ഉദാഹരണങ്ങളാണ്. പൊതുമീറ്റിംഗുകളും കൗൺസിലിംഗ് രീതികളും മാലിന്യസംസ്ക്കരണം സംബന്ധിച്ചും അതിന്റെ പ്രാധാന്യം സംബന്ധിച്ചും കൂടുതൽ അവബോധം ജനങ്ങളിൽ വളർത്തിയെടുക്കുവാൻ ഉപയോഗിക്കാവുന്നതാണ്. ഈ രംഗത്ത് പ്രവർത്തിക്കുന്ന ജീവനക്കാർക്ക് മാലിന്യങ്ങൾ തരംതിരിക്കുന്നതിനുള്ള പരിശീലനം നൽകേണ്ടതാണ്. ഓരോ വീടുകളിൽ നിന്നും കളക്ഷൻ ചാർജായി നിശ്ചിത തുക ഈടാക്കുന്നത് പദ്ധതി നടത്തിപ്പിന് സഹായകമായിരിക്കും. കന്യാകുമാരിയിൽ സർക്കാരിതര സംഘടനയുടെ സഹകരണത്തോടെ നടപ്പാക്കുന്ന പദ്ധതിയും ഡൽഹിയിലെ 'ഭാഗിരഥി' പദ്ധതിയും ഇതിന് ഉദാഹരണങ്ങളാണ്.

ചുരുക്കത്തിൽ സദ്ഭരണം എന്നത് സ്വകാര്യവൽക്കരണത്തെ നല്ല രീതിയിൽ കൈകാര്യം ചെയ്യുകയും മെച്ചപ്പെട്ട സേവനം ലഭ്യമാക്കുകയുമാണ്. പൊതു–സ്വകാര്യ മേഖല സാമൂഹ്യ പങ്കാളിത്തം ഖരമാലിന്യസംസ്ക്കരണത്തിനും ഉപയോഗപ്പെടുത്താവുന്നതാണ്. ■

*ഈ ചർച്ചയുടെ വിശദാംശങ്ങൾ, സഹായകരമായ രേഖകൾ എന്നിവയ്ക്കോ അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതിനോ, ഡീസെൻട്രലൈസേഷൻ കമ്മ്യൂണിറ്റിയിൽ അംഗമാകുന്നതിനോ ജോയ് ഇളമൺ (joyelamon@un.org.in), ടീനാ മാഥൂർ (tina.mathur@un.org.in) എന്നിവർക്കെഴുതുകയോ www.solutionexchange_un.net.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യുക.*

*തയ്യാറാക്കിയത്: ഡോ.ജോയ് ഇളമൺ*
*ഡീസെന്റട്രലൈസേഷൻ കമ്മ്യൂണിറ്റി*
*സൊല്യൂഷൻ എക്സ്ചേഞ്ച്, യുണൈറ്റഡ് നേഷൻസ്.*

*മലയാളത്തിലേയ്ക്ക് പരിവർത്തനം നടത്തിയത്:*
*സെന്റർ ഫോർ റൂറൽ മാനേജ്മെന്റ്, കോട്ടയം.*

## കേരളത്തിലെ പഞ്ചായത്ത് രാജ് സംവിധാനം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃക

കേരളത്തിലെ ത്രിതല പഞ്ചായത്ത് സംവിധാനം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്കു മുഴുവൻ മാതൃകയാണെന്ന് രാജസ്ഥാനിലെ ജെയ്പൂരിൽ നടന്ന ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെ ദേശീയ സമ്മേളനം വിലയിരുത്തി. രാജസ്ഥാനിൽ പഞ്ചായത്ത് ഭരണസംവിധാനം നിലവിൽ വന്നതിന്റെ അൻപതാം വാർഷികത്തിന്റെ ഭാഗമായാണ് പഞ്ചായത്ത് അദ്ധ്യക്ഷന്മാരുടെ ദേശീയസമ്മേളനം സംഘടിപ്പിച്ചത്. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ദേശീയ ഗവേഷണ പരിശീലന കേന്ദ്രമായ ജയ്പൂരിലെ ഇന്ദിരാഗാന്ധി പഞ്ചായത്ത് രാജ് ആൻഡ് ഗ്രാമീൺ വികാസ് സൻസ്ഥാൻ എന്ന സ്ഥാപനത്തിൽ വച്ചായിരുന്നു മൂന്നുദിവസത്തെ ദേശീയ സമ്മേളനം. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിൽ നിന്നുമായി തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള പ്രസിഡന്റുമാരെയാണ് സമ്മേളനത്തിലേയ്ക്ക് ക്ഷണിച്ചിരുന്നത്. കേരളത്തിൽ നിന്ന് ഗ്രാമപഞ്ചായത്ത് അസോസിയേഷൻ മലപ്പുറം ജില്ലാ പ്രസിഡന്റ് ഹനീഫ പുതുപറമ്പിന്റെ നേതൃത്വത്തിലുള്ള മൂന്നംഗസംഘമാണ് ദേശീയസമ്മേളനത്തിൽ പങ്കെടുത്തത്. പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി. രാധാകൃഷ്ണൻ, വയനാട് ഇടവക ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജസ്റ്റിൻ ബേബി എന്നിവരായിരുന്നു മറ്റ് സംഘാംഗങ്ങൾ. കേരളത്തിലെ കുടുംബശ്രീ സംവിധാനത്തെക്കുറിച്ചുള്ള പ്രബന്ധം ഹനീഫ പുതുപറമ്പ് അവതരിപ്പിച്ചു. കേരളത്തിലെ കുടുംബശ്രീ സംവിധാനം തികച്ചും മാതൃകാപരമാണെന്ന് തുടർന്ന് നടന്ന ചർച്ചയിൽ വിലയിരുത്തപ്പെട്ടു.



*ഹനീഫാ പുതുപ്പറമ്പിന്റെ നേതൃത്വത്തിലുള്ള പ്രതിനിധിസംഘം രാജസ്ഥാൻ മുഖ്യമന്ത്രി അശോക് ഗഹ്ലോട്ടിനോടൊപ്പം.*

ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിലൂടെ ഇന്ത്യയിലെ ഗ്രാമപ്രദേശങ്ങളിൽ വന്ന മാറ്റത്തെക്കുറിച്ച് വളരെ ആവേശത്തോടെയാണ് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രസിഡന്റുമാർ സംസാരിച്ചത്. ആദിവാസി മേഖലകളിൽ നിന്നുള്ള വനിതാ പ്രസിഡന്റുമാർ പഞ്ചായത്ത് രാജ് സംവിധാനം നിലവിൽ വന്നതിനുശേഷം ആദിവാസി മേഖലകളിൽ വന്ന മാറ്റത്തെക്കുറിച്ചാണ് പറഞ്ഞത്. തൊഴിലുറപ്പു പദ്ധതി ഗ്രാമീണ സമ്പദ് വ്യവസ്ഥയിൽ വരുത്തിയ മാറ്റം വലുതാണെന്നതിന്റെ സാക്ഷ്യം കൂടിയായിരുന്നു ഇവരുടെ വാക്കുകൾ. മൂന്നുദിവസത്തെ സമ്മേളനം രാജസ്ഥാൻ മുഖ്യമന്ത്രി അശോക് ഗഹലോട്ട് ഉദ്ഘാടനം ചെയ്തു. ഇന്ത്യയിലെ പഞ്ചായത്ത് രാജ് സംവിധാനം സുസ്ഥിരപ്പെടുത്തുന്നതിനുള്ള സുപ്രധാനമായ ഒരു കാൽവയ്പ്പായിരുന്നു ജയ്പൂരിലെ ദേശീയ സമ്മേളനം.

*(തയ്യാറാക്കിയത് : ഹനീഫ പുതുപറമ്പ് പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ, മലപ്പുറം ജില്ല.)*

# കേരള പഞ്ചായത്ത് രാജ് നിയമം

# 2009ലെ ഭേദഗതികൾ

കേരള നിയമസഭയുടെ 2009 ലെ 31-ാം ആക്റ്റ് പ്രകാരം 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വീണ്ടും ഭേദഗതി ചെയ്തിരിക്കുന്നു. നിയമസഭ പാസാക്കിയ ബില്ലിന് 2009 ഒക്ടോബർ മാസം 6-ാം തീയതി ഗവർണറുടെ അനുമതി ലഭിച്ചതിനെത്തുടർന്ന് 7.10.2009 ലെ 1845-ാം നമ്പർ അസാധാരണ ഗസറ്റിൽ ഇതു സംബന്ധിച്ച വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി. അമ്പതു ശതമാനം സ്ത്രീ സംവരണം, തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള വസ്തു നികുതിനിർണ്ണയത്തിനുള്ള വ്യവസ്ഥകൾ, ചവർ നിക്ഷേപിക്കുന്നതിനെതിരെ കർക്കശമായ നടപടികൾക്കുള്ള വ്യവസ്ഥകൾ മുതലായവ ഭേദഗതികൾ ഉറപ്പാക്കുന്നു. ഭേദഗതികളെ തുടർന്നുള്ള വരുത്തിയിട്ടുള്ള പ്രധാന മാറ്റങ്ങൾ താഴെപ്പറയുന്നവയാണ്.

**പഞ്ചായത്തുകളിലെ അംഗസംഖ്യ**

- ഗ്രാമ പഞ്ചായത്തുകളിലേയും ബ്ലോക്ക് പഞ്ചായത്തുകളിലേയും അംഗസംഖ്യ ഏറ്റവും കുറഞ്ഞത് പന്ത്രണ്ടിൽ നിന്ന് പതിമൂന്നായും കൂടിയ അംഗസംഖ്യ ഇരുപത്തിരണ്ട് എന്നത് ഇരുപത്തിമൂന്നായും ഭേദഗതി ചെയ്തു.

**സ്ത്രീ സംവരണം**

- ആക്റ്റിലെ 6,7,8 വകുപ്പുകളിൽ വരുത്തിയ ഭേദഗതി മുഖേന ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിലെ ആകെ അംഗസംഖ്യയുടെ അൻപതുശതമാനം സ്ത്രീകൾക്കായി സംവരണം ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തു.
- ത്രിതല പഞ്ചായത്തുകളിൽ പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും സംവരണം ചെയ്ത സ്ഥാനങ്ങളുടെ അൻപതു ശതമാനം ആ വിഭാഗത്തിലെ സ്ത്രീകൾക്കായി സംവരണം ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തു.
- എല്ലാ തലത്തിലുമുള്ള പഞ്ചായത്തുകളിലെ പ്രസിഡന്റിന്റെ ഔദ്യോഗിക സ്ഥാനങ്ങളിൽ അൻപതു ശതമാനം സ്ത്രീകൾക്കായി സംവരണം ചെയ്യുന്നതിന് 153-ാം വകുപ്പ് ഭേദഗതി ചെയ്തു.
- പട്ടിക ജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും സംവരണം ചെയ്ത പ്രസിഡന്റ് സ്ഥാനങ്ങളുടെ അൻപതു ശതമാനം സ്ത്രീകൾക്കായി സംവരണം ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തു.
- അൻപതു ശതമാനം കണക്കാക്കുമ്പോൾ ഭിന്ന സംഖ്യ വന്നാൽ അത് തൊട്ടടുത്ത ഉയർന്ന സംഖ്യയായി നിജപ്പെടുത്തുന്നതാണ്.
- പ്രസിഡന്റിന്റെ ഔദ്യോഗിക സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യാത്ത പഞ്ചായത്തുകളിൽ വൈസ് പ്രസിഡന്റിന്റെ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യുന്നതിന് 153-ാം വകുപ്പിൽ '4എ' എന്ന ഉപ വകുപ്പ് പുതുതായി കൂട്ടിച്ചേർത്തു.
- ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയിലും തെരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളുടെ ഒരു സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യുന്നതിന് 162-ാം വകുപ്പിന്റെ 2-ാം ഉപ വകുപ്പ് ഭേദഗതി ചെയ്തു.
- സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാരുടെ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യുന്നതിന് 162-ാം വകുപ്പിൽ 5എ എന്ന പുതിയ ഉപ വകുപ്പ് കൂട്ടിച്ചേർത്തു. ഇതനുസരിച്ചുള്ള വ്യവസ്ഥകൾ താഴെപ്പറയും പ്രകാരമാണ്.
  - ജില്ലാ പഞ്ചായത്തിൽ വൈസ് പ്രസിഡന്റ് സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുണ്ടെങ്കിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള രണ്ട് സ്റ്റാന്റിംഗ് കമ്മിറ്റികളിലെ ചെയർമാൻ സ്ഥാനങ്ങളും ഇല്ലെങ്കിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള മൂന്ന് സ്റ്റാന്റിംഗ് കമ്മിറ്റികളിലെ ചെയർമാൻ സ്ഥാനങ്ങളും സ്ത്രീകൾക്കായി സംവരണം ചെയ്യേണ്ടതാണ്.
  - ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ പ്രസിഡന്റ് സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുണ്ടെങ്കിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയിലെ ചെയർമാൻ സ്ഥാനവും ഇല്ലെങ്കിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള രണ്ട് സ്റ്റാന്റിംഗ് കമ്മിറ്റികളിലെ ചെയർമാൻ സ്ഥാനങ്ങളും സ്ത്രീകൾക്കായി സംവരണം ചെയ്യേണ്ടതാണ്.
  - സംവരണം ചെയ്യപ്പെടുന്ന സ്ഥാനങ്ങൾ തെരഞ്ഞെടുപ്പു കമ്മിഷൻ വീതിച്ചു നൽകുന്നതാണ്.

**സ്ഥാനാർത്ഥികളുടെ അയോഗ്യത**

- പട്ടികജാതി-പട്ടികവർഗ്ഗ സംവരണ സ്ഥാനത്തേയ്ക്ക് മത്സരിക്കുന്നതിനായി സമർപ്പിച്ച ജാതി സർട്ടിഫിക്കറ്റോ സത്യപ്രസ്താവനയോ വ്യാജമോ കളവോ ആയിരുന്നുവെന്ന് പ്രഖ്യാപിക്കപ്പെട്ട ഒരാൾ അങ്ങനെ പ്രഖ്യാപിക്കപ്പെടുന്ന തീയതി മുതൽ ആറു വർഷക്കാലത്തേയ്ക്ക് ഏതെങ്കിലും തലത്തിലുള്ള പഞ്ചായത്തിൽ സ്ഥാനാർത്ഥിയാകുന്നതിനോ അംഗമായി തുടരുന്നതിനോ അയോഗ്യനാ

യിരിക്കുമെന്ന പുതിയ വ്യവസ്ഥ 34-ാം വകുപ്പിൽ പുതുതായി ചേർത്തിരിക്കുന്നു.

- ഒരു പഞ്ചായത്തിൽ സ്ഥാനാർത്ഥിയാകുകയോ അംഗമായി തുടരുകയോ ചെയ്യുന്നതിന് ആ പഞ്ചായത്തുമായി ഉണ്ടാക്കിയ കരാറിലോ അതിനുവേണ്ടി ചെയ്യുന്ന പണിയിലോ അവകാശബന്ധമുള്ളയാൾ അയോഗ്യനായിരിക്കും എന്ന വ്യവസ്ഥ ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ഉണ്ടാക്കിയ കരാറിലോ അതിനുവേണ്ടി ചെയ്യുന്ന പണിയിലോ അവകാശബന്ധമുള്ളയാൾ അയോഗ്യനായിരിക്കും എന്ന വിധത്തിൽ ഭേദഗതി ചെയ്തിരിക്കുന്നു.

**അംഗങ്ങളുടെ അയോഗ്യത**

- പട്ടികജാതി-പട്ടികവർഗ്ഗ സംവരണ സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടയാൾ പട്ടികജാതിക്കാരൻ/പട്ടികവർഗ്ഗക്കാരൻ അല്ലെന്ന് തെളിയിക്കപ്പെട്ടാൽ അംഗത്വം നഷ്ടപ്പെടുന്നതാണെന്ന വ്യവസ്ഥ 35-ാം വകുപ്പിൽ പുതുതായി ഉൾപ്പെടുത്തി.
- ഒരു പഞ്ചായത്തംഗം ബന്ധപ്പെട്ട പഞ്ചായത്തുമായി ഉണ്ടാക്കിയ നിലവിലുള്ള ഏതെങ്കിലും കരാറിലോ അതിനുവേണ്ടി ചെയ്യുന്ന പണിയിലോ അവകാശബന്ധം ആർജ്ജിക്കുന്നപക്ഷം അംഗത്വം നഷ്ടപ്പെടുന്നതാണെന്ന വ്യവസ്ഥ, ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ഉണ്ടാക്കിയ നിലവിലുള്ള ഏതെങ്കിലും കരാറിലോ അതിനുവേണ്ടി ചെയ്യുന്ന പണിയിലോ അവകാശബന്ധം ആർജ്ജിക്കുന്നപക്ഷം അംഗത്വം നഷ്ടപ്പെടുന്നതാണെന്ന് ഭേദഗതി ചെയ്തു.
- പട്ടികജാതിക്കാർക്കോ പട്ടികവർഗ്ഗക്കാർക്കോ സംവരണം ചെയ്തിട്ടുള്ള പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളയാൾ പട്ടികജാതിക്കാരൻ അഥവാ പട്ടികവർഗ്ഗക്കാരൻ അല്ലെന്ന് തെളിയിക്കപ്പെടുകയും അപ്രകാരം പ്രഖ്യാപിക്കപ്പെടുകയും ചെയ്താൽ അയാളുടെ അംഗത്വം നഷ്ടപ്പെടുന്നതാണെന്ന വ്യവസ്ഥ 153-ാം വകുപ്പിൽ കൂട്ടിച്ചേർത്തു.

**തെരഞ്ഞെടുപ്പ് തീയതി**

- സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള അവസാന തീയതിക്കു ശേഷം ഇരുപതാം ദിവസം തെരഞ്ഞെടുപ്പ് നടത്താമെന്ന വ്യവസ്ഥ പതിനാലാമത്തെ ദിവസം എന്നു ഭേദഗതി ചെയ്തു.

**പട്ടികജാതി/പട്ടികവർഗ്ഗ സംവരണ സ്ഥാനത്തേയ്ക്കുള്ള നാമനിർദ്ദേശം**

- പട്ടികജാതി/പട്ടികവർഗ്ഗ സംവരണ സീറ്റിൽ മത്സരിക്കുന്ന സ്ഥാനാർത്ഥി നാമനിർദ്ദേശ പത്രികയോടൊപ്പം ആധികാരികതയുള്ള ഉദ്യോഗസ്ഥനിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റും സത്യപ്രസ്താവനയും ഹാജരാക്കണമെന്ന് 52-ാം വകുപ്പ് (2)-ാം ഉപവകുപ്പ് ഭേദഗതി ചെയ്തു.
- പട്ടികജാതിക്കാർക്കോ പട്ടികവർഗ്ഗക്കാർക്കോ സംവരണം ചെയ്തിട്ടുള്ള പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് പ്രസ്തുത വിഭാഗത്തിന് സംവരണം ചെയ്തിട്ടുള്ള സീറ്റിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടതല്ലാത്ത വ്യക്തി താൻ പട്ടികജാതിയിലെയോ പട്ടികവർഗ്ഗത്തിലെയോ അംഗമാണെന്ന് രേഖപ്പെടുത്തുകയും ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കുകയും ചെയ്യേണ്ടതാണെന്ന പുതിയ വ്യവസ്ഥ 153-ാം വകുപ്പിൽ കൂട്ടിച്ചേർത്തു.

**തെരഞ്ഞെടുപ്പു ദിവസം അവധി**

- സ്വകാര്യ മേഖലയിലെ വാണിജ്യ വ്യാപാര സ്ഥാപനങ്ങളിലെ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വോട്ടു ചെയ്യാൻ അർഹതയുള്ളവർക്ക് പൊതുതെരഞ്ഞെടുപ്പു നടക്കുന്ന ദിവസം വേതനത്തോടു കൂടിയുള്ള അവധി അനുവദിക്കുന്നത് ഉറപ്പുവരുത്തുന്നതിനായി 145എ എന്ന പുതിയ വകുപ്പ് നിയമത്തിൽ കൂട്ടിച്ചേർത്തു.
- 138-ാം വകുപ്പിലെ ഭേദഗതി പ്രകാരം, അർഹതയുള്ള ആളിന് അവധി അനുവദിക്കാതിരുന്നാൽ 500 രൂപ പിഴ ശിക്ഷ നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്.

**ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിൽ നാല് സ്റ്റാന്റിംഗ് കമ്മിറ്റികൾ**

- 162-ാം വകുപ്പിൽ വരുത്തിയ ഭേദഗതി അനുസരിച്ച് ഗ്രാമ പഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്തുകളിലും നിലവിലുള്ള മൂന്നു സ്റ്റാന്റിംഗ് കമ്മിറ്റികൾക്കു പുറമേ ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തി.
- ഗ്രാമ പഞ്ചായത്തുകളിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൈകാര്യം ചെയ്തിരുന്ന പൊതുജനാരോഗ്യം, ശുചീകരണം, ശുദ്ധജലവിതരണം, (കുടിവെള്ളം), അഴുക്കുചാൽ, പരിസ്ഥിതി, വിദ്യാഭ്യാസം, കലയും സംസ്കാരവും വിനോദവും എന്നീ വിഷയങ്ങൾ ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി കൈകാര്യം ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തു.
- ബ്ലോക്ക് പഞ്ചായത്തുകളിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൈകാര്യം ചെയ്തിരുന്ന പൊതുജനാരോഗ്യം, പരിസ്ഥിതി, വിദ്യാഭ്യാസം, കലയും സംസ്കാരവും വിനോദവും എന്നീ വിഷയങ്ങൾ ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി കൈകാര്യം ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തു. പൊതു വിതരണ സമ്പ്രദായം എന്ന വിഷയം പുതുതായി ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകി.

**സ്റ്റാന്റിംഗ് കമ്മിറ്റി തെരഞ്ഞെടുപ്പ്**

- സ്റ്റാന്റിംഗ് കമ്മിറ്റിയിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തെരഞ്ഞെടുപ്പു കമ്മിഷന്റെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും നടത്തുന്നതിനും അതിനായി സർക്കാരിലേയോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേയോ ഒരു ഉദ്യോഗസ്ഥനെ വരണാധികാരിയായി സ്ഥാന നിർദ്ദേശമോ നാമനിർദ്ദേശമോ ചെയ്യുന്നതിനും വ്യവസ്ഥ ചെയ്യുന്ന 4എ ഉപവകുപ്പ് 162-ാം വകുപ്പിൽ പുതുതായി ഉൾപ്പെടുത്തി.

**വസ്തു നികുതി**

- വസ്തു നികുതി സംബന്ധിച്ച 203-ാം വകുപ്പിനു പകരം പുതിയ വകുപ്പ് ചേർത്തു. ഇതനുസരിച്ച് വസ്തു നികുതി നിർണ്ണയത്തിനായി കെട്ടിടങ്ങളെ ആക്റ്റിൽ വിവിധ ഇനങ്ങളായി തിരിച്ചിരിക്കുന്നു.
- ഓരോ ഇനം കെട്ടിടത്തിന്റെയും ഓരോ ച.മീ. തറവിസ്തീർണ്ണത്തിന് ബാധകമായ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും അവ പ്രാബല്യത്തിൽ വരുന്ന തീയതിയും സർക്കാർ വിജ്ഞാപനം മൂലം നിശ്ചയിക്കേണ്ടതാണ്. ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളും സർക്കാരിന് വിജ്ഞാപനം മൂലം നിശ്ചയിക്കാവുന്നതാണ്.
- സർക്കാർ നിശ്ചയിക്കുന്ന പരിധിക്കു വിധേയമായി ഓരോ ഇനം കെട്ടിടത്തിനും ബാധകമാക്കേണ്ട അടിസ്ഥാന വസ്തുനികുതിനിരക്കുകൾ പഞ്ചായത്ത് നിശ്ചയിക്കേണ്ടതാണ്.
- സർക്കാർ നിശ്ചയിക്കുന്ന വസ്തുനികുതി പരിധിക്കും പഞ്ചായത്ത് നിശ്ചയിക്കുന്ന അടിസ്ഥാന വസ്തു നികുതി നിരക്കുകൾക്കും അഞ്ചു വർഷത്തെ പ്രാബല്യമുണ്ടായിരിക്കും.
- കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തെ അടിസ്ഥാന വസ്തുനികുതി നിരക്കുകൊണ്ട് ഗുണിച്ചു കിട്ടുന്ന തുകയെ തൊട്ടടുത്ത ഉയർന്ന പൂർണ്ണസംഖ്യയിലേയ്ക്ക് ക്രമീകരിച്ച തുക കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതിയായിരിക്കും. അതിന്മേൽ നിർദ്ദിഷ്ട ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ഇളവുകൾ അനുവദിക്കുകയും വർദ്ധനവുകൾ വരുത്തുകയും

ചെയ്യണം. അതിനുശേഷമുള്ള തുകയെ തൊട്ടടുത്ത ഉയർന്ന പൂർണ്ണസംഖ്യയിലേയ്ക്ക് ക്രമീകരിച്ച തുക കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതിയായിരിക്കും.

- എല്ലാ ഘടകങ്ങൾക്കുമായി അടിസ്ഥാന വസ്തുനികുതിയുടെ 75 ശതമാനത്തിലധികം ഇളവ് അനുവദനീയമല്ല.
- വസ്തുനികുതി നിർണ്ണയം സംബന്ധിച്ച് കെട്ടിട ഉടമ അല്ലെങ്കിൽ അധികാരപ്പെടുത്തിയ ആൾ റിട്ടേൺ സമർപ്പിക്കേണ്ടതാണ്.
- റിട്ടേണിന്റേയും സെക്രട്ടറി നടത്തിയ അന്വേഷണത്തിന്റേയും അടിസ്ഥാനത്തിൽ വാർഷിക വസ്തു നികുതി നിർണ്ണയിച്ച് അഞ്ചു വർഷത്തേയ്ക്ക് ബാധകമായ ഡിമാന്റ് നോട്ടീസ് നൽകണം. നികുതി റിട്ടേണിന്റെ അടിസ്ഥാനത്തിൽ താൽക്കാലികമായി നികുതി തിട്ടപ്പെടുത്താം.
- വാർഷിക വസ്തുനികുതി രണ്ട് അർദ്ധ വാർഷിക ഗഡുക്കളായി ഒടുക്കണം. ഓരോ അർദ്ധവർഷത്തെയും നികുതി അർദ്ധവർഷത്തിന്റെ അവസാനദിവസത്തിനകം ഒടുക്കാതിരുന്നാൽ തൊട്ടടുത്ത ദിവസം മുതൽ പിഴ ഒടുക്കണം.
- കെട്ടിടത്തിന്റെ ഉപയോഗക്രമത്തിലും മറ്റുമുണ്ടാകുന്ന മാറ്റങ്ങൾ ഉടമ 60 ദിവസത്തിനകം രേഖാമൂലം അറിയിക്കണം. ഉപയോഗക്രമം, തറ വിസ്തീർണ്ണം, മറ്റു ഘടകങ്ങൾ എന്നിവയിലെ വ്യത്യാസം കണക്കിലെടുത്ത് സെക്രട്ടറി നികുതി പുതുക്കി നിശ്ചയിക്കണം.

### നികുതിയിൽ നിന്ന് ഒഴിവാക്കൽ

നികുതി ഒഴിവാക്കേണ്ട കെട്ടിടങ്ങളെയും ഭൂമികളെയും സംബന്ധിച്ച 207-ാം വകുപ്പിനു പകരം പുതിയ വകുപ്പ് ചേർത്തു. അതനുസരിച്ച് താഴെപ്പറയുന്നവയെ വസ്തുനികുതിയിൽ നിന്നും സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കി.

- പൊതു ആരാധനാലയങ്ങൾ, മതപാഠശാലകൾ.
- സർക്കാർവകയോ എയ്ഡഡോ ആയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് അല്ലെങ്കിൽ അനുബന്ധാവശ്യങ്ങൾക്കു മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും ഹോസ്റ്റൽ കെട്ടിടങ്ങളും.
- സൗജന്യ ചികിത്സ നൽകുന്ന ആതുരാലയങ്ങൾ.
- അഗതികൾക്കോ അനാഥർക്കോ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കോ മാരകരോഗികൾക്കോ മൃഗങ്ങൾക്കോ അഭയം നൽകുന്നതും എല്ലാ ജനങ്ങൾക്കും പ്രവേശനം നൽകുന്നതുമായ കെട്ടിടങ്ങൾ.
- പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്ന ഗ്രന്ഥശാലകളും വായനശാലകളും കളിസ്ഥലങ്ങളും.
- സംരക്ഷിത പ്രാചീന സ്മാരകങ്ങൾ.
- ശവം അടക്കുകയും ദഹിപ്പിക്കുകയും ചെയ്യുന്ന സ്ഥലങ്ങൾ.
- സർക്കാർ വിട്ടുകൊടുത്തവ ഉൾപ്പടെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനം വക കെട്ടിടങ്ങൾ.
- ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരുടെ വകയായ 30 ച.മീ. നു താഴെയുള്ള കെട്ടിടങ്ങൾ.
- സർക്കാരോ അർദ്ധസർക്കാർ സ്ഥാപനങ്ങളോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി സൗജന്യമായി നിർമ്മിച്ചു കൊടുക്കുന്ന വാസഗൃഹങ്ങൾ.

### വസ്തു നികുതിയിന്മേലുള്ള സർചാർജ്ജ്

208-ാം വകുപ്പിനു പകരമായി ചേർത്ത പുതിയ വകുപ്പു പ്രകാരം വസ്തു നികുതിയുടെ അമ്പതു ശതമാനത്തിൽ അധികമല്ലാത്ത സർചാർജ്ജ് നിർണ്ണയിക്കപ്പെടുന്ന പ്രകാരം ഈടാക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നു.

### പിഴ ഒരു ശതമാനമായി കുറച്ചു

പഞ്ചായത്തിനു നൽകേണ്ട ഏതെങ്കിലും തുക യഥാസമയം നൽകാതിരുന്നാലുള്ള പിഴ, 209ഇ വകുപ്പിന് വരുത്തിയ ഭേദഗതി പ്രകാരം രണ്ടു ശതമാനത്തിൽ നിന്ന് ഒരു ശതമാനമായി കുറച്ചു.

### ചവറോ മാലിന്യമോ നിക്ഷേപിക്കൽ

ചവറോ മാലിന്യമോ വലിച്ചെറിയുന്നതിനുള്ള ശിക്ഷ സംബന്ധിച്ച 219 എസ് വകുപ്പിനു പകരമായി 219എസ്, 219റ്റി, 219യു എന്നീ വകുപ്പുകൾ പുതുതായി ചേർത്തു. ഇതുമൂലം താഴെപ്പറയുന്ന വ്യവസ്ഥകളാണ് പുതുതായി നിലവിൽ വന്നത്.

- 219എസ് വകുപ്പു പ്രകാരം, ഒരു പൊതു ജലമാർഗ്ഗത്തിലോ ജലാശയത്തിലോ ജലസ്രോതസ്സിലോ ചവറോ മാലിന്യമോ വിസർജ്യവസ്തുക്കളോ നിക്ഷേപിക്കുക, മലിനജലം ഒഴുക്കുക തുടങ്ങിയ കുറ്റങ്ങൾ കോഗ്നൈസബിളും ജാമ്യം ഇല്ലാത്തതുമായിരിക്കുന്നതാണ്.
- മേൽപ്പറഞ്ഞ കുറ്റങ്ങൾക്ക് കുറ്റസ്ഥാപനത്തിന്മേൽ പതിനായിരം രൂപയിൽ കുറയാതെയും 25000 രൂപയിൽ കവിയാതെയുമുള്ള പിഴയും ആറു മാസത്തിൽ കുറയാതെയും ഒരു വർഷത്തിൽ കവിയാതെയുമുള്ള തടവും നൽകുന്നതാണ്.
- ആക്റ്റിലെ വ്യവസ്ഥകൾക്കു വിരുദ്ധമായി ചവറോ ഖരമാലിന്യങ്ങളോ മൃഗശവങ്ങളോ വലിച്ചെറിയുന്ന കുറ്റം 219എസ് വകുപ്പിന്റെ പരിധിയിൽ വരാത്തതാണെങ്കിൽ 500 രൂപ മുതൽ 2000 രൂപ വരെ പിഴ ശിക്ഷയ്ക്ക് വിധിക്കപ്പെടും.
- 219എസ് വകുപ്പു പ്രകാരമുള്ള ഒരു കുറ്റം ചെയ്യുന്നതിനുള്ള ഉദ്ദേശ്യത്തോടെ കടത്തിക്കൊണ്ടുപോകുന്നതോ അങ്ങനെ ചെയ്യുന്നതിന് ഉപയോഗിച്ചശേഷം തിരികെ കൊണ്ടുപോകുന്നതോ ആണെന്ന് ന്യായമായി സംശയിക്കാൻ കാരണമുള്ള വാഹനം, സെക്രട്ടറിയോ സെക്രട്ടറി അധികാരപ്പെടുത്തിയ പഞ്ചായത്തിലെ ഉദ്യോഗസ്ഥനോ സബ് ഇൻസ്പെക്ടറുടെ റാങ്കിൽ കുറയാത്ത പോലീസുദ്യോഗസ്ഥനോ പിടിച്ചെടുത്ത് സബ് ഡിവിഷണൽ മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാക്കേണ്ടതാണ്.

### നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് നികുതി

നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് നികുതി ഈടാക്കുന്നതു സംബന്ധിച്ച 235എഎ വകുപ്പിനു പകരം പുതിയ വകുപ്പ് ചേർത്തിരിക്കുന്നു. ഇതനുസരിച്ച്,

- കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതായിരുന്നെങ്കിൽ നൽകേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതിന്റെ രണ്ടിരട്ടിയും ചേർന്ന തുക വസ്തു നികുതിയായി നൽകണം.
- നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് കെട്ടിട നമ്പർ നൽകാൻ പാടില്ല. അവയ്ക്ക് നിർണ്ണയിക്കപ്പെട്ട പ്രകാരം പ്രത്യേക നമ്പർ നൽകേണ്ടതാണ്.
- നിയമാനുസൃതമല്ലാതെ കെട്ടിടം നിർമ്മിക്കപ്പെട്ട വസ്തുവിന്റെ സർവ്വേ നമ്പർ, വസ്തു ഉടമയുടെ പേരുവിവരങ്ങൾ തുടങ്ങിയവ രേഖപ്പെടുത്തിയ പ്രത്യേക രജിസ്റ്റർ സെക്രട്ടറി സൂക്ഷിക്കണം.
- ഇപ്രകാരമുള്ള കെട്ടിടങ്ങൾ കച്ചവടത്തിനോ വ്യാപാര-വ്യവസായ ആവശ്യങ്ങൾക്കോ ഉപയോഗിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് അനുമതിയോ ലൈസൻസോ നൽകാൻ പാടില്ല. നൽകിയിട്ടുള്ള ലൈസൻസോ അനുമതിയോ റദ്ദാക്കണം. ■

*തയ്യാറാക്കിയത് : **പ്രശാന്ത് കുമാർ**,*
*സൂപ്രണ്ട്,*
*പഞ്ചായത്ത് ഡയറക്ടറേറ്റ്.*



ബി.എം. ബിയാസ്

# ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മണ്ണഞ്ചേരി മാതൃക

**ദേ**ശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തി കാർഷിക മേഖലയിൽ എങ്ങനെ ഗുണപ്രദമായി ഉപയോഗിക്കാം എന്നതിന് ഉത്തമ മാതൃകയാണ് മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത തൊഴിലുറപ്പ് പദ്ധതി.

22 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിലെ ഏഴായിരത്തോളം ബി.പി.എൽ. കുടുംബങ്ങളുടെ പുരയിടം കിളച്ച് കൃഷിയോഗ്യമാക്കുന്നു. ഒരു വാർഡിൽ ആയിരം തെങ്ങിൻ തൈ വീതം 22 വാർഡുകളിലായി 22000 തെങ്ങിൻ തൈ നടുന്നു. 40% മെറ്റീരിയൽ പാർട്ട് ഉപയോഗിച്ച്. IAY, BPL ഗുണഭോക്താക്കളുടെ കൃഷിയിടം ഹോർട്ടികൾച്ചറിൽപ്പെടുത്താം എന്ന നിയമപരമായ അനുവാദം ഉപയോഗിച്ചാണ് തെങ്ങിൻ തൈ വാങ്ങി നടുന്നത്. മൂന്നു വർഷം കൊണ്ട് തേങ്ങ ഉൽപ്പാദിപ്പിക്കുന്ന മലയിൽ യെല്ലോ ഡ്വാർഫ് തെങ്ങുകളിലൂടെ പ്രതിമാസം പഞ്ചായത്ത് പ്രദേശത്ത് ലക്ഷക്കണക്കിന് നാളികേരം ഉൽപ്പാദിപ്പിക്കുന്നു. ഇതുവഴി ഗ്രാമപഞ്ചായത്തിലെ നാളികേര ഉൽപ്പാദനം വർദ്ധിപ്പിക്കപ്പെടുന്നു. ഗുണഭോക്താക്കളുടെ കൈകളിലേയ്ക്ക് ലക്ഷക്കണക്കിന് രൂപ എത്തിച്ചേരുന്നു. സ്വപ്നസുന്ദരമായ ഈ പദ്ധതി 4-ാം വാർഡിൽ പൈലറ്റ് പ്രോജക്ടായി തുടക്കമിട്ടുകഴിഞ്ഞു. ആലപ്പുഴ ലോകസഭാംഗം കെ.സി. വേണുഗോപാൽ കഴിഞ്ഞ ചിങ്ങം 1 ന് തൈ നട്ട് പദ്ധതി ഉദ്ഘാടനം ചെയ്തു.

ദേശീയ തൊഴിലുറപ്പ് പദ്ധതി കാർഷിക ഉൽപ്പാദനത്തിന് എങ്ങനെ ഗുണകരമാക്കാം എന്ന ചർച്ചയിലാണ് പദ്ധതി അടങ്കലിന്റെ 40% സാധനങ്ങൾ വാങ്ങുവാൻ ഉപയോഗിക്കാം എന്ന വ്യവസ്ഥയിലൂടെ തെങ്ങിൻ തൈ വാങ്ങി നടാം എന്ന ആശയം നാലാംവാർഡ് മെമ്പർ കെ.വി മേഘനാഥൻ മുന്നോട്ട് വച്ചത്. തുടർന്ന് സർവ്വേയിലൂടെ സ്ഥലം തിട്ടപ്പെടുത്തി. നാലാം വാർഡിൽ മാത്രം 230 ബി.പി.എൽ കുടുംബങ്ങളുടേതായി മുപ്പത് ഏക്കർ സ്ഥലം ഉള്ളതായി സർവ്വേയിൽ വ്യക്തമായി. 175000 രൂപയുടെ പദ്ധതി തയ്യാറായി. ഇതിൽ മറ്റു പദ്ധതി ചെലവുകൾ കഴിച്ച് 35000 രൂപ തെങ്ങിൻതൈ വാങ്ങുവാൻ വകയിരുത്തി. പഞ്ചായത്തുതല പർച്ചേസിംഗ് കമ്മിറ്റി തെങ്ങിൻ തൈ വാങ്ങി ചിങ്ങം 1 ന് കിളച്ച് കൃഷിയോഗ്യമാക്കിയ പുരയിടങ്ങളിൽ നട്ടു. തിരുവോണത്തിന് മുമ്പ് അറുപത്തഞ്ചോളം തൊഴിലാളികളുടെ കൈകളിലേയ്ക്ക് കൂലിയായി 117250 രൂപ എത്തിച്ചു. 938 തൊഴിൽ ദിനങ്ങൾ ലഭ്യമായി. ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്താത്ത പദ്ധതിയായതിനാൽ സംസ്ഥാന പ്രോജക്ട് ഡയറക്ടറുടെ പ്രത്യേക അംഗീകാരം വാങ്ങിയാണ് പദ്ധതി നടപ്പിലാക്കിയത്.

ഇതിനനുബന്ധമായി മറ്റു വാർഡുകളിലും സർവ്വേ നടപടികൾ പുരോഗമിക്കുന്നു. 22 വാർഡുകളിലായി കൂലിയിനത്തിൽ 30 ലക്ഷത്തോളം രൂപ ചെലവാകും. 7500 ഏക്കറിൽ പദ്ധതിയിലൂടെ പ്രയോജനം ലഭിക്കും. ആകെ ചെലവ് പ്രതീക്ഷിക്കുന്നത് 40 ലക്ഷം രൂപയ്ക്ക് മുകളിലാണ്. 22000 തൊഴിൽ ദിനങ്ങൾ ലഭ്യമാകും. നാളികേര മേഖല പ്രധാന കാർഷിക മേഖലയായ മണ്ണഞ്ചേരിയിൽ ഈ തൊഴിലുറപ്പ് പദ്ധതി നാളികേര മേഖലയുടെ വളർച്ച യ്ക്ക് കാരണമാകുമെന്ന കാര്യത്തിൽ സംശയമില്ല.

മാരാരിക്കുളത്തിന്റെ നെല്ലറ എന്ന് വിശേഷിപ്പിക്കുന്ന തരിശായി കിടന്ന പെരുന്തുരത്ത് പാടശേഖത്തിൽ തൊഴിലുറപ്പ് പദ്ധതി വഴി പായൽവാരി മാറ്റുകയും, തോടുകൾ വെട്ടി വൃത്തിയാക്കുകയും, കൃഷിയിറക്കി ചരിത്രത്തിൽ ലഭ്യമല്ലാത്ത വിളവ് നേടിയെടുക്കാനായതും മറ്റൊരു വിജയമായി. ഇതു മാത്രമല്ല, 35 ഏക്കർ വരുന്ന തെക്കേക്കരി, 25 ഏക്കർ വരുന്ന മാങ്കരി, 25 ഏക്കർ വരുന്ന പറവയ്ക്കൽ പാടശേഖങ്ങളിലും, 50 ഏക്കറോളം വരുന്ന കരപാടങ്ങളിലും തൊഴിലുറപ്പ് പദ്ധതിയിലൂടെ കൃഷിയിറക്കുന്നതിനുള്ള പ്രവർത്തി വിജയകരമായി നടന്നുവരുന്നു എന്നത് നേട്ടങ്ങളുടെ പട്ടികയിൽ കൂടിച്ചേരുന്നു. വർഷങ്ങളായി തരിശായി കിടന്ന പെരുന്തുരത്ത് പാടശേഖരത്തിലടക്കം തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്ന സമയത്ത് എലിപ്പനി പോലുള്ള പകർച്ചവ്യാധികൾ പിടിപെട്ടെങ്കിലും ആ വെല്ലുവിളികളെല്ലാം പഞ്ചായത്ത് ഭരണസമിതി ഏറ്റെടുത്ത് അതിജീവിച്ചതുകൊണ്ടാണ് കാർഷിക മേഖലയിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ കൂട്ടിച്ചേർത്ത് വിജയം നേടുവാൻ കഴിഞ്ഞത്. എലിപ്പനി പിടിച്ച രോഗികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുവാനും, സൗജന്യ റേഷൻ അനുവദിക്കുവാനും മുഖ്യമന്ത്രിയുടെ ചികിത്സാ സഹായം ലഭ്യമാക്കുവാനും കഴിഞ്ഞിരുന്നു.

ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ നീർത്തട വികസന മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതോടൊപ്പം കാർഷിക മേഖലയിൽ വലിയ മുന്നേറ്റം സൃഷ്ടിക്കാനുള്ള ശ്രമത്തിലാണ് മണ്ണഞ്ചേരി പഞ്ചായത്ത് ഭരണസമിതി. ■

*ലേഖകൻ*
*മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാനാണ്.*

കവിത

# മതിലുകൾ

മതിലുകൾ കെട്ടി തിരിച്ചുനിർത്തി
മതവൈരം നിറച്ചു മുറിപ്പെടുത്തി
മനുഷ്യനെക്കണ്ടാൽ തിരിച്ചറിയാതെ
യീമന്വന്തരങ്ങൾ കടന്നുപോയി.

ഹിന്ദു മുസ്ലീം സിക്കു പാഴ്സി ജൈനൻ
ക്രിസ്ത്യാനിയെന്നും നീ വേർതിരിച്ചു
ജാതിയുപജാതി കോട്ടകെട്ടി
മാനവസ്നേഹം തുറുങ്കിലാക്കി.

സ്നേഹവിശ്വാസങ്ങൾ കൊണ്ടുപോയി
പകയും വിരോധവും പങ്കുവെച്ചു
ഏതുശിലായുഗ ലോകത്തു നിന്നു നീ
എത്തിയീമണ്ണിനെ ചുട്ടെരിക്കാൻ?
ഏതു കാട്ടാളന്റെ ജന്മത്തിൽ നിന്നു
നീയെത്തിയീ മർത്യതയ്ക്കന്ത്യമാകാൻ ?

കാലുകൾ ബന്ധിച്ചു ചങ്ങലക്കണ്ണികൾ
നീരാളി ബന്ധനം പോലെ നീളുമ്പൊഴും
സ്നേഹം കവർന്നു ; ദയ കവർന്നു
സ്നേഹപാത്രങ്ങളിൽ തീ നിറച്ചു
പൂക്കളും പുളകവും കൊണ്ടുപോയി
പൂക്കാത്ത സ്വപ്നം തിരിച്ചുതന്നു
ജാതി പറഞ്ഞും മതം പറഞ്ഞും
ജാതകച്ചേർച്ച തൻ ചേലറിഞ്ഞും
ജീവിതമാകെ ഹോമിച്ചിടുന്നു
ദുർമ്മദചാരികളെന്നുമെന്നും.

മതിലുകൾക്കുള്ളിലുടഞ്ഞുവീഴും
മൗനവാല്മീകത്തുടിപ്പിനൊപ്പം
മാനവസ്നേഹം നിറച്ചെടുക്കാൻ
വരിക നവാഗതപ്പാട്ടുകാരേ! ■

**ശശി മാവിൻമൂട്**

മിനിക്കഥ

**സുനിൽ കെ.ജി**
അട്ടപ്പാടി

# നവംബർ നീ വരാതിരുന്നെങ്കിൽ........

സെക്രട്ടറിയേറ്റിന്റെ പാതി തുറന്ന ജനാല പഴുതിലൂടെ പുറത്തേയ്ക്ക് നോക്കിയിരിക്കുകയായിരുന്നു രഘുനാഥൻ. ഒഴിവു ദിവസത്തിന്റെ ആലസ്യത്തിലമർന്ന നഗരവീഥികൾ, രാജകീയപ്രൗഢിയോടെ തലയുയർത്തി നിൽക്കുന്ന താജ് ഹോട്ടൽ. പതിവില്ലാത്ത വിധം മൂടൽമഞ്ഞ് ഒരാവരണംപോലെ അനന്തപുരിയെ വെള്ളപൂശിയിരുന്നു. പ്രഭാത സൂര്യന്റെ നേരിയ കിരണങ്ങൾ മഞ്ഞിൻ കണങ്ങളെ തഴുകി തലോടികൊണ്ട് ഭൂമിയിലേക്കിറങ്ങി വരുന്നു.

ജനാലയരുകിൽ വെച്ചിരുന്ന അലങ്കാരചെടി ചട്ടിയിൽ എങ്ങനെയോ മുളച്ചുവന്ന കറുകപുൽ നാമ്പിൽ സ്ഫടികം പോലെ പറ്റിപിടിച്ചു നിന്നിരുന്ന മഞ്ഞിൻ കണത്തിൽ ഉദയസൂര്യന്റെ സ്വർണ്ണനിറമാർന്ന രശ്മികൾ പതിച്ചപ്പോൾ ഉണ്ടായ ചെറിയ മഴവില്ല് വളരെ മനോഹരമായി തോന്നി. തന്റെ ജീവിതവും അതേപോലെയാണ് എന്നു തോന്നി രഘുനാഥന്. ഇതേ പോലെ ക്ഷണികമാണോ തന്റെ ജീവിതവും. മനസ്സ് അപ്പൂപ്പൻതാടി പോലെ ഒരു ഭാരവുമില്ലാതെ പാറി പറക്കുന്നു.

ഒരുപാട് ജോലികൾ ചെയ്തു തീർക്കാനുള്ളതുകൊണ്ട് അതിരാവിലെ ഓഫീസിലെത്തിയതാണ്. എന്നാൽ ഒന്നും ചെയ്യാൻ കഴിയുന്നില്ല. ഓർമകളുടെ പടവുകളിലൂടെ ഒരോട്ടപ്രദക്ഷിണം നടത്താൻ കൂടി കഴിയുന്നില്ല. നഷ്ടങ്ങളുടെ കണക്കുകൾ ഓർമ്മിപ്പിക്കാൻ ഒരു നവംബർ കൂടി വരുന്നു. എത്രയോ ദിനരാത്രങ്ങൾ താൻ ഇമചിമ്മാതെ കാവലിരുന്നിട്ടും തന്റെ അമ്മുവിനെ വിധി തട്ടിയെടുത്തുകൊണ്ട് പോയ ദിവസം എങ്ങനെയാണ് മറക്കാൻ പറ്റുക. ഓർക്കാൻ ശ്രമിക്കുമ്പോൾ തന്നെ കണ്ണിൽ ഇരുട്ടിന്റെ താണ്ഡവം. തോരാത്ത മിഴികളിൽ പിന്നെ ഇന്നേവരെ സന്തോഷത്തിന്റെ തിളക്കമുണ്ടായിട്ടില്ല.

ഓർമ്മയുടെ തിരയിളക്കത്തിൽ ഉടഞ്ഞ വളപ്പൊട്ടുകളുടെ കിലുക്കം അരികത്തെവിടെയോ കേട്ടപോലെ തോന്നിയോ, വെറും തോന്നലാകാം. എന്നും അങ്ങനെയായിരുന്നല്ലോ, ഒരുപാട് അകലെയാണെങ്കിലും അടുത്തുണ്ടെന്നു തോന്നിപ്പിക്കും, എവിടെയോ കണ്ടുമറന്ന മുഖം പോലെ ഇടയ്ക്കെപ്പോഴെങ്കിലും, ഓർമയിൽ നിന്നും കുറച്ചു സമയം മായുന്നത് ദീർഘമായ സ്വപ്നങ്ങളിലേയ്ക്കായിരുന്നല്ലോ. ഗൃഹാതുരമായ നെഞ്ചിനുള്ളിൽ നെരിപ്പോടുപോലെ എരിയുകയാണ്. എന്തിനായിരുന്നു അവൾ കെട്ടിടത്തിനു മുകളിൽ നിന്നും ചാടി ജീവനൊടുക്കിയത്. നഗരത്തിലെ നല്ല കോളേജിൽ തന്നെ ചേരണമെന്ന് വാശി പിടിച്ചത് ഇതിനായിരുന്നോ. വറുതിയുടെ കായലിൽ നിന്ന് പിടിവള്ളി പോലെ തനിക്കിവിടെ ജോലി കിട്ടിയപ്പോൾ ഏറ്റവും സന്തോഷിച്ചതും അമ്മുവായിരുന്നല്ലൊ. രണ്ടാളും ഒരു നഗരത്തിൽ .........

മഴവില്ലു മാഞ്ഞുപോവുന്നതുപോലെ എത്ര പെട്ടെന്നാണ് എല്ലാം തീർന്നത്. കൂട്ടുകാരെല്ലാം മാലാഖമാരെ പോൽ വെള്ളവസ്ത്രങ്ങളു മണിഞ്ഞ് പുറത്തിറങ്ങുന്ന നവംബറിൽ അമ്മുവിന്റെ ഓർമ്മ ദിവസമായി രിക്കും. ഓർമ്മകൾ മനസ്സിലെ വിങ്ങലാവുമ്പോൾ ഉത്തരം കിട്ടാത്ത ചോദ്യം അയാൾ തന്നോടുതന്നെ ചോദിക്കുമായിരുന്നു. എന്തിനായിരുന്നു അവളിങ്ങനെ ചെയ്തത് .... ഒരു നിമിഷം തന്നെയോർത്തിരുന്നെങ്കിൽ......... ■



എം. രാജൻ

# ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളിൽ മാതൃകയായി മടിക്കൈ ഗ്രാമപഞ്ചായത്ത്

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നീർത്തട വികസന പദ്ധതിയിൽ വൈവിധ്യങ്ങളായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതോടൊപ്പം തന്നെ ഗ്രാമപഞ്ചായത്തിൽ ഭക്ഷ്യസുരക്ഷയ്ക്കും പ്രകൃതിവിഭവ സംരക്ഷണത്തിനും ഊന്നൽ നൽകിയുള്ള കർമ്മ പരിപാടികളാണ് മടിക്കൈ ഗ്രാമപഞ്ചായത്ത് ആസൂത്രണം ചെയ്തു നടപ്പാക്കിവരുന്നത്. പശ്ചിമഘട്ട വികസന പരിപാടിയുടെ ഭാഗമായി മടിക്കൈ ഗ്രാമപഞ്ചായത്തിൽ വിവിധ ഘട്ടങ്ങളിലായി അഞ്ചു നീർത്തട വികസന പദ്ധതികൾ നടപ്പിലാക്കിയിരുന്നു. നീർത്തടവികസന പദ്ധതികളിലൂടെ സ്വന്തമാക്കിയ അനുഭവസമ്പത്ത് നല്കിയ പിൻബലത്തിൽ നിലിവിൽ നടപ്പിലാക്കിയ പദ്ധതിപ്രവർത്തനങ്ങളിലെ 'ഗ്യാപ്പ് ഫില്ലിംഗ്' എന്ന രീതിയിലാണ് നീർത്തടപദ്ധതികൾ തൊഴിലുറപ്പ് പദ്ധതിയിൽ ആസൂത്രണം ചെയ്തിരിക്കുന്നത്. മടിക്കൈ ഗ്രാമപഞ്ചായത്തിലെ നീർത്തടങ്ങൾ ചുവടെ കൊടുക്കുന്നു.

1. വെണ്ണന്നൂർ – 850 ഹെക്ടർ
2. കക്കാട്ട് – 809 ഹെക്ടർ
3. കുണ്ടേൻവയൽ – 823 ഹെക്ടർ
4. വാഴക്കോട് – 644 ഹെക്ടർ
5. കാരാക്കോട് – 955 ഹെക്ടർ
6. കോതോട്ട് – 370 ഹെക്ടർ

മുകളിൽ സൂചിപ്പിച്ച നീർത്തടങ്ങളിൽ കോതോട്ട് നീർത്തടം ഒഴികെയുള്ള നീർത്തടങ്ങൾ പശ്ചിമഘട്ടവികസന പരിപാടിയിൽ പെടുത്തി പരിപാലന പ്രവർത്തികൾ നടത്തിയവയാണ്. പശ്ചിമഘട്ടവികസന പരിപാടിക്കുകീഴിൽ പദ്ധതി നിർവ്വഹണം നടത്തിയെങ്കിലും ആവശ്യമായ രീതിയിൽ പരിപാലന മുറകൾ നടത്താൻ കഴിയാതിരുന്ന പ്രദേശങ്ങളുടെ നീർത്തട മാസ്റ്റർപ്ലാൻ (പശ്ചിമഘട്ട വികസന പദ്ധതിയിൽ ഒരു ഹെക്ടറിന് 7500/- രൂപ എന്ന പരിധിയുള്ളതിനാൽ) വിദഗ്ധ സർവ്വേ - സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെയും, വകുപ്പ് മേധാവികളുടെയും, കർഷകർ, പൊതുപ്രവർത്തകർ സന്നദ്ധ സംഘടനാ പ്രതിനിധികൾ, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവരുടെ സഹായത്തോടുകൂടി തീർത്തും ജനകീയമായി തയ്യാറാക്കി. ഡി.പി.സി.യുടെ അംഗീകാരത്തോടുകൂടി 2008 ആഗസ്റ്റ് 15 ന് ജില്ലയിൽ ആദ്യമായി നീർത്തട മാസ്റ്റർപ്ലാനിന്റെ അടിസ്ഥാനത്തിൽ പ്രവർത്തി ആരംഭിച്ചു. പദ്ധതിപ്രവർത്തനങ്ങളുടെ പഞ്ചായത്തുതല ഉദ്ഘാടനം കാസറഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എം.വി. ബാലകൃഷ്ണൻ മാസ്റ്റർ നിർവ്വഹിച്ചു.



# പദ്ധതി പ്രവ

### 1. പള്ളങ്ങളുടെ സംരക്ഷണം

മടിക്കൈ ഗ്രാമപഞ്ചായത്തിന്റെ ഭൂവിസ്തൃതിയിൽ 25% ത്തോളം വിശാലവും മനോഹരവുമായ കുന്നുകളും പാറകളുമാണ്. കുന്നിൻ നിറുകയിൽ കാണപ്പെടുന്ന പ്രകൃതിദത്തജലസംഭരണം കുളങ്ങളായുള്ള പള്ളങ്ങളുടെ സംരക്ഷണമാണ് ഒരു പ്രധാന പ്രവൃത്തി. കുന്നിൻ ചെരിവുകളിലും പാറകളിലുമായി പെയ്തിറങ്ങുന്ന മഴവെള്ളം പള്ളത്തിൽ ശേഖരിച്ച് ഭൂമിയിലേയ്ക്ക് ഇറക്കുന്നു. ഇത്തരത്തിൽ മൂന്ന് പള്ളങ്ങളുടെ സംരക്ഷണ പ്രവർത്തികൾ ചെയ്തു കഴിഞ്ഞു.

| ക്രമ നമ്പർ | പള്ളത്തിന്റെ പേര് | ചെലവഴിച്ച തുക | തൊഴിൽ ദിനങ്ങൾ |
|---|---|---|---|
| 1. | കാരാക്കോട് പള്ളം | 1,14,700 | 890 |
| 2. | കറുവളപ്പ് പള്ളം | 76,533 | 665 |
| 3. | അള്ളങ്കോട് പള്ളം | 58,998 | 451 |



എരിക്കുളം പാറയിൽ നിർമ്മിച്ച തടാകം

### 2. മഴവെള്ള കൊയ്ത്ത്

എരിക്കുളം പ്രദേശം മടിക്കൈ ഗ്രാമപഞ്ചായത്തിലെ ചെങ്കൽ പാറ നിറഞ്ഞ പ്രദേശമാണ് ഇവിടങ്ങളിൽ പെയ്തിറങ്ങുന്ന മഴവെള്ളം വളരെ വേഗത്തിൽ ഒഴുകി പോയിരുന്നു. ഇവിടെ പെയ്യുന്ന മഴയെ ശാസ്ത്രീയമായ രീതിയിൽ പിടിച്ചു നിർത്തി മഴവെള്ളകൊയ്ത്ത് സാധ്യമാക്കുന്നതിന് വേണ്ടിയാണ് കെട്ടുങ്കാലിൽ ചുറ്റുമതിൽ തീർത്ത് തടാക രൂപത്തിൽ ജലസംഭരണി നിർമ്മിച്ചത്.

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | ചെലവഴിച്ച തുക | തൊഴിൽ ദിനങ്ങൾ |
|---|---|---|---|
| 1 | കെട്ടുങ്കാൽ പള്ളം | 1,56,938 | 1115 |

### 3. കല്ലടുക്ക് തടയണകൾ

മടിക്കൈ ഗ്രാമപഞ്ചായത്തിൽ മൂന്ന് പുഴകളും നിരവധി ചെറിയതോടുകളും ഉണ്ട്. മഴക്കാലങ്ങളിൽ കുന്നിൻ പുറങ്ങളിൽ നിന്നും തോടുകളിൽക്കൂടി ഒഴുകി പ്പോകുന്ന വെള്ളത്തിന്റെ അളവ് വളരെ കൂടുതലാണ്. ഇത്തരത്തിൽ ഒഴുകിപ്പോ കുന്ന മഴവെള്ളത്തിന്റെ വേഗത കുറച്ച് മണ്ണിലേയ്ക്ക് താഴ്ന്ന് ഇറങ്ങുന്നതിന്റെ തോത് വർദ്ധിപ്പിക്കുന്നതിനായി തോടുകളിൽ നിറഞ്ഞിരിക്കുന്ന മണൽ മാറ്റി ആഴം കൂട്ടി നിരവധി കല്ലടുക്ക് തടയണകൾ നിർമ്മിക്കാൻ തൊഴിലുറപ്പ് പദ്ധതിയിലൂടെ സാധിച്ചു.

| പൂർത്തീകരിച്ചിരിക്കുന്ന എണ്ണം | ചെലവഴിച്ച തുക | തൊഴിൽ ദിനങ്ങൾ |
|---|---|---|
| 20 | 16,87,399 | 13281 |



ഭക്ഷ്യസുരക്ഷ മരച്ചീനി കൃഷി

### 4. പൊതുസ്ഥലങ്ങളിലെ മണ്ണ്-ജല സംരക്ഷണം

പഞ്ചായത്തിന് കൈമാറിക്കിട്ടിയ ഘടകസ്ഥാപനങ്ങളായ പൂത്തക്കാൽ പി.എച്ച്.സി., മലപ്പച്ചേരി യു.പി.സ്കൂൾ, പഞ്ചായത്ത് കോമ്പൗണ്ട് തുടങ്ങിയ സ്ഥല ങ്ങളിൽ മണ്ണ്-ജല സംരംക്ഷണ പ്രവർത്തിയുടെ ഭാഗമായി കല്ല് കയ്യാല, മണ്ണ് കയ്യാല, ട്രഞ്ച് തുടങ്ങിയ നിരവധി പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പാക്കാൻ സാധിച്ചു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ചെലവഴിച്ച തുക | തൊഴിൽ ദിനങ്ങൾ |
|---|---|---|---|
| 1. | മടിക്കൈ ഗ്രാമപഞ്ചായത്ത് ഓഫീസ് കോമ്പൗണ്ട് | 1,27,349 | 1001 |
| 2. | പൂത്തക്കാൽ പി.എച്ച്.സി | 86,414 | 680 |
| 3. | മലപ്പച്ചേരി യു.പി. സ്കൂൾ | 1,13,526 | 902 |

### 5. തെങ്ങിന് തടമെടുക്കൽ

വാട്ടർഷെഡ് മാസ്റ്റർപ്ലാനിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ വ്യക്തികളുടെ പറമ്പുകളിലേയ്ക്ക് ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ചെലവ് ചുരുങ്ങിയതും അവിദഗ്ധ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ ചില മണ്ണ്-ജല സംരക്ഷണ പ്രവർത്തികൾ കൂടി 6 നീർത്തടങ്ങളിലായി നടപ്പിലാക്കുകയുണ്ടായി. ഇതിൽ പ്രധാനമായിരുന്നു തെങ്ങിന് തടമെടുക്കൽ. കാർഷിക വില തകർച്ചമൂലം കഷ്ടപ്പെടുന്ന കർഷകർക്ക് വലിയ ആശ്വാസമായി ഇത്.

| ക്രമ നമ്പർ | തെങ്ങിൻതടത്തിന്റെ എണ്ണം | ചെലവഴിച്ച തുക | തൊഴിൽ ദിനങ്ങൾ |
|---|---|---|---|
| 1. | 34944 | 14,31,596 | 11660 |



പൂത്തക്കാൽ പിഎച്ച്സി വളപ്പിൽ ജലസംരക്ഷണ

# ർത്തനങ്ങൾ







പ്രവർത്തനം

### 6. മഴക്കുഴി

മടിക്കൈ ഗ്രാമ പഞ്ചായത്തിലെ ആറ് നീർത്തടപ്രദേശങ്ങളും കുന്നിൻ പ്രദേശവും ചെങ്കൽപാറകളും ആയതിനാൽ മഴക്കാലങ്ങളിൽ തോടുകളിൽ ഒഴുകിപ്പോകുന്ന വെള്ളത്തിന്റെ അളവ് വളരെ കൂടുതലാണ്. ഇത്തരത്തിൽ ഒഴുകിപ്പോകുന്ന മഴവെള്ളത്തെ തടഞ്ഞുനിർത്തി ഭൂമിയിലേയ്ക്ക് ഇറക്കുന്നതിന് കാലവർഷാരംഭത്തിൽ തന്നെ നീർത്തട പ്രദേശങ്ങളിൽ മഴക്കുഴി നിർമ്മിച്ചത് ജലനിരപ്പ് ഉയർത്താൻ സഹായകരമായി.

| ക്രമ നമ്പർ | മഴക്കുഴികളുടെ എണ്ണം | ചെലവഴിച്ച തുക | തൊഴിൽ ദിനങ്ങൾ |
|---|---|---|---|
| 1. | 75,937 | 21,72,130 | 17098 |

### 7. പാടശേഖരങ്ങൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കൽ

മടിക്കൈ ഗ്രാമ പഞ്ചായത്തിൽ പതിമൂന്ന് പാടശേഖരങ്ങളിലായി 1000 ഏക്കർ നെൽ വയൽ ഉണ്ട്. ഉല്പാദനച്ചെലവ് കൂടുതൽ വേണ്ടതിനാലും തൊഴിലാളിക്ഷാമത്താലും മറ്റ് അടിസ്ഥാനസൗകര്യം ഇല്ലാത്തതിനാലും കൃഷിക്കാർ ഈ രംഗത്തു നിന്ന് പിൻമാറുന്ന സ്ഥിതി ഉണ്ടായി. മുഴുവൻ കൃഷിയിടങ്ങളിലും നെൽകൃഷി ചെയ്യുന്നതിനുവേണ്ടി പതിമൂന്ന് പാടശേഖരങ്ങളിലും പാടശേഖരസമിതിയുടെ പ്രവർത്തനം സജീവമാക്കി. സമിതിയുടെയും കർഷകരുടേയും അഭിപ്രായങ്ങൾ ആരാഞ്ഞ് ഓരോ പാടശേഖരങ്ങളിലും വേണ്ടുന്ന ജലസേചനം അടക്കമുള്ള സൗകര്യങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ ഒരുക്കിക്കൊടുത്തു.

| ക്രമ നമ്പർ | പ്രവർത്തികൾ | ഡ്രെയിനേജ് ആകെ നീളം | ചെലവഴിച്ച തുക | തൊഴിൽ ദിനങ്ങൾ |
|---|---|---|---|---|
| 1. | 55 എണ്ണം | 7 കി.മി. | 16,81,954 | 13005 |

### 8. മരിച്ചീനി കൃഷി

ഒരുകാലത്ത് വ്യാപകമായി കൃഷിചെയ്തിരുന്ന കപ്പകൃഷി ഇന്ന് ഗ്രാമപഞ്ചായത്തിൽ ചുരുക്കം ചില സ്ഥലങ്ങളിൽ പേരിനുമാത്രമായി ചുരുങ്ങിയിരിക്കുകയാണ്. മണ്ണ്-ജലസംരക്ഷണത്തിന് കോട്ടം തട്ടാത്ത വിധത്തിൽ ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി കപ്പകൃഷി തിരിച്ചുകൊണ്ടുവരുന്നതിനുള്ള പ്രവർത്തനമാണ് ഗ്രാമ പഞ്ചായത്ത് ഏറ്റെടുത്തിരിക്കുന്ന മറ്റൊരു ദൗത്യം. ഒരു കുടുംബത്തിന് "100 ചുവട് കപ്പ" എന്ന തോതിൽ പദ്ധതി നടപ്പിലാക്കിവരുന്നു. കപ്പച്ചുവട് തൊഴിലുറപ്പ് പദ്ധതിയിലും വിത്ത് പ്ലാൻ ഫണ്ട് ഉപയോഗിച്ചും വാങ്ങി ഓരോ കുടുംബത്തിനും നല്കി.

| ക്രമ നമ്പർ | കിഴങ്ങ് വർഗ്ഗ ഇനം | മൂടുകളുടെ എണ്ണം | ചെലവഴിച്ച തുക | തൊഴിൽ ദിനങ്ങൾ |
|---|---|---|---|---|
| 1. | മരച്ചീനി | 3,77,826 | 8,69,291 | 6696 |

### 9. സാമൂഹ്യ വനവത്കരണം

പ്രകൃതി സംരക്ഷണ പരിപാടിയുടെ ഭാഗമായി തൊഴിലുറപ്പ് പദ്ധതി ഫണ്ടും പ്ലാന് ഫണ്ടും ഏകോപിപ്പിച്ച് 25,000 വൃക്ഷത്തൈ നഴ്സറികൾ 2 കുടുംബശ്രീ അയൽക്കൂട്ടം വഴി തയ്യാറാക്കി. മഹാഗണി, കണിക്കൊന്ന, നെല്ലി, കമുക്, മുള, തേക്ക്, മാവ് തുടങ്ങിയ വിവിധ ഇനം വൃക്ഷത്തൈകൾ ഗ്രാമപഞ്ചായത്തിലെ പൊതുസ്ഥലങ്ങളിലും സ്വകാര്യസ്ഥലങ്ങളിലുമായി നട്ടുപിടിപ്പിച്ചു.

| ക്രമ നമ്പർ | വൃക്ഷത്തൈകളുടെ എണ്ണം | ചെലവഴിച്ച തുക | തൊഴിൽ ദിനങ്ങൾ |
|---|---|---|---|
| 1. | 25,000 | 80,000 | 600 |


### 10. സ്കൂൾ ഗ്രൗണ്ട് നിർമ്മാണം

മടിക്കൈ ഗ്രാമ പഞ്ചായത്തിൽ 10 പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാത്രമാണ് ഉള്ളത്. അതുകൊണ്ട് തന്നെ സ്കൂളുകൾക്ക് ഭൗതികസൗകര്യങ്ങൾ ഒരുക്കി കൊടുക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. സ്കൂളുകൾക്ക് കളിസ്ഥലം ഉണ്ടെങ്കിലും വേണ്ടത്ര സൗകര്യങ്ങളില്ല. അതുകൊണ്ട്തന്നെ പത്ത് സ്കൂളുകൾക്കും കളിസ്ഥലം ഒരുക്കി കൊടുക്കുവാൻ സാധിച്ചു. സ്കൂൾ ഗ്രൗണ്ടിനു പുറത്ത് മറ്റ് അഞ്ചോളം സ്ഥലങ്ങളിൽ പുതുതായി കളിസ്ഥലം നിർമ്മിച്ച് നല്കാൻ സാധിച്ചു.

### പരിശീലന അവബോധ പ്രവർത്തനങ്ങൾ

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഗ്രാമപഞ്ചായത്തിൽ വിജയകരമായി നടത്തുന്നതിന് വേണ്ടി വ്യത്യസ്ത തലത്തിലുള്ള പ്രവർത്തനങ്ങളും പരിശീലനപരിപാടികളും നടത്തി ജില്ലയിൽ ആദ്യമായി തന്നെ നീർത്തടമാസ്റ്റർ പ്ലാൻ ജനകീയ പങ്കാളിത്തത്തോടെ തയ്യാറാക്കി വിജയകരമായി നടപ്പിലാക്കിവരുന്നു. ■

*ലേഖകൻ മടിക്കൈ ഗ്രാമപഞ്ചായത്ത് പ്രസിഡന്റാണ്.*



# ഞാൻ കണ്ട ഡൽഹി

ലേഖനപരമ്പര - 2



റോയ് ചാക്കോ ഇളമണ്ണൂർ

> പാത്രത്തിലിരിക്കുന്ന വെള്ളം ഐസാകുന്ന അവസ്ഥ. പുറത്തുകഴിയുന്നതിനേക്കാൾ സുഖം ഫ്രിഡ്ജിൽ കയറിയിരിക്കുന്നതാണെന്ന് തോന്നിപ്പോകുന്ന തണുപ്പ്. എന്നാൽ തണുപ്പുകാലം ഡൽഹിയുടെ ഉത്സവകാലമാണ്. അവിടുത്തെ ജനങ്ങളെല്ലാം തണുപ്പിനെ സ്നേഹിക്കുന്നു.

ഇന്ത്യയുടെ തലസ്ഥാന നഗരി സന്ദർശിക്കാൻ അനുയോജ്യമായ ഏറ്റവും നല്ല കാലയളവാണ് നവംബറും മാർച്ചും. തണുപ്പ് സഹിക്കാൻ കഴിയുന്നവർക്ക് അല്ലെങ്കിൽ തണുപ്പുകാലം ഇഷ്ടപ്പെടുന്നവർക്ക് ഡിസംബർ 15 വരെയും ഫെബ്രുവരി മാസത്തിലും സന്ദർശനം നടത്താം. എന്നാൽ ശൈത്യകാലമില്ലാത്ത കേരളത്തിൽ നിന്ന് ഡിസംബർ 15 മുതൽ ജനുവരി 31 വരെയുള്ള ഒന്നര മാസം വടക്കേന്ത്യയിലേയ്ക്ക് പോകാതിരിക്കുന്നതാണ് നല്ലത്. ഫ്രിഡ്ജിൽ കയറിയിരുന്നാൽ യാതൊരു ബുദ്ധിമുട്ടുമില്ലാത്ത ശരീരപ്രകൃതിയുള്ളവർ ഈ കാലയളവിൽ അവിടെ പോകുന്നതിൽ കുഴപ്പമില്ല. കാരണം, വടക്കേന്ത്യയിലെ അതിശൈത്യകാലമാണ് അപ്പോൾ. കേരളത്തിലെ മൂന്നാർ, കുമളി തുടങ്ങി ഏതാനും കുറച്ചു സ്ഥലങ്ങളിൽ മാത്രമല്ലേ യഥാർത്ഥ വിന്റർ അനുഭവപ്പെടുന്നുള്ളൂ.

തണുപ്പുകാലമെന്തെന്നനുഭവിച്ചറിയുവാൻ നമ്മൾ തമിഴ്നാട്ടിലെ ഊട്ടിയിലും കൊഡൈക്കനാലിലുമൊക്കെയാണല്ലോ പോകുന്നത്. ഡിസംബറിൽ ശരാശരി 18 ഡിഗ്രി വരെ മാത്രമേ താപനില, കേരളത്തിലെ പലയിടത്തും കുറയുന്നുള്ളൂ. എന്നാൽ വടക്കേന്ത്യയിൽ ഇത് രണ്ട് ഡിഗ്രിവരെ എത്തുന്നു. ചൂടും തണുപ്പുമൊക്കെ അളവിൽ പറയുമ്പോൾ ഒന്നും രണ്ടും ഡിഗ്രിപോലും വ്യത്യാസം വരുന്നത് അന്തരീക്ഷത്തിൽ വലിയ മാറ്റമാണ് ഉണ്ടാക്കുന്നത് എന്നറിയാമല്ലോ. ഉദാഹരണമായി ശരാശരി 34 ഡിഗ്രി ചൂട് ലഭിച്ചുകൊണ്ടിരിക്കുന്ന കേരളത്തിൽ പകൽ താപനില 36 ഡിഗ്രിയായി ഉയരുമ്പോൾ കേരളം വെന്തുരുകുന്നു എന്ന രീതിയിൽ പത്രങ്ങളിൽ വാർത്ത വരികയും കേരളീയർ അസ്വസ്ഥത കാണിക്കുകയും പതിവാണ്. ഡിസംബറിലെ അർദ്ധരാത്രി താപനില 18 ഡിഗ്രിയിലേയ്ക്ക് താഴുമ്പോൾ "ഹോ, എന്തൊരു തണുപ്പ്! ഈ തണുപ്പത്ത് ഞങ്ങൾ മരിച്ചുപോകും" എന്ന് ആവലാതിപ്പെട്ട് പുതപ്പിനടിയിൽ ചുരുണ്ടുകൂടുന്ന സുഖിമാന്മാരായ കേരളീയർക്ക് താപനില മൂന്നു ഡിഗ്രിയിലേയ്ക്ക് താഴുമ്പോഴുണ്ടാകുന്ന മരവിപ്പിക്കുന്ന അവസ്ഥയെപ്പറ്റി ചിന്തിക്കാൻ പോലും കഴിയുമോ? പാത്രത്തിലിരിക്കുന്ന വെള്ളം ഐസാകുന്ന അവസ്ഥ. പുറത്തുകഴിയുന്നതിനേക്കാൾ സുഖം ഫ്രിഡ്ജിൽ കയറിയിരിക്കുന്നതാണെന്ന് തോന്നിപ്പോകുന്ന തണുപ്പ്. എന്നാൽ തണുപ്പുകാലം ഡൽഹിയുടെ ഉത്സവകാലമാണ്. അവിടുത്തെ ജനങ്ങളെല്ലാം തണുപ്പിനെ സ്നേഹിക്കുന്നു. അതിന് നിരവധി കാരണങ്ങളുണ്ട്. അതിലേറ്റവും മുഖ്യമായത് അവിടുത്തെ അതികഠിനമായ ചൂടുകാലം തന്നെ. അല്പം അതിശയോക്തി കലർത്തി പറഞ്ഞാൽ ഉണങ്ങാൻ മുറ്റത്തിട്ടിരിക്കുന്ന തുണി ചൂടേറ്റ് കത്തിപ്പോകുമോ എന്ന് തോന്നിപ്പോകുന്നത്ര അതിഭയാനകമായ വേനൽ,





മെയ്, ജൂൺ, ജൂലൈ മാസങ്ങളിൽ വടക്കേന്ത്യയെ വിഴുങ്ങും. വേനൽക്കാലത്തും ശൈത്യക്കാലത്തും വടക്കേന്ത്യയിൽ അക്കാരണത്താൽ തന്നെ നൂറുകണക്കിനാളുകൾ മരിക്കാറുണ്ട്. എന്നിരുന്നാലും തമ്മിൽ ഭേദം ശൈത്യകാലം തന്നെ. നമുക്കു ലഭിക്കുന്നതുപോലെ മഴക്കാലമെന്നൊരു സീസൺ ഡൽഹിയിലില്ല. കേരളത്തിലെ പണിമുടക്കും ബന്ദും ഹർത്താലുകളും ഇവിടുത്തെ ഭയാനകമായ, ദുരിതപൂർണ്ണമായ അവസ്ഥകളാണ്. അതുപോലെ ഡൽഹിയിലെ ദുരിതപൂർണ്ണമായ അവസ്ഥകളാണ് അവിടുത്തെ അതിശൈത്യവും അതിവേനലും എന്ന് പറയാം. മറ്റു പറയത്തക്ക ദുരിതങ്ങളൊന്നുമില്ലെന്നാണ് എന്റെ അനുഭവം.

ആഗ്രയിലെ താജ്മഹൽ, ഡൽഹി മഹാനഗരത്തിലെ നിരവധി ചരിത്രസ്മാരകങ്ങൾ എന്നിവയൊക്കെ കാണാൻ ആഗ്രഹിക്കുന്ന വായനക്കാർ ഉടൻതന്നെ ടിക്കറ്റെടുത്തുകൊൾക. ഇപ്പോൾ ഡൽഹിയിലെത്തിയാൽ എന്താണ് ശൈത്യകാലം എന്നുകൂടി അനുഭവിച്ചറിഞ്ഞ് തിരികെവരാം. ഒരല്പം പോലും വെയിലേൽക്കാതെ നല്ല ഏസി റൂമിലെന്നതുപോലെ ഒരല്പം പോലും ക്ഷീണമുണ്ടാകാതെ, തളരാതെ മൂടിപ്പുതച്ച് നട്ടുച്ചനേരത്ത് നിങ്ങൾക്ക് ഈ ടൂറിസ്റ്റ് കേന്ദ്രങ്ങളിലെല്ലാം ഒരു സന്ദർശനം നടത്തി തിരികെ വരാം. എന്തെല്ലാമാണ് അവിടുത്തെ കാഴ്ചകൾ എന്ന് ഓന്നോ രണ്ടോ മൂന്നോ ലക്കത്തിൽ എഴുതി ഒതുക്കാൻ സാധിക്കില്ല. അത്രയ്ക്കും വിശാലമായ, വിസ്തൃതമായ കാഴ്ചകൾ നമ്മുടെ രാജ്യത്തിന്റെ തലസ്ഥാന നഗരി നിങ്ങൾക്കായി ഒരുക്കിയിട്ടുണ്ട്. ചെന്നൈയിലോ ഹൈദരാബാദിലോ ബാംഗ്ലൂരിലോ ഒരാഴ്ചക്കാലമെങ്കിലും താമസിച്ച് ആ നഗരമെല്ലാം പോയിക്കാണാത്ത ഒരു മലയാളിയാണ് ഡൽഹിയിൽ എത്തുന്നതെങ്കിൽ ആ മഹാനഗരം കണ്ട് നിങ്ങൾ കണ്ണു തള്ളും. ഒരു സ്വപ്നലോകത്താണ് എത്തിയിരിക്കുന്നതെന്ന് തോന്നും. അത്രയ്ക്കും ഡൽഹി വളർന്നുകൊണ്ടേയിരിക്കുന്നു. നമ്മുടെ ഏറ്റവും വലിയ നഗരമായ എറണാകുളത്തിന്റെ എത്ര ഇരട്ടിയുണ്ട് ഡൽഹി എന്നൊരു ചോദ്യം ചോദിക്കാൻ പോലും പറ്റില്ല. ആനയെയും ആട്ടിൻകുട്ടിയെയും തമ്മിൽ താരതമ്യം ചെയ്യുന്നതുപോലെയായിരിക്കും അത്. മുംബൈ, ചെന്നൈ, ഹൈദരാബാദ്, ബാംഗ്ലൂർ തുടങ്ങിയ നഗരങ്ങളിലെ കാഴ്ചകളുമായിട്ടു മാത്രമേ ഡൽഹി നഗരത്തിലെ കാഴ്ചകളെ താരതമ്യം ചെയ്യാൻ സാധിക്കുകയുള്ളൂ. എന്നാൽ ഇവിടങ്ങളിലുള്ളതിനെക്കാളൊക്കെ വളരെ വ്യത്യസ്തമായ ചരിത്രസ്മാരകങ്ങളും ഭരണസിരാകേന്ദ്രങ്ങളും ഡൽഹിയെ വ്യത്യസ്തമാക്കുന്നു. പാർലമെന്റ്, രാഷ്ട്രപതിഭവൻ, ചുവപ്പുകോട്ട, യമുനാനദീ തീരത്തെ ചരിത്രനായകന്മാരുടെ സമാധി സ്ഥലങ്ങൾ, വിവിധ രാജ്യങ്ങളുടെ എംബസികൾ, സെൻട്രൽ സെക്രട്ടറിയേറ്റ്, ശാസ്ത്രിഭവൻ, കൃഷിഭവൻ, റെയിൽഭവൻ, നിർമ്മാൺ ഭവൻ, സെൻട്രൽ ഗവൺമെന്റ് ഓഫീസ് കോംപ്ലക്സ് തുടങ്ങിയ ബഹുനില ഭരണസിരാകേന്ദ്രങ്ങൾ, ജന്ദർമന്ദിർ, ഗാന്ധി മ്യൂസിയം, ലോട്ടസ് ടെംപിൾ, പാവകളുടെ മ്യൂസിയം, രാഷ്ട്രപതി ഭവനിലെ മുഗൾ ഗാർഡൻസ് തുടങ്ങിയവയെല്ലാം ഡൽഹിയിലെത്തുന്ന ടൂറിസ്റ്റുകളുടെ പ്രധാന കാഴ്ചകളാണ്.

ഡൽഹി നഗരത്തിൽ നിന്നും 203 കിലോമീറ്റർ അകലെയുള്ള ആഗ്രയിലെ താജ്മഹലും ആഗ്രയിലേയ്ക്കുള്ള യാത്രാമദ്ധ്യേകാണുന്ന മഥുരയും ഒക്കെ ഡൽഹിയുടെ ടൂറിസ്റ്റ് ഭൂപടത്തിൽ വലിയ പ്രാധാന്യം അർഹിക്കുന്നവയാണ്. താജ്മഹൽ ലോകപ്രശസ്തിയാർജിച്ച ടൂറിസ്റ്റ് കേന്ദ്രമാണെന്ന് എടുത്തെഴുതേണ്ടതില്ലല്ലോ. ഇന്ത്യയുടെ തലസ്ഥാന നഗരി അന്തർദേശീയ നിലവാരമുള്ള ഒരു മഹാനഗരമാണെന്ന് കണ്ടറിയുവാൻ ഏറ്റവും കുറഞ്ഞത് ഒരാഴ്ചക്കാലം നാമവിടെ താമസിക്കണം. താമസിച്ചാൽ പോരാ, രാവിലെ മുതൽ വൈകിട്ടുവരെ യാത്ര ചെയ്യണം. നൂറിലേറെ ടൂർ ഏജൻസികൾ ഈ നഗരത്തിലുണ്ട്. നഗരം ചുറ്റിക്കാണിച്ച് വൈകിട്ട് നിങ്ങളെ വീട്ടിലെത്തിക്കുന്ന അംഗീകൃത ടൂറിസ്റ്റ് ഏജൻസികളും നിരവധി. 25 രൂപ ടിക്കറ്റെടുത്താൽ ഒരു ദിവസം അതിരാവിലെ മുതൽ അർദ്ധരാത്രിവരെ ഡൽഹി നഗരത്തിലെ ഇഷ്ടമുള്ള ബസുകളിലെല്ലാം കയറി എങ്ങോട്ടൊക്കെ വേണമെങ്കിലും പോകാവുന്ന ക്രമീകരണവും ഉണ്ട്. ആയിരം എറണാകുളം ചേർത്തുവച്ചാലും അത് ഡൽഹിക്ക് അടുത്തുപോലും വരില്ല എന്നൊരല്പം അതിശയോക്തിയോടെ പറഞ്ഞാലും ആ പറച്ചിൽ സത്യമാണെന്ന് അനുഭവിച്ചറിയുവാൻ നമ്മുടെ രാജ്യത്തിന്റെ തലസ്ഥാന നഗരി നാമൊന്നുപോയിക്കണ്ട് അവിടുത്തെ വികസനം ഒന്നു വിലയിരുത്തേണ്ടതു തന്നെയാണ്.

കിലോമീറ്ററുകളോളം നീളമുള്ള നിരവധി ഫ്ളൈഓവറുകൾ ഡൽഹി നഗരത്തിലെല്ലായിടത്തും കാണാം. ഇവയിലൂടെ വണ്ടികൾ ഓടുകയല്ല ഒഴുകുകയാണ്. ഈ ഫ്ളൈഓവറുകളുടെ അടിയിലൂടെ പല ഭാഗത്തേയ്ക്കുമുള്ള റോഡുകളിലൂടെ നിറഞ്ഞ് വാഹനങ്ങൾ ഓടുന്നു.



ഫ്ളൈഓവറുകൾക്കു മുകളിലൂടെ ഓരോ 5 മിനിറ്റിലും ഓരോ വിമാനം പറന്നു പോകുന്നതു കാണാം. ലോകത്തിന്റെ ഓരോ ഭാഗത്തേയ്ക്കും പോകുന്ന യാത്ര ക്കാർ. എന്നാൽ ഒരു കാഴ്ചമാത്രം ഡൽ ഹിയിലില്ല. എറണാകുളത്തെ സുന്ദരിയാക്കുന്ന കടലിന്റെ കാഴ്ച. ഡൽഹിയിലുള്ളവർക്ക് കടലോ കായലോ വള്ളമോ ബോട്ടോ കപ്പലോ ഒന്നും കാണാൻ സാധിക്കില്ല. ആകെയുള്ളത് നഗരത്തിന്റെ ഒരറ്റത്തുകൂടി കടന്നുപോകുന്ന യമുനാ നദി മാത്രമാണ്. കേരളത്തിലെ 10 നദികൾ ചേർന്നാലുള്ള വ്യാപ്തിയോടെ ഈ വലിയ നദി നിറയെ മാലിന്യങ്ങളുമായി അങ്ങനെ ഒഴുകുന്നു. അതിലൊന്നു മുങ്ങി നിവർന്നാലുടൻ തന്നെ മയങ്ങിവീണു ചത്തുകൊള്ളുമെന്ന് ചിലർ തമാശയായി പറയാറുണ്ട്. അത്രയ്ക്കും അഴുക്കുകളോടെ യമുനയങ്ങനെ ഒഴുകുന്നു.

ഈ കാഴ്ചകളൊക്കെ പോയിക്കാണാൻ ഏറ്റവും നല്ല കാലാവസ്ഥയാണ് ഡൽഹിയിലെ ശൈത്യകാലം. ശൈത്യകാലമില്ലാത്ത കേരളത്തിൽ നിന്നുള്ളവർക്ക് ഇത് വ്യത്യസ്തമായ ഒരനുഭവം കൂടിയായിരിക്കും. കമ്പിളിത്തൊപ്പി, കമ്പിളികൊണ്ടുണ്ടാക്കിയ സോക്സ്, ഗ്ലൗസ്, നല്ല ചൂടു നൽകുന്ന വസ്ത്രങ്ങൾ പിന്നെ പറ്റുമെന്നുണ്ടെങ്കിൽ കണ്ണൊഴിച്ച് ബാക്കി മുഖമെല്ലാം മൂടുന്ന കമ്പിളികൊണ്ടുള്ള നല്ലൊരു മങ്കിക്യാപ്പ് ഇവയൊക്കെ കരുതി ശൈത്യകാലത്തെ നേരിൽ കാണാൻ, അനുഭവിച്ചറിയാനുള്ള മനസ്സും തണുപ്പു സഹിക്കാനുള്ള ശാരീരിക അവസ്ഥയും മുതൽക്കൂട്ടായിട്ടുണ്ടെങ്കിൽ ഡിസംബർ, ജനുവരി മാസങ്ങളിൽ ഡൽഹി ഒന്നു സന്ദർശിക്കുവാൻ തയ്യാറാകുക. ടൂറിസത്തിനു പറ്റിയ കാലമാണിത്. രാഷ്ട്രപതി ഭവനിലെ മുഗൾഗാർഡൻസ് എന്ന അതിമനോഹരമായ പൂന്തോട്ടം ഫെബ്രുവരി മാസത്തിലാണ് സന്ദർശകർക്കായി തുറന്നുകൊടുക്കുന്നത് എന്നതു കൂടി ഓർക്കുക.

ശൈത്യത്തിന്റെ മൂടാപ്പുമായി ശീതകാലം വടക്കേന്ത്യയിലെത്തിക്കഴിഞ്ഞു. വിന്റർ സീസൺ കേരളത്തിൽ രാവുകൾക്ക് കുളിർമ നൽകുമ്പോൾ ഭാരതത്തിന്റെ ഉത്തരഭാഗങ്ങളിൽ നട്ടുച്ചനേരം പോലും മഞ്ഞിന്റെ പുതപ്പ് അണിയുകയും കഠിനമായ ശീതാവസ്ഥ ജനങ്ങളുടെ ജീവിതത്തെ ഗണ്യമായി സ്വാധീനിക്കുകയും സാരമായി ബാധിക്കുകയും ചെയ്യുന്നു. പ്രകൃതിയുടെ വരദാനമായ ശൈത്യകാലം മഹാനഗരിയായ ന്യൂഡൽഹിയെ നാനാവിധ വർണഭംഗികളാൽ അലംകൃതമാക്കുന്നു. ■

(തുടരും)

*ലേഖകൻ ഡൽഹി സെൻട്രൽ മോനിറ്ററിംഗ് സർവീസിൽ ന്യൂസ് മോനിറ്ററായിരുന്നു. ഇപ്പോൾ ആകാശവാണി തിരുവനന്തപുരം നിലയത്തിൽ ന്യൂസ് എഡിറ്ററാണ്.*



# അമൃത
## കുടുംബശ്രീയുടെ പൂരക

കുടുംബശ്രീയുടെ ഒരു പ്രത്യേക പദ്ധതിയാണ് അമൃതം പൂരക പോഷകാഹാരം. അംഗൻവാടികളിലെ കുഞ്ഞുങ്ങൾക്കു നൽകാൻ സാമൂഹ്യക്ഷേമ വകുപ്പുമായി ചേർന്ന് ആവിഷ്കരിച്ച പരിപാടി പ്രതീക്ഷിച്ചതിൽ കൂടുതൽ വിജയമായിരിക്കുകയാണ്. കേരളത്തിന്റെ വിപണികളിൽ സ്ഥാനം പിടിച്ചുകഴിഞ്ഞ നിരവധി പോഷകാഹാര ടിൻഫുഡ് ബ്രാന്റുകളോട് കിടപിടിക്കുന്ന അമൃതം അതിന്റെ തനിമയും പരിശുദ്ധിയും കൊണ്ടാണ് മൽസരിച്ചു മുന്നേറുന്നത്.

ടെലിവിഷനിലൂടെയും പത്രങ്ങളിലൂടെയും ആകർഷകങ്ങളായ പരസ്യങ്ങളിലൂടെ വിവിധ ബഹുരാഷ്ട്ര കമ്പനികൾ വ്യത്യസ്ത ഉത്പ്പന്നങ്ങൾ നമ്മെ പരിചയപ്പെടുത്തുന്നുണ്ടെങ്കിലും സാധാരണക്കാർക്ക് താങ്ങാൻ കഴിയുന്ന വിലയല്ലല്ലോ അവയ്ക്കൊന്നും. ഹോർലിക്സ് ബോയിയും കോംപ്ലാൻ ബോയിയും ആകാൻ സമ്പന്ന കുടുംബങ്ങളിലെ കുഞ്ഞുങ്ങൾക്കേ കഴിയാറുള്ളൂ. ഈ സാഹചര്യത്തിൽ പോഷകാഹാരമില്ലായ്മ കാരണം കേരളത്തിലെ കുഞ്ഞുങ്ങളുടെ ആരോഗ്യം ക്ഷയിക്കുന്നുണ്ടെന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് അമൃതം പദ്ധതി തുടങ്ങാൻ കുടുംബശ്രീ മുന്നോട്ടുവന്നത്.

അമൃതം നമ്മുടെ നാട്ടിൽ എത്രമാത്രം ആവശ്യമാണെന്ന് അതിന്റെ ഉത്പാദന വിജയം തെളിയിക്കുന്നു. ഒരേതരം കൂട്ട് ഉപയോഗിച്ച് കേരളത്തിലെ 383 യൂണിറ്റുകൾ അമൃതം ഉത്പാദിപ്പിക്കുന്നു. ഒരേ ഗുണനിലവാരം ഉറപ്പുവരുത്തിക്കൊണ്ടും പരിശുദ്ധിയും തനിമയും ഉറപ്പുവരുത്തിക്കൊണ്ടുമാണ് അമൃതത്തിന്റെ ഉല്പാദനം. സംസ്ഥാനത്തൊട്ടാകെയുള്ള അമൃതം യൂണിറ്റുകൾ ഉല്പാദിപ്പിക്കുന്ന അമൃതം അംഗൻവാടിയിലെ കുട്ടികൾക്ക് വിതരണം ചെയ്യുകയാണ്. ഒരുമാസം ശരാശരി 100 ടൺ അമൃതം ഇന്ന് ഉത്പാദിപ്പിക്കുന്നുണ്ട്. മായം കലരാത്ത പൂർണ്ണമായും പോഷകസമ്പുഷ്ടമായ അമൃതം പൊതുവിപണിയിലും ലഭ്യമായിത്തുടങ്ങിയിട്ടുണ്ട്.

കുടുംബശ്രീയുടെ മാസച്ചന്തകളിൽ അമൃതം ധാരാളമായി വിറ്റഴിക്കപ്പെടുന്നു. പാലിലോ ചൂടുവെള്ളത്തിലോ കലക്കി കുടിക്കാവുന്ന അമൃതം പ്രായമായവർക്കും ഉപയോഗിക്കാനാകും. ഗോതമ്പ്, പാൽപ്പൊടി, സോയാബിൻ, പഞ്ചസാര, കപ്പലണ്ടി തുടങ്ങിയ സാധനങ്ങൾ നിശ്ചിത അളവിൽ ഉപയോഗിച്ചിരിക്കുന്നതിനാൽ പോഷകമൂല്യവും ഉയർന്നുനിൽക്കുന്നു. ഉണക്കാനും പൊടിക്കാനും അരിക്കാനുമൊക്കെ മെഷീനുകളും യൂണിറ്റുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് അടിസ്ഥാന സൗകര്യമൊരുക്കിക്കൊണ്ട് ക്ലസ്റ്റർ സംവിധാനത്തിലാണ് മിക്കയിടങ്ങളിലും അമൃതം ന്യൂട്രിമിക്സ് യൂണിറ്റുകളുടെ ഉല്പാദനം. പ്രാദേശിക സർക്കാരുമായുള്ള ഇഴബന്ധം അമൃതത്തിന്റെ വളർച്ചയ്ക്ക് സഹായകമായി. സാമൂഹ്യക്ഷേമവകുപ്പുമായുള്ള ധാരണ പ്രകാരം ഉല്പാദനമാരംഭിച്ചതുകൊണ്ട് മാർക്കറ്റിങ്ങിനെക്കുറിച്ച് തലപുകയ്ക്കേണ്ട കാര്യം ഈ യൂണിറ്റുകൾക്ക് നേരിടേണ്ടിവന്നില്ല.



ജെസി നാരായണൻ

## പോഷകാഹാരം

വൻവ്യവസായികൾ പുറത്തിറക്കുന്ന പോഷകാഹാര ബ്രാന്റുകളിൽ സമ്പന്നർ കണ്ണുവയ്ക്കുമ്പോൾ സാധാരണക്കാർക്കു വേണ്ടി കുടുംബശ്രീയുടെ അമൃതം ഉണ്ട് എന്നത് ഓർമ്മിക്കണം.

### അമൃതം എയിഡ്സ് രോഗികൾക്കും

അംഗൻവാടി കുട്ടികൾക്കായി കുടുംബശ്രീ യൂണിറ്റുകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്ന 'അമൃതം' പോഷകാഹാരം സംസ്ഥാനത്തെ എയ്ഡ്സ് രോഗികൾക്കും എച്ച് ഐ വി പോസിറ്റീവ് ആയവർക്കും നൽകാൻ ധാരണയായി. ഇതനുസരിച്ച് 1400 സ്ത്രീകൾക്കും കുട്ടികൾക്കും ഇപ്പോൾ അമൃതം ലഭിക്കുന്നുണ്ട്. പ്രതിമാസം ശരാശരി 3700 കിലോ അമൃതം ഇത്തരത്തിൽ വിതരണം ചെയ്തുവരുന്നു. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ മെഡിക്കൽ കോളേജ് ആശുപത്രികളിലെയും പാലക്കാട്ടെ ജില്ലാ ആശുപത്രിയിലെയും ART (ഉഷസ്) സെന്ററുകൾ വഴിയാണിപ്പോൾ വിതരണം നടത്തുന്നത്.■

*ലേഖിക കുടുംബശ്രീ മിഷനിൽ അസിസ്റ്റന്റ് എഡിറ്ററാണ്.*





# തൃത്താല ബ്ലോക്ക് പഞ്ചായത്തിന്റെ മരവും വീടും

കുഞ്ഞുങ്ങളുടെ ചിന്തയിൽ മരവും പ്രകൃതിയും നിറയ്ക്കുവാനുള്ള ശ്രമങ്ങളുടെ ഭാഗമായി തൃത്താല ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ മരവും വീടും പദ്ധതി ശ്രദ്ധേയമാകുന്നു. ജനകീയാസൂത്രണ പദ്ധതി രണ്ടാംഘട്ടത്തിന്റെ ഭാഗമായാണ് 2009-10 വർഷത്തിൽ മരവും വീടും പദ്ധതി നടപ്പിലാക്കിയത്.

ബ്ലോക്കതിർത്തിയിലുള്ള അങ്കണവാടികളിലൂടെയാണ് ഏറെ ശ്രദ്ധേയമായ പ്രവർത്തനം സംഘടിപ്പിച്ചത്. അങ്കണവാടികളിലുള്ള ഒരു വിദ്യാർത്ഥിക്ക് ഒരു മരം എന്ന കണക്കിൽ പതിനായിരം തൈകളാണ് ബ്ലോക്ക് പഞ്ചായത്ത് വിതരണം ചെയ്തത്. കുട്ടികൾ തങ്ങളുടെ വീട്ടുമുറ്റത്താണ് ഓരോ തൈയും നട്ട് പരിപാലിക്കുന്നത്.

കുട്ടികളിൽ ചെറുപ്പം മുതൽ മണ്ണിനോടും മരങ്ങളോടും അടുപ്പം വളർത്തുക എന്ന സുവർണ്ണ ലക്ഷ്യമാണ് പദ്ധതിക്കുള്ളത്. ഔഷധസസ്യങ്ങളും ഫലവൃക്ഷങ്ങളുമെല്ലാം ഉൾപ്പെടുന്ന പതിനായിരം തൈകൾ ഭാവിയിൽ തീർക്കുന്ന വനസമ്പത്തും ഇതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങളുമെല്ലാം തന്നെ വനവൽക്കരണത്തിന്റെ അനന്തസാധ്യതകളാണ് തുറന്നിട്ടുള്ളത്. നിറഞ്ഞ മനസ്സോടെയാണ് അങ്കണവാടി പ്രവർത്തകരും നാട്ടുകാരും രക്ഷിതാക്കളും ഈ പദ്ധതി ഏറ്റെടുത്തത്. മരം ഒരു വരമെന്ന ആപ്തവാക്യത്തിന്റെ അനുകർത്താക്കൾ ഏറിവരുന്ന സാഹചര്യത്തിൽ വെട്ടിമുറിച്ചു മാറ്റുന്ന മരങ്ങൾക്കു പകരം പുതുതൈകൾ വെച്ചു പിടിപ്പിക്കണമെന്ന സന്ദേശവും ഈ പദ്ധതി ഉയർത്തിവിടുന്നു.■

*തയ്യാറാക്കിയത് : എം.കെ. പ്രദീപ്, വൈസ്പ്രസിഡന്റ്, തൃത്തല ബ്ലോക്ക് പഞ്ചായത്ത്.*



*തൃത്താല ബ്ലോക്ക് പഞ്ചായത്തിന്റെ മരവും വീടും പദ്ധതി പാലക്കാട് ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ടി.കെ. നാരായണദാസ് ഉദ്ഘാടനം ചെയ്യുന്നു.*

# വാർത്തകളും വിശേഷങ്ങളും

## 2009 – ലെ നിർമ്മൽ ഗ്രാമ പുരസ്കാരം: കേരളത്തിന് വൻ നേട്ടം

## നിർമ്മൽ ഗ്രാമ പുരസ്കാര ജേതാക്കളെ ആദരിച്ചു

2008 ൽ നിർമ്മൽ ഗ്രാമ പുരസ്കാരം ലഭിച്ച തൃശൂർ, കണ്ണൂർ, കോഴിക്കോട്, വയനാട് ജില്ലാ പഞ്ചായത്തുകളേയും തിരുവനന്തപുരം ജില്ലയിൽ അവാർഡ് ലഭിച്ച 51 ഗ്രാമ പഞ്ചായത്തുകളേയും 5 ബ്ലോക്ക് പഞ്ചായത്തുകളേയും ശുചിത്വമിഷന്റെ ആഭിമുഖ്യത്തിൽ സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ആദരിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആനാവൂർ നാഗപ്പൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങ് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി ഉദ്ഘാടനം ചെയ്തു. പുരസ്കാര ജേതാക്കളെ മെമെന്റോ നൽകി അദ്ദേഹം ആദരിച്ചു. തുടർന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എസ്.എം. വിജയാനന്ദ് മുഖ്യപ്രഭാഷണം നടത്തി. തൃശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അമ്പാടി വേണു, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് അംഗം ആനാട് ജയൻ, കല്ലിയൂർ ശ്രീധരൻ, ജി. വാമദേവൻ എന്നിവർ ആശംസകൾ അർപ്പിച്ചു. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.ആർ. അജയകുമാർ വർമ്മ സ്വാഗതവും എ. സ്റ്റാൻലി നന്ദിയും പ്രകാശിപ്പിച്ചു.



*തൃശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അമ്പാടി വേണു തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടിയിൽ നിന്നും പുരസ്കാരം ഏറ്റുവാങ്ങുന്നു.*

## മികച്ച ഗ്രാമ – ജില്ലാ പഞ്ചയാത്തുകൾ: അപേക്ഷ ക്ഷണിച്ചു

2007–08 വർഷത്തെ മികച്ച ഗ്രാമപഞ്ചായത്തുകളെയും ജില്ലാ പഞ്ചയാത്തുകളെയും തെരഞ്ഞെടുക്കുന്നതിനുള്ള അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന പഞ്ചായത്ത് ഡറക്ടർക്ക് 30.11.09 വരെ നൽകാം. അപേക്ഷാഫാറം www.lsg.kerala.gov.in എന്ന വെബ്സൈറ്റിലും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസുകളിലും ലഭ്യമാണ്.


## തലശ്ശേരി: ആദ്യ സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ ബ്ലോക്ക്



ഇന്ത്യയിൽ ആദ്യമായി സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം കൈവരിച്ച ബ്ലോക്ക് എന്ന ബഹുമതിക്ക് തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് അർഹമായി. കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ബ്ലോക്കിലെ 9 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് നടപ്പിലാക്കിയതാണ് പദ്ധതി. സർവ്വെയിലൂടെ കണ്ടെത്തിയ പതിനെട്ടിനും, അറുപതിനും ഇടയിൽ പ്രായമുള്ള 4–ാം തരം വിദ്യാഭ്യാസം ലഭിക്കാത്ത മുഴുവൻ പേരെയും പാഠശാലകളിൽ എത്തിച്ചതിൽ പരീക്ഷ എഴുതിയ 896 പേരിൽ 822 പേരും സംസ്ഥാന സാക്ഷരതാ മിഷൻ നടത്തിയ തുല്യതാ പരീക്ഷയിൽ വിജയം കൈവരിച്ചു. 2009 സെപ്തംബർ 29–ാം തീയതി തലശ്ശേരിയിൽ നടന്ന ചടങ്ങിൽ കേരള ആഭ്യന്തര ടൂറിസം വകുപ്പ് മന്ത്രി കോടിയേരി ബാലകൃഷ്ണൻ തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിനെ ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടിയ ബ്ലോക്കായി പ്രഖ്യാപിച്ചു.

Edited and Published by K.R. Muraleedharan IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram.




ഗ്രാമ നഗര ഭരണത്തിന്റെ
നേർക്കാഴ്ചകളുമായി

# പഞ്ചായത്ത് രാജ്

- ലേഖനങ്ങൾ
- മാതൃകകൾ
- അനുഭവങ്ങൾ
- ഫീച്ചറുകൾ
- അവലോകനങ്ങൾ
- വാർത്തകൾ

## വായിക്കുക വരിക്കാരാകുക

### പരസ്യ നിരക്ക്

| | | തുക (രൂപയിൽ) |
|---|---|---|
| കവർ (അവസാനപുറം) കളർ | : | 12000/- |
| കവർ (ഉൾവശം) കളർ | : | 10000/- |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | : | 8000/- |
| മറ്റു പേജുകൾ (കളർ) | : | 8000/- |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | : | 6000/- |
| അര പേജ് (കളർ) | : | 5000/- |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | : | 3000/- |

**വാർഷിക വരിസംഖ്യ : 120 രൂപ**

ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം:
എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033